VOL NO: 03 | ISSUE 47

# നേർപഥം

വാരിക

www.nerpatham.com | mail@nerpatham.com

2019 NOVEMBER 23 | ₹12

### കൃതജ്ഞതയുള്ളവനാണ് സത്യവിശ്വാസി

എണ്ണിയാലൊടുങ്ങാത്ത അനുഗ്രഹങ്ങൾ ആസ്വദിച്ചുകൊണ്ടാണ് മനുഷ്യരെല്ലാം ഈ ലോകത്ത് ജീവിച്ചുകൊണ്ടിരിക്കുന്നത്. നാം ജനിക്കുന്നതിനു മുമ്പുതന്നെ ജീവിക്കാനാവശ്യമായ രൂപത്തിൽ ഭൂമിയെ സംവിധാനിച്ചത്, അന്തരീക്ഷം സൃഷ്ടിച്ചത്, സൂര്യനെ ഭൂമിയിൽനിന്ന് കൃത്യമായ അകലത്തിൽ നിലനിർത്തിയത്, വായുവും വെള്ളവും ഒരുക്കിയത്... ഗർഭാശയത്തിൽ നമ്മെ ഘട്ടംഘട്ടമായി വളർത്തിയത്. ഇതെല്ലാം കനിഞ്ഞേകിയ സ്രഷ്ടാവിനെ ഓർക്കലും അവന് നന്ദികാണിക്കലും ഓരോ വ്യക്തിയുടെയും ബാധ്യതയാണ്.

# അയോധ്യാ വിധി: അകവും പുറവും



ഇന്ത്യൻ ജുഡീഷ്യറിയുടെ ചരിത്രത്തിൽ ഏറ്റവുമധികം ചർച്ച ചെയ്ത അയോധ്യ കേസിലെ വിധി പുറത്തു വന്നിരിക്കുകയാണ്. കക്ഷികളുടെ ജയ പരാജയങ്ങൾക്കപ്പുറത്ത് മതേതരഭാരതത്തിന് വിധി നൽകുന്ന സന്ദേശമെന്താണ്? നീതിയും സമാധാനവും ഉറപ്പു വരുത്തുന്നതിൽ സുപ്രീം കോടതി വിധി എത്രത്തോളം വിജയിച്ചിട്ടുണ്ട്? നിഷ്പക്ഷമായ അവലോകനം.

|| പ്രബോധനത്തിലെ യുക്തിദീക്ഷ: പ്രവാചകന്റെ നിലപാടുകൾ

|| ഫുട്ബോൾ മീറ്റിംഗും കുട്ടികൾ സമൂഹത്തിന് നൽകുന്ന സന്ദേശവും

WISDOM BOOKS

PUBLISHING || DISTRIBUTION

Wisdom Books | E.K.P Building | Calicut

Web: www.wisdomislam.org | Email: publication@wisdomislam.org

Tel: 0495 4019437

# വിപണിയിൽ...




## പുതിയ പുസ്തകങ്ങൾ

| | |
|---|---|
| 1. പ്രകാശം പരത്തിയ പ്രവാചകന്മാർ, ഭാഗം: 2 | ഹുസൈൻ സലഫി / ₹ 120 |
| 2. സംസ്കാരം, സമൂഹം, സദാചാരം: സമകാലിക വായന | സുഫ്‌യാൻ അബ്ദുസ്സലാം / ₹ 180 |
| 3. ദേശം, ദേശീയത, വിശ്വാസം: മുസ്‌ലിമിന് പറയാനുള്ളത് | പി.വി.എ പ്രിംറോസ് / ₹ 90 |
| 4. വാടാമലരുകൾ (കുട്ടിക്കവിതകൾ) | ഉസ്മാൻ പാലക്കാഴി / ₹ 80 |
| 5. പൂമരത്തണൽ (ഗുണപാഠ കഥകൾ) | റാഷിദ ബിൻത് ഉസ്മാൻ / ₹ 100 |
| 6. തേൻതുള്ളികൾ (സാരോപദേശ കഥകൾ) | ഉസ്മാൻ പാലക്കാഴി / ₹ 100 |

നേർപഥം
വാരിക
0149 / 2019 നവംബർ 23 / 1441 റബീഉൽ അവ്വൽ 26 / പുസ്തകം 3 / ലക്കം 47



# അയോധ്യാ വിധി: അകവും പുറവും

സുഫ്‌യാൻ അബ്ദുസ്സലാം / 10


**മുഖമൊഴി**

കൃതജ്ഞതയുള്ളവനാണ് സത്യവിശ്വാസി / 05
എഡിറ്റർ

**ലേഖനം**

പ്രബോധനത്തിലെ യുക്തിദീക്ഷ: പ്രവാചകന്റെ നിലപാടുകൾ / 07
അബ്ബാസ് ചെറുതുരുത്തി

ക്വുർആനിനെക്കുറിച്ച് ക്വുർആനിൽ പറയുന്നത് / 21
അബ്ദുൽ ജബ്ബാർ അബ്ദുല്ല

ഫുട്ബോൾ മീറ്റിംഗും കുട്ടികൾ സമൂഹത്തിന് നൽകുന്ന സന്ദേശവും / 30
നബീൽ പയ്യോളി

**ക്വുർആൻ ദർശനം**

ഹാക്വ (യഥാർഥ സംഭവം) / 16
അബ്ദുറഹ്മാൻ നാസിർ അസ്സഅദി

**കവിത**

വെളിച്ചത്തിലേക്ക്... / 18
ഷറീന തയ്യിൽ, എടത്തനാട്ടുകര

**വനിതാപഥം**

മതത്തെ ജീവിതത്തിൽ പ്രതിഫലിപ്പിക്കുക / 19
ജംഷീന കൽപറ്റ

**ഹദീസ് പാഠം**

ആരാണ് മഹത്ത്വമുള്ളവർ? / 26
അബൂതൻവീൽ

**കൂട്ടായ്മ**

സംഘാടകന്റെ സാമ്പത്തിക സുതാര്യത / 27
ടി.കെ അശ്‌റഫ്

**കാഴ്ച**

വിയർപ്പിനെ വെറുക്കുന്നവർ / 34
ഇബ്നു അലി എടത്തനാട്ടുകര


Printed, published and owned by K. Sajjad | Printed at Sprint Offset Printers | Kozhikode
Published at Kozhikode | 673002 | Editor: Usman Palakkazhi | Chief Editor: Anil Primrose
Web Editor: Haseeb Elayur | Design, Cover & Layout: Elan Creativo
Nerpatham Weekly | PB No: 597 | EKP Complex | Kallai Road | Kozhikkode 2 | Kerala | India | Ph: 0495 4019437
mail@nerpatham.com | www.nerpatham.com | Facebook: www.facebook.com/nerpatham weekly

## വായനക്കാർ എഴുതുന്നു



### എന്റെ പ്രവാചകൻ!

മുമ്പെങ്ങും മദീന ഇങ്ങനെ കാത്തിരുന്നിട്ടില്ല. സ്വുബ്ഹി നമസ്‌കാരാനന്തരം മദീനാ പട്ടണത്തിന്റെ അതിർത്തിയിൽ വെയിലിന്റെ ചൂടേൽക്കുവോളം അവർ കാത്തിരിക്കും. വെയിൽ അധികമാകുമ്പോൾ അവർ വീടുകളിലേക്ക് മടങ്ങും. പിറ്റേ ദിവസവും അവർ അതേ നിൽപ്പ് തുടരും. ആ കാത്തിരിപ്പ് മറ്റാരെയുമായിരുന്നില്ല; തങ്ങളുടെ അയൽക്കാരായ യഹൂദികൾ പ്രതീക്ഷിച്ച പ്രവാചകനെ. ആഭ്യന്തര യുദ്ധങ്ങളും പരസ്പര പോരാട്ടങ്ങളും കാരണം ശിഥിലമായ തങ്ങളുടെ സമുദായത്തെ ഐക്യപ്പെടുത്തിയ പുണ്യ റസൂലിനെ... സ്വല്ലല്ലാഹു അലൈഹി വസല്ലം!

അന്ധകാരത്തിന്റെയും അധഃപതനത്തിന്റെയും പാരമ്യത്തിൽ നിന്നിരുന്ന അറേബ്യയിൽ ക്വുറൈശി പ്രമുഖനായ അബ്ദുൽ മുത്ത്വലിബിന്റെ പത്ത് മക്കളിൽ അഞ്ചാമനായ അബ്ദുല്ലയുടെയും ബനൂ സുഹ്‌റാ ഗോത്ര നേതാവായ വഹബിന്റെ മകൾ ആമിനയുടെയും മകനായാണ് പ്രവാചകൻﷺ ജനിക്കുന്നത്. ഗർഭകാലത്ത് തന്നെ പിതാവിനെയും ആറു വയസ്സായപ്പോൾ മാതാവിനെയും എട്ടു വയസ്സായപ്പോൾ പിതാമഹാനെയും നഷ്ടപ്പെട്ട പ്രവാചകൻﷺ കടുപ്പവും കയ്പേറിയതുമായ അനാഥത്വത്തിൽ പിതൃവ്യനായ അബൂത്വാലിബിനൊപ്പമാണ് വളർന്നത്. സത്യസന്ധനും സൽസ്വഭാവിയും വിശ്വസ്തനുമായ അദ്ദേഹത്തെ മക്കക്കാർ 'അൽഅമീൻ' എന്നു വിളിച്ചു.

തന്റെ 25ാമത്തെ വയസ്സിൽ ഖദീജﷺയെ വിവാഹം കഴിച്ച അദ്ദേഹത്തിന് 40ാമത്തെ വയസ്സിലാണ് താൻ ധ്യാനനിരതനായി ഇരിക്കാറുള്ള ഹിറാ ഗുഹയിൽ വെച്ച് ദൈവിക സന്ദേശം ലഭിക്കുന്നത്. രഹസ്യവും പരസ്യവുമായ, പിന്നീടുള്ള മക്കാപ്രബോധന കാലഘട്ടത്തിൽ കൊടിയ പീഡനത്തിന് വിധേയനായ അവിടുന്ന് അല്ലാഹുവിന്റെ കൽപനപ്രകാരം മദീനയിലേക്ക് ഹിജ്‌റ പോകുകയായിരുന്നു. അദ്ദേഹത്തിന് മുമ്പ് വന്ന മുഴുവൻ മുസ്‌ലിംകളെയും നന്നായി സ്വീകരിച്ച അൻസ്വാരികൾ റസൂലിന്റെﷺ വരവും പ്രതീക്ഷിച്ചിരിക്കുകയായിരുന്നു.

അന്നും അവർ വെയിൽ കനക്കുവോളം കാത്തിരുന്നു. പിന്നീട് നിരാശരായി വീടുകളിലേക്ക് മടങ്ങി. അതിനു ശേഷമാണ് റസൂൽﷺ അബൂബക്കറുﷺമൊത്ത് മദീനയിലേക്ക് കടന്നു വരുന്നത്. അത് ആദ്യമായി കണ്ടത് ഒരു യഹൂദിയായിരുന്നു. അയാളത് ഉച്ചത്തിൽ വിളിച്ചുപറഞ്ഞു. ഇത് കേട്ടതോടെ വീടുകളിൽ നിന്നിറങ്ങി വന്ന അൻസ്വാരികൾ ഈന്തപ്പനയുടെ തണലിൽ നിൽക്കുന്ന തിരുദൂതരെയും അബൂബക്കറിനെയും കണ്ടു. അതുവരെ അദ്ദേഹത്തെ കാണാത്തവർ ആകാംഷയോടെ ഇരുവരെയും നോക്കി. അത് മനസ്സിലാക്കിയ അബൂബക്കർﷺ ഒരു പുതപ്പെടുത്ത് റസൂലിന്റെﷺ തലക്കുമീതെ തണലൊരുക്കി. അങ്ങനെ അവർ റസൂലിനെ തിരിച്ചറിഞ്ഞു. ആദരപൂർവം അവർ അപേക്ഷിച്ചു: 'തിരുദൂതരേ, വരിക. അങ്ങ് സർവവിധത്തിലും സുരക്ഷിതനാണ്. അങ്ങയുടെ സർവ കൽപനകളും പാലിക്കപ്പെടുന്നതാണ്.'

അവർ മുന്നോട്ട് നീങ്ങി. സ്ത്രീകൾ മട്ടുപ്പാവുകളിൽ നിന്ന് അവരെ നോക്കിക്കണ്ടു. മദീന മുഴുവൻ അദ്ദേഹത്തെ സ്വീകരിക്കാനൊരുങ്ങി. അൻസ്വാരികൾ ഇത്രയധികം സന്തോഷിച്ച ദിനം ഉണ്ടായിട്ടില്ല. അത്രത്തോളം പ്രഭാപൂരിതമായ മറ്റൊരു ദിവസം മദീനയിൽ ഉണ്ടായിട്ടുമില്ല.

പിന്നീടുള്ള ജീവിതം സംഭവബഹുലമായിരുന്നു. അന്ധകാരത്തിലായിരുന്ന അറേബ്യയെ സാംസ്‌കാരിക ഉന്നതിയിൽ എത്തിച്ചതിനു ശേഷമാണ് അദ്ദേഹം വിട പറഞ്ഞത്. ഒരു സാമ്രാജ്യം മുഴുവൻ കാൽക്കീഴിൽ ആയിട്ടും വിനയവും കാരുണ്യവും കൈമോശം വന്നില്ല റസൂലിന്. തന്നെ കൊടിയ പീഡനത്തിരയാക്കിയ ക്വുറൈശികൾക്ക് മക്കാ വിജയനാളിൽ അദ്ദേഹം മാപ്പു നൽകിയത് ചരിത്രത്തിൽ തുല്യതയില്ലാത്ത സംഭവമാണ്.

അതെ, സമുന്നതനും സൽസ്വഭാവിയുമായ, ജീവിതവിശുദ്ധിയും സൂക്ഷ്മതതയും ഉന്നത ചിന്തകളും സഹനവും വിട്ടുവീഴ്ചയും വിനയവും ധീരതയും ലജ്ജയും അലിവും കാരുണ്യവും സ്നേഹവും മേളിച്ച, ജീവിതത്തിലെ സകല മേഖലകളിലും വഴികാട്ടിയായ മാനവരിൽ മഹോന്നതനാണ് എന്റെ പ്രവാചകൻ.

'ലോകർക്ക് കാരുണ്യമായിക്കൊണ്ടല്ലാതെ നിന്നെ നാം അയച്ചിട്ടില്ല.' (വിശുദ്ധ ഖുർആൻ 21:107)

**-അഫ്താബ് കണ്ണഞ്ചേരി**

മുഖമൊഴി

# കൃതജ്ഞതയുള്ളവനാണ് സത്യവിശ്വാസി

എണ്ണിയാലൊടുങ്ങാത്ത അനുഗ്രഹങ്ങൾ ആസ്വദിച്ചുകൊണ്ടാണ് മനുഷ്യരെല്ലാം ഈ ലോകത്ത് ജീവിച്ചുകൊണ്ടിരിക്കുന്നത്. നാം ജനിക്കുന്നതിനു മുമ്പുതന്നെ ജീവിക്കാനാവശ്യമായ രൂപത്തിൽ ഭൂമിയെ സംവിധാനിച്ചത്, അന്തരീക്ഷം സൃഷ്ടിച്ചത്, സൂര്യനെ ഭൂമിയിൽനിന്ന് കൃത്യമായ അകലത്തിൽ നിലനിർത്തിയത്, വായുവും വെള്ളവും ഒരുക്കിയത്... ഗർഭാശയത്തിൽ നമ്മെ ഘട്ടംഘട്ടമായി വളർത്തിയത്. പിറന്നപ്പോഴേക്കും വിശപ്പകറ്റാൻ മുലപ്പാൽ സംവിധാനിച്ചത്, കേൾക്കാനും കാണാനും ചിന്തിക്കാനും കഴിവു നൽകിയത്...?

ഇതെല്ലാം കനിഞ്ഞേകിയ സ്രഷ്ടാവിനെ ഓർക്കലും അവന് നന്ദികാണിക്കലും ഓരോ വ്യക്തിയുടെയും ബാധ്യതയാണ്. അല്ലാഹു പറയുന്നു: “ആകയാൽ എന്നെ നിങ്ങൾ ഓർക്കുക; നിങ്ങളെ ഞാനും ഓർക്കുന്നതാണ്. എന്നോട്നിങ്ങൾ നന്ദികാണിക്കുക; നിങ്ങളെന്നോട് നന്ദികേട് കാണിക്കരുത്” (ക്വുർആൻ 2:152).

അനുഗ്രഹങ്ങളെ അല്ലാഹു നിർദേശിച്ച രൂപത്തിൽ വിനിയോഗിച്ചു കൊണ്ടായിരിക്കണം നാം കൃതജ്ഞത പ്രകാശിപ്പിക്കേണ്ടത്. നബിﷺ ഇക്കാര്യം കൃത്യമായി ശ്രദ്ധിച്ചിരുന്നതായി ഹദീഥുകളിൽ കാണാം. ആഇശ(റ)യിൽ നിന്ന് നിവേദനം: നബിﷺ തന്റെ ഇരുപാദങ്ങളിലും നീരുകെട്ടുമാറ് രാത്രി നിന്ന് നമസ്കരിച്ചിരുന്നു. ഞാൻ ചോദിച്ചു: ‘പ്രവാചകരേ, അങ്ങയുടെ കഴിഞ്ഞതും വരാനിരിക്കുന്നതുമായ പാപങ്ങളെല്ലാം മാപ്പ് ചെയ്തിരിക്കെ അങ്ങെന്തിന് ഇപ്രകാരം പ്രവർത്തിക്കണം?’ നബിﷺ പറഞ്ഞു: ‘ഞാനൊരു നന്ദിയുള്ള അടിമയാകേണ്ടേ?” (ബുഖാരി, മുസ്‌ലിം).

അനുഗ്രഹങ്ങൾക്ക് നന്ദികാണിച്ചാലുള്ള ഗുണവും നന്ദികേട് കാണിച്ചാലുള്ള ദോഷവും അവനവന് തന്നെയെന്ന് അല്ലാഹു മനുഷ്യരെ ഉണർത്തുന്നുണ്ട് “...വല്ലവനും നന്ദികാണിക്കുന്ന പക്ഷം തന്റെ ഗുണത്തിനായിട്ട് തന്നെയാകുന്നു അവൻ നന്ദികാണിക്കുന്നത്. വല്ലവനും നന്ദികേട് കാണിക്കുന്ന പക്ഷം തീർച്ചയായും എന്റെ രക്ഷിതാവ് പരാശ്രയമുക്തനും ഉൽകൃഷ്ടനുമാകുന്നു” (27:40).

അനുഗ്രഹങ്ങൾ ഏറെ ആസ്വദിച്ച് ജീവിക്കുമ്പോഴും മനുഷ്യരിൽ ഭൂരിപക്ഷവും നന്ദികാണിക്കുന്നില്ല. “...നിങ്ങൾ നന്ദിപൂർവം പ്രവർത്തിക്കുക. തികഞ്ഞ നന്ദിയുള്ളവർ എന്റെ ദാസൻമാരിൽ അപൂർവമത്രെ”(34:13).

മനുഷ്യരുടെ നന്ദികേടിന്റെ ആഴമെത്രയെന്ന് സുന്ദരമായ ഒരു ഉപമയിലൂടെ അല്ലാഹു വിശദീകരിക്കുന്നത് ക്വുർആനിൽ നമുക്ക് കാണാം. തനിക്ക് ഭക്ഷണവും വെള്ളവും നൽകുന്ന യജമാനനോടുള്ള നന്ദിസൂചകമായി യജമാനൻ പറയുന്നത് കുതിര അനുസരിക്കുന്നു. യുദ്ധക്കളത്തിലേക്ക് കുതിച്ചുപായുന്നു. എന്നാൽ മനുഷ്യർ അനേകം അനുഗ്രങ്ങൾ നൽകിയ അല്ലാഹുവിനോട് നന്ദി കാണിക്കുവാൻ തയ്യാറാവുന്നില്ല. അല്ലാഹു പറയുന്നു:

“കിതച്ചു കൊണ്ട് ഓടുന്നവയും, അങ്ങനെ (കുളമ്പ് കല്ലിൽ) ഉരസി തീപ്പൊരി പറപ്പിക്കുന്നവയും, എന്നിട്ട് പ്രഭാതത്തിൽ ആക്രമണം നടത്തുന്നവയും, അന്നേരത്ത് പൊടിപടലം ഇളക്കിവിട്ടവയും അതിലൂടെ (ശത്രു) സംഘത്തിന്റെ നടുവിൽ പ്രവേശിച്ചവയും (കുതിരകൾ) തന്നെ സത്യം. തീർച്ചയായും മനുഷ്യൻ തന്റെ രക്ഷിതാവിനോട് നന്ദികെട്ടവൻ തന്നെ” (ക്വുർആൻ 100:1-6).

സ്രഷ്ടാവിനോട് നന്ദി കാണിച്ചാൽ അവൻ അനുഗ്രഹങ്ങൾ വർധിപ്പിച്ചു തരും: “നിങ്ങൾ നന്ദി കാണിച്ചാൽ തീർച്ചയായും ഞാൻ നിങ്ങൾക്ക് അനുഗ്രഹം വർധിപ്പിച്ച് തരുന്നതാണ്. എന്നാൽ നിങ്ങൾ നന്ദികേട് കാണിക്കുകയാണെങ്കിൽ തീർച്ചയായും എന്റെ ശിക്ഷ കഠിനമായിരിക്കും” (14:7).

സ്രഷ്ടാവിനോട് കൃതജ്ഞത കാണിക്കുക. അവൻ നൽകിയ അനുഗ്രഹങ്ങൾ നമ്മിൽനിന്ന് തിരിച്ചെടുക്കാൻ വിചാരിച്ചാൽ നമ്മൾ നിസ്സഹായരായിരിക്കുമെന്ന് അറിയുക.

അബ്ബാസ് ചെറുതുരുത്തി
cmabbascm@gmail.com

ലേഖനം



# പ്രബോധനത്തിലെ യുക്തിദീക്ഷ: പ്രവാചകന്റെ നിലപാടുകൾ

മുഹമ്മദ് നബിﷺ അന്തിമദൂതനാണ്. മാനവരാശിക്ക് വഴികാട്ടാൻ ഇനി മറ്റൊരു പ്രവാചകൻ വരാനില്ല. വിശുദ്ധ ക്വുർആൻ ആ പ്രവാചകനിലൂടെ അല്ലാഹു മാനവർക്കേകിയ അന്തിമവേദവുമാണ്. ലോകർക്കാകമാനം മാതൃകയായ നബിﷺ അല്ലാഹുവിലേക്ക് തന്റെ ജനതയെ ക്ഷണിച്ചത് യുക്തിദീക്ഷ(ഹിക്മത്ത്)യോടെയായിരുന്നു. ഓരോ പ്രബോധകനും തന്റെ പ്രബോധന രംഗത്ത് ഹിക്മത്ത് പ്രയോഗവത്കരിക്കൽ അനിവാര്യമാണ്. കാരണം, പ്രവാചകന്റെ നടപടിക്രമം അപ്രകാരമായിരുന്നു. അത് പിന്തുടരാനാണ് ഓരോ വിശ്വാസിയും കൽപിക്കപ്പെട്ടിരിക്കുന്നത്.

“തീർച്ചയായും നിങ്ങൾക്ക് അല്ലാഹുവിന്റെ ദൂതനിൽ ഉത്തമമായ മാതൃകയുണ്ട്. അതായത് അല്ലാഹുവെയും അന്ത്യദിനത്തെയും പ്രതീക്ഷിച്ചുകൊണ്ടിരിക്കുകയും അല്ലാഹുവെ ധാരാളമായി ഓർമിക്കുകയും ചെയ്തുവരുന്നവർക്ക്”(അൽഅഹ്സാബ്: 21).

ഈ ലേഖനത്തിൽ നാം ചർച്ച ചെയ്യുന്നത് ഹിജ്റക്ക് മുമ്പും ശേഷവുമുള്ള പ്രവാചകന്റെ നിലപാടുകളാണ്.

## രഹസ്യപ്രബോധന മേഖലയിൽ പ്രവാചകന്റെ നിലപാടുകൾ

കഅ്ബയുടെ സേവകരും അതോടൊപ്പം വിഗ്രഹാരാധകരുമായിരുന്ന അറബികളുടെ മതകേന്ദ്രമായിരുന്നു മക്ക എന്നത് അറിയപ്പെട്ട കാര്യമാണ്. ഇങ്ങനെയുള്ളൊരു സ്ഥലത്തെ വിശ്വാസ വിമലീകരണം കഠിനവും ശ്രമകരവും ആയിരിക്കും എന്നതിൽ സംശയമില്ല. ഇത്തരം സന്ദർഭങ്ങളിൽ ദൃഢവും ശക്തവുമായ തീരുമാനങ്ങൾ എടുക്കാൻ, പ്രയാസങ്ങളിലോ ബുദ്ധിമുട്ടുകളിലോ പതറാതിരിക്കുന്നവർക്കേ സാധിക്കൂ എന്നതിൽ സംശയമില്ല. മാത്രമല്ല, ഇത്തരം സന്ദർഭങ്ങളെ കൃത്യമായി കൈകാര്യം ചെയ്യാൻ യുക്തിദീക്ഷയുള്ളവർക്കേ സാധ്യമാകൂ. അപ്പോൾ മാത്രമെ പ്രബോധനം വിജയിക്കൂ. എല്ലാ ഹിക്മത്തും അനുഗ്രഹവും ഏറ്റവും വലിയ യുക്തിമാനായ ലോകരക്ഷിതാവിൽ നിന്നാണ്. അല്ലാഹു പറഞ്ഞു:

“താൻ ഉദ്ദേശിക്കുന്നവർക്ക് അല്ലാഹു (യഥാർഥ) ജ്ഞാനം നൽകുന്നു. ഏതൊരുവന് (യഥാർഥ) ജ്ഞാനം നൽകപ്പെടുന്നുവോ അവന്ന് (അതുവഴി) അത്യധികം നേട്ടമാണ് നൽകപ്പെടുന്നത്. എന്നാൽ ബുദ്ധിശാലികൾ മാത്രമെ ശ്രദ്ധിച്ച് മനസ്സിലാക്കുകയുള്ളൂ”(അൽബക്വറ: 269).

അല്ലാഹു നൽകുമെന്ന് പറഞ്ഞ ഹിക്മത്ത് കൊണ്ടാണ് പ്രവാചകൻﷺ രഹസ്യമായി ഇസ്‌ലാമിക പ്രബോധനം ആരംഭിച്ചത്. ശിർക്കും കുഫ്‌റും നിറഞ്ഞാടിയ നാട്ടിൽ പ്രബോധനം നടത്താൻ അല്ലാഹുവിൽ നിന്ന് കൽപനയുണ്ടായി.

“ഹേ, പുതച്ച് മൂടിയവനേ, എഴുന്നേറ്റ് (ജനങ്ങളെ) താക്കീതു ചെയ്യുക. നിന്റെ രക്ഷിതാവിനെ മഹത്ത്വപ്പെടുത്തുകയും നിന്റെ വസ്ത്രങ്ങൾ ശുദ്ധിയാക്കുകയും പാപം വെടിയുകയും ചെയ്യുക. കൂടുതൽ നേട്ടം കൊതിച്ചുകൊണ്ട് നീ ഔദാര്യം ചെയ്യരുത്. നിന്റെ രക്ഷിതാവിനുവേണ്ടി നീ ക്ഷമ കൈകൊള്ളുക”(അൽമുദ്ദസ്സിർ: 1-7).

പ്രവാചകൻﷺ തന്റെ പ്രബോധനം തുടങ്ങിയത് ജനങ്ങളിൽ തന്നോട് ഏറ്റവും അടുത്തവരെയുംതന്റെ കുടുംബത്തിൽ പെട്ടവരെയും കൂട്ടുകാരെയും രഹസ്യമായി ക്ഷണിച്ചുകൊണ്ടാണ്. അവരിൽ സത്യം മനസ്സിലാക്കുകയും അത് സ്വീകരിക്കുകയും ചെയ്തവരുണ്ട്. സത്യത്തിലും നന്മയിലും ഒരുമിച്ചവരുണ്ട്. ഇസ്‌ലാമിക ചരിത്രത്തിൽ അവർ നന്മയിൽ മുൻകടന്നവർ എന്ന് അറിയപ്പെട്ടു. അവരിൽ ആദ്യമായി ഇസ്‌ലാം സ്വീകരിച്ചത് പ്രവാചക പത്നി ഖദീജ‍ؓയും പിന്നെ അലിയ്യുബ്നു അബീത്വാലിബുംؓ പ്രവാചകന്റെ ദത്തുപുത്രനായ സൈദ്ബ്നു ഹാരിസുംؓ പ്രവാചക സുഹൃത്തായ അബൂബക്കർ സ്വിദ്ദീക്വുംؓ ആയിരുന്നു.

അബൂബക്കർ സ്വിദ്ദീക്വ്ؓ തനിക്ക് സത്യമത സന്ദേശം ലഭിച്ചപ്പോൾ വളരെ ഊർജസ്വലനായിക്കൊണ്ട് പ്രബോധന രംഗത്ത് സജീവമാകുകയും അതിന്റെ നല്ല പ്രതിഫലനങ്ങൾ പ്രകടമാവുകയും ചെയ്തു. അദ്ദേഹത്തിന്റെ ശ്രമഫലമായി ഇസ്‌ലാമിലേക്ക് വന്ന പ്രമുഖരാണ് ഉസ്മാൻ ഇബ്നു അഫ്ഫാൻؓ, സുബൈർ ഇബ്നുൽ അവ്വാംؓ, അബ്ദുറഹ്മാൻ ഇബ്നു ഔഫ്ؓ, സഅ്ദ് ഇബ്നു അബീ വക്വാസ്ؓ, ത്വൽഹത്ത് ഇബ്നു ഉബൈദില്ലؓ എന്നിവർ.

മക്കയിൽ ഇസ്‌ലാം പതുക്കെ വ്യാപിച്ചു തുടങ്ങി. അതിനെക്കുറിച്ച് ജനങ്ങൾക്കിടയിൽ സംസാരമായി. അതേസമയം പ്രവാകൻﷺ രഹസ്യമായി ഇസ്‌ലാമിലേക്ക് വന്നവരെ ഒരുമിച്ച് കൂട്ടി അവർക്ക് അറിവ് പകർന്നുകൊടുക്കുകയും മാർഗനിർദേശം നൽകുകയും ചെയ്തു. രഹസ്യവും വ്യക്തികേന്ദ്രീകൃതവുമായ പ്രബോധനം തുടർന്നുകൊണ്ടിരുന്നു. സൂറഃ അൽമുദ്ദസ്സിറിലെ ആദ്യവചനങ്ങൾ ഇറങ്ങിയതിനു ശേഷം വഹ്‌യ്(ദിവ്യസന്ദേശം) ഇറങ്ങുന്നതിന് ശക്തിയാർജിച്ചു. എന്നാൽ, പ്രവാചകൻﷺ ക്വുറൈശി പൊതുസമൂഹത്തിൽ പ്രബോധനം പ്രകടമാക്കിയില്ല. ക്വുറൈശികളുടെ ജാഹിലിയ്യ കാല സമ്പ്രദായങ്ങളോടും ബിംബാരാധനയോടുമുള്ള അങ്ങേയറ്റത്തെ താൽപര്യം അദ്ദേഹത്തിന് അറിയാമായിരുന്നു.

മുസ്‌ലിംകളുടെ എണ്ണം നാൽപതോളം ആയപ്പോഴും പ്രബോധനം പരസ്യമായിരുന്നില്ല. കാരണം, പ്രവാചകന് അറിയാമായിരുന്നു നാൽപത് എന്നത് മതിയായ എണ്ണമായിരുന്നില്ല എന്നത്. അതേസമയം ഇസ്‌ലാം സ്വീകരിച്ചവരെ വിജ്ഞാനം നൽകുന്നതിനും ആവശ്യമായ മാർഗനിർദേശം നൽകുന്നതിനും ഒരുമിച്ചു കൂട്ടുക എന്നത് അത്യാവശ്യമായി വന്നു. ഇബ്നു അബിൽഅർക്വമിന്റെ ഭവനമാണ് അതിന് വേണ്ടി തിരഞ്ഞെടുക്കപ്പെട്ടത്. അങ്ങനെ ദാറുൽ അർക്വം ഇസ്‌ലാമിക പ്രബോധനത്തിന്റെ ആദ്യത്തെ കേന്ദ്രമായി മാറി. താമസിയാതെ തന്നെ കേന്ദ്രത്തിന്റെ ശാഖാ കേന്ദ്രങ്ങൾ ഉണ്ടായി. ചിലപ്പോഴെല്ലാം പ്രവാചകൻﷺ നേരിട്ടും മറ്റുചില സന്ദർഭങ്ങളിൽ പ്രവാചകൻ നിർദേശിക്കുന്നവരും അവിടങ്ങളിലേക്ക് പോകുകയായിരുന്നു പതിവ്. അത്തരം ശാഖാ കേന്ദ്രങ്ങൾക്ക് ഉദാ

ഹരണമാണ് സഈദ് ഇബ്നു സൈദ്ﷺവിന്റെ വീട്. എന്നാൽ ഏറ്റവും ശ്രദ്ധേയമായതും ഒളിവ് കാലത്തും ദുർബലതയുടെ കാലത്തും മുസ്‌ലിംകൾക്ക് സംരക്ഷണം നൽകുന്നതിൽ വിജയിച്ചതും ദാറുൽ അർക്വം ആയിരുന്നു. മൂന്ന് വർഷം ഇങ്ങനെ കഴിഞ്ഞുപോയി. പ്രബോധനം രഹസ്യവും വ്യക്തികേന്ദ്രീകൃതവുമായി തുടർന്നു. ഈയൊരു കാലയളവിനുള്ളിൽ അൽപമാത്രമായ വിശ്വാസികൾക്കിടയിൽ പരസ്പര സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും ബന്ധം രൂഢമൂലമായി.

പ്രവാചക പിതൃവ്യനായ ഹംസﷺയുടെയും മറ്റു പ്രമുഖരുടെയും ഇസ്‌ലാം മത സ്വീകരണത്തിന് ശേഷം വിശ്വാസികൾ കുറച്ച് കൂടി ശക്തരായി. ഉമറുബ്നുൽ ഖത്ത്വാബ്ﷺവിനെ പോലെയുള്ളവരെ കൊണ്ട് ഇസ്‌ലാമിക സംഘം ശക്തിപ്പെട്ടു. അല്ലാഹു പറഞ്ഞു:

“അതിനാൽ നീ കൽപിക്കപ്പെടുന്നതെന്തോ അത് ഉറക്കെ പ്രഖ്യാപിച്ചു കൊള്ളുക. ബഹുദൈവവാദികളിൽ നിന്ന് തിരിഞ്ഞുകളയുകയും ചെയ്യുക. അല്ലാഹുവോടൊപ്പം മറ്റു ദൈവത്തെ സ്ഥാപിക്കുന്നവരായ പരിഹാസക്കാരിൽ നിന്ന് നിന്നെ സംരക്ഷിക്കാൻ തീർച്ചയായും നാം മതിയായിരിക്കുന്നു. അവർ (പിന്നീട്) അറിഞ്ഞുകൊള്ളും” (അൽഹിജ്ർ: 94-96).

**കഅ്ബയുടെ സേവകരും അതോടൊപ്പം വിഗ്രഹാരാധകരുമായിരുന്ന അറബികളുടെ മതകേന്ദ്രമായിരുന്നു മക്ക എന്നത് അറിയപ്പെട്ട കാര്യമാണ്. ഇങ്ങനെയുള്ളൊരു സ്ഥലത്തെ വിശ്വാസ വിമലീകരണം കഠിനവും ശ്രമകരവും ആയിരിക്കും എന്നതിൽ സംശയമില്ല. ഇത്തരം സന്ദർഭങ്ങളിൽ ദൃഢവും ശക്തവുമായ തീരുമാനങ്ങൾ എടുക്കാൻ, പ്രയാസങ്ങളിലോ ബുദ്ധിമുട്ടുകളിലോ പതറാതിരിക്കുന്നവർക്കേ സാധിക്കൂ എന്നതിൽ സംശയമില്ല. മാത്രമല്ല, ഇത്തരം സന്ദർഭങ്ങളെ കൃത്യമായി കൈകാര്യം ചെയ്യാൻ യുക്തിദീക്ഷയുള്ളവർക്കേ സാധ്യമാകൂ. അപ്പോൾ മാത്രമെ പ്രബോധനം വിജയിക്കൂ. എല്ലാ ഹിക്മത്തും അനുഗ്രഹവും ഏറ്റവും വലിയ യുക്തിമാനായ ലോകരക്ഷിതാവിൽ നിന്നാണ്.**

തികച്ചും യുക്തിദീക്ഷയോടുകൂടിയായിരുന്നു നബിﷺയുടെ പ്രബോധനം. അതുകൊണ്ടാണ് ജനങ്ങളെ എളുപ്പത്തിൽ സ്വാധീനിക്കാൻ അദ്ദേഹത്തിന് സാധിച്ചത്. പരസ്യപ്രബോധനത്തിന് അല്ലാഹു അനുമതി നൽകിയപ്പോൾ അതിന് മുന്നിട്ടിറങ്ങി. അതോടെ ഉപദ്രവങ്ങൾ ഏറെ നേരിടേണ്ടി വന്നു.

### മക്കയിലെ പരസ്യപ്രബോധനത്തിൽ പ്രവാചകന്റെ നിലപാടുകൾ

അല്ലാഹു നബിﷺയോട് തന്റെ അടുത്ത കുടുംബങ്ങൾക്ക് താക്കീത് നൽകാൻ കൽപിച്ചു.

“നിന്റെ അടുത്ത ബന്ധുക്കൾക്ക് നീ താക്കീത് നൽകുകയും നിന്നെ പിന്തുടർന്ന സത്യവിശ്വാസികൾക്ക് നിന്റെ ചിറക് താഴ്ത്തിക്കൊടുക്കുകയും ചെയ്യുക. ഇനി അവർ നിന്നെ അനുസരിക്കാതിരിക്കുന്ന പക്ഷം, നിങ്ങൾ പ്രവർത്തിക്കുന്നതിനൊന്നും ഞാൻ ഉത്തരവാദിയല്ലെന്ന് നീ പറഞ്ഞേക്കുക”(അശ്ശുഅറാഅ്: 214-216).

അല്ലാഹുവിന്റെ കൽപന പ്രവാചകൻﷺ നടപ്പിൽ വരുത്തി. ശിർക്കിന്റെ വിപാടനത്തിനും തൗഹീദിന്റെ സംസ്ഥാപനത്തിനും വേണ്ടി പ്രവാചകന് അല്ലാഹു നൽകിയതായ ഹിക്മത്ത് പ്രയോഗിച്ച് കൊണ്ട് തന്റെ കുടുംബത്തെ മുഴുവൻ താക്കീത് ചെയ്തു. അതിന് വേണ്ടി പ്രവാചകൻﷺ എടുത്ത നടപടികൾ:

1. സ്വഫാ കുന്നിലേക്ക് കയറിക്കൊണ്ട് നബിﷺ തന്റെ ജനതയെ വിളിച്ചുവരുത്തി:

ഇബ്നു അബ്ബാസ്ﷺവിൽ നിന്ന് നിവേദനം: ‘നിന്റെ അടുത്ത ബന്ധുക്കൾക്ക് നീ താക്കീത് നൽകുകയും...’ എന്ന ആയത്ത് ഇറങ്ങിയപ്പോൾ പ്രവാചകൻﷺ സ്വഫാ കുന്നിലേക്ക് കയറുകയും എന്നിട്ട് വിളിച്ച് പറയുകയും ചെയ്തു: ‘അല്ലയോ ബനൂഫിഹ്ർ, ബനൂഅദിയ്യ്...’ അവരെല്ലാം ഒരുമിച്ച് കൂടി. നേരിട്ട് എത്തിച്ചേരാൻ കഴിയാത്തവർ പ്രതിനിധികളെ അയച്ചു. അബൂലഹബും ക്വുറൈശികളും വന്നു. പ്രവാചകൻﷺ അവരോടായി പറഞ്ഞു: ‘നിങ്ങളെ ആക്രമിക്കാൻ തയ്യാറായി ഒരു കുതിര സംഘം ഈ താഴ്‌വരയിൽ നിൽക്കുന്നുണ്ടെന്ന് ഞാൻ പറഞ്ഞാൽ നിങ്ങളുടെ അഭിപ്രായമെന്തായിരിക്കും? നിങ്ങൾ എന്നെ വിശ്വസിക്കുമോ?’ അവർ ഒന്നടങ്കം പറഞ്ഞു: ‘അതെ, ഞങ്ങൾ വിശ്വസിക്കും. നിന്നിൽ നിന്ന് ഞങ്ങൾ സത്യമല്ലാതെ കേട്ടിട്ടില്ല.’ നബിﷺ പറഞ്ഞു: ‘തീർച്ചയായും നിങ്ങൾക്ക് വരാനിരിക്കുന്ന ഭയാനകമായ ശിക്ഷയെക്കുറിച്ച് മുന്നറിയിപ്പ് തരാൻ വന്ന താക്കീതുകാരനാകുന്നു ഞാൻ.’ അപ്പോൾ അബൂലഹബ് പറഞ്ഞു: ‘നിനക്ക് നാശം! ഇതിനുവേണ്ടിയാണോ നീ ഞങ്ങളെ ഒരുമിച്ച് കൂട്ടിയത്?’ അപ്പോഴാണ്, ഈ അധ്യായം ഇറങ്ങിയത്: ‘അബൂലഹബിന്റെ ഇരുകൈകളും നശിച്ചിരിക്കുന്നു. അവൻ നാശമടയുകയും ചെയ്തിരിക്കുന്നു. അവന്റെ ധനമോ അവൻ സമ്പാദിച്ചുവെച്ചതോ അവന് ഉപകാരപ്പെട്ടില്ല.

തീ ജ്വാലകളുള്ള നരകാഗ്നിയിൽ അവൻ പ്രവേശിക്കുന്നതാണ്. വിറകു ചുമട്ടുകാരിയായ അവന്റെ ഭാര്യയും. അവളുടെ കഴുത്തിൽ ഈത്തപ്പന നാരുകൊണ്ടുള്ള ഒരു കയറുണ്ടായിരിക്കും"(അൽമസദ്: 1-5).

മറ്റൊരു റിപ്പോർട്ടിൽ അബൂഹുറയ്റ(റ) പറയുന്നു: "പ്രവാചകൻﷺ ഓരോ ഉപഗോത്രങ്ങളെയും പേരെടുത്ത് വിളിച്ചു. എന്നിട്ട് പറഞ്ഞു: 'നിങ്ങൾ സ്വയം നിങ്ങളുടെ ശരീരത്തെ നരകത്തിൽ നിന്നും രക്ഷിക്കുക.' പിന്നെ പറഞ്ഞു: 'ഓ, ഫാത്തിമാ! നീ നിന്റെ ശരീരത്തെ നരകത്തിൽ നിന്ന് കാത്തുരക്ഷിക്കുക. അല്ലാഹുവിന്റെ അടുക്കൽ നിനക്ക് വേണ്ടി യാതൊന്നും ഞാൻ ഉടമപ്പെടുത്തിയിട്ടില്ല."(ബുഖാരി, മുസ്‌ലിം).

അറബികൾക്ക് തങ്ങളുടെ കുടുംബത്തോടുള്ള അങ്ങേയറ്റത്തെ അടുപ്പം പ്രബോധന വിഷയത്തിൽ പ്രവാചകനെ സ്വാധീനിച്ചിട്ടില്ല എന്ന് ഇത് വ്യക്തമാക്കുന്നു. അല്ലാഹുവിൽ നിന്നുള്ള ദിവ്യസന്ദേശം ജനങ്ങളിലേക്ക് എത്തിക്കുകയും ബിംബാരാധന തെറ്റാണെന്ന് പറയുകയും സ്വർഗത്തോട് താൽപര്യം ഉണ്ടാക്കുകയും നരകത്തെക്കുറിച്ച് മുന്നറിയിപ്പ് നൽകുകയും ചെയ്തപ്പോൾ മക്കക്കാർക്ക് അത് ഉൾക്കൊള്ളാനായില്ല. അവർക്കത് അപരിചിതമായ ആശയമായിരുന്നു; ഏറെ വെറുപ്പുള്ളതും. അതിനാൽ എതിർപ്പിന്റെ വിഷയത്തിൽ അവർ കാർക്കശ്യം കാണിച്ചു. എന്നാൽ പ്രവാചകൻﷺ എതിർപ്പുകളെ വകവെക്കാതെ മുന്നോട്ടുപോയി. കാരണം അദ്ദേഹം അല്ലാഹുവിന്റെ റസൂലാണ്. അല്ലാഹുവിന്റെ സഹായത്തിൽ പ്രതീക്ഷയർപ്പിച്ച്, അവനിൽ ഭരമേൽപിച്ച് തന്റെ ദൗത്യം നിർവഹണത്തിൽ അദ്ദേഹം സജീവമായി.

നബിﷺ രാവും പകലും, രഹസ്യമായും പരസ്യമായും അല്ലാഹുവിലേക്കുള്ള ക്ഷണം തുടർന്നുകൊണ്ടേയിരുന്നു. ഒരാളുടെയും വിലക്കോ, ബഹിഷ്‌കരണ ഭീതിയോ, സമ്മർദമോ, ഭീഷണിയോ പ്രവാചകനെ അതിൽ നിന്നും തടഞ്ഞില്ല. ജനങ്ങൾ സമ്മേളിക്കുന്ന ചന്തകളിലും അങ്ങാടികളിലും കൂട്ടായ്മകളിലുമൊക്കെ എത്തിക്കൊണ്ട് എല്ലാവരെയും സത്യമതത്തിലേക്ക് ക്ഷണിച്ചു.

മക്കയിലെ ക്വുറൈശികളായ മുശ്‌രിക്കുകളിലെ പ്രമാണികൾ വാചികമായും കായികമായും അതിനെ നേരിടാൻ തയ്യാറായി. തങ്ങളുടെ ആരാധ്യരെ വിട്ടൊഴിയാനുള്ള ഉദ്ദേശമില്ലാത്തവരുടെ പ്രതിഷേധം മക്കയിൽ പൊട്ടിപ്പുറപ്പെട്ടു. പക്ഷേ, പ്രവാചകൻﷺ ഈ പ്രക്ഷോഭങ്ങൾകൊണ്ടൊന്നും പ്രബോധനം നിർത്തിയില്ല; ഇസ്‌ലാമിലേക്ക് പ്രവേശിച്ചവർക്ക് പ്രത്യേകമായ തർബിയ്യത്തും പരിഗണനയും നൽകുന്നത് ഉപേക്ഷിച്ചതുമില്ല. ക്വുറൈശികളുടെ കണ്ണിൽ പെടാത്ത വിദൂരത്തുള്ള വീടുകളിൽ മുസ്‌ലിംകളുമായി ഒരുമിച്ച് കൂടുകയും ഈ കൂട്ടായ്മയിൽ നിന്നും ഇസ്‌ലാമിക പ്രചാരണത്തിന് യോഗ്യരായ ധീരന്മാരെ വളർത്തിയെടുക്കുകയും ചെയ്തു. ഇത് മുഖേന ആദ്യകാല വിശ്വാസികൾക്ക് തങ്ങളുടെ വിശ്വാസത്തെ ശക്തിപ്പെടുത്താനും തങ്ങളുടെ രക്ഷിതാവിന് കീഴൊതുങ്ങി ജീവിക്കുവാനും നേതൃത്വത്തെ അനുസരിക്കുവാനും പ്രത്യേകമായൊരു ഭാഗ്യം സിദ്ധിക്കുകയുണ്ടായി. മതത്തോടും പ്രമാണങ്ങളോടും അവർക്ക് ഗാഢമായ ബന്ധവും വിധേയത്വവും ഉണ്ടായി. ഏത് പ്രതിസന്ധികളെയും പ്രതിരോധിക്കാനുള്ള മനക്കരുത്ത് നേടാനും സ്വജീവനെക്കാൾ റബ്ബിനെയും പ്രവാചകനെയും സ്‌നേഹിക്കാനും അവർക്ക് സാധിച്ചു.

യുക്തിഭദ്രമായ നിലപാടിനാൽ പ്രവാചകന് തന്നിൽ അർപ്പിതമായ ദൗത്യം ഭംഗിയായി നിർവഹിക്കുവാൻ സാധിച്ചു. അതിലൂടെ പ്രബോധനത്തിന്റെകൃത്യമായ മാർഗം എക്കാലത്തുമുള്ള പ്രബോധകർക്ക് വരച്ച് കാണിച്ചു. ആ മാർഗം പിന്തുടരലാണ് വിശ്വാസികളുടെ ബാധ്യത.

വലീദുബ്‌നു മുഗീറ, ആസ്വ്ബ്‌നു വാഇലുസ്സഹമി, അബൂജഹൽ, അബൂലഹബ്, നള്‌റുബ്‌നു ഹാരിസ്, ഉക്വ്ബത്ത്, ഉബയ്യുബ്‌നു ഖലഫ്, ഉമയ്യത്തുബ്‌നു ഖലഫ് എന്നിവരൊക്കെയായിരുന്നു പ്രവാചകനോടും വിശ്വാസികളോടും കഠിനമായ ശത്രുത പ്രകടിപ്പിച്ചിരുന്ന മുശ്‌രിക്കുകളുടെ നേതാക്കൾ. ഇവരാണ് പ്രവാചകനും മുസ്‌ലിംകൾക്കും കൂടുതൽ ഉപദ്രവം ഉണ്ടാക്കിയവർ. എന്നാൽ അവരെ തിരിച്ച് ഉപദ്രവിക്കുവാനോ കൊല്ലുവാനോ നബിﷺ അനുയായികളോട് കൽപിച്ചില്ല. സഹിക്കുവാനും ക്ഷമിക്കുവാനുമാണ് കൽപിച്ചത്. ഇസ്‌ലാമിന്റെ സഞ്ചാര പാത ദുർഘടമാക്കുന്നതിലേക്ക് നയിക്കാൻ സാധ്യതയുള്ള ഒന്നും നബിﷺ ചെയ്തില്ല. കാരണം, പ്രവാചകനെ നിയോഗിച്ചിട്ടുള്ളത് യുക്തിമാനായ അല്ലാഹുവാണ്.

അല്ലാഹുവിന്റെ മാർഗത്തിലേക്ക് ക്ഷണിക്കുന്ന മുഴുവൻ പ്രബോധകരും ഹിജ്‌റക്ക് മുമ്പും ഹിജ്‌റക്ക്‌ശേഷവുമുള്ള പ്രവാചകന്റെ പ്രബോധന രീതിശാസ്ത്രം മനസ്സിലാക്കി ആ മാർഗത്തിൽ പ്രബോധനം ചെയ്യൽ നിർബന്ധമാണ്. അതിൽനിന്ന് വ്യതിചലിച്ചുള്ള മാർഗം ഗുണം ചെയ്യില്ല. കാരണം ആ മാർഗം തികച്ചും യുക്തിദീക്ഷയിൽ അധിഷ്ഠിതമാണ്. ●

സുഫ്‌യാൻ അബ്ദുസ്സലാം
sufyanasalam@gmail.com

കവർ സ്റ്റോറി



# അയോധ്യാ വിധി: അകവും പുറവും

**ഇന്ത്യൻ ജുഡീഷ്യറിയുടെ ചരിത്രത്തിൽ ഏറ്റവുമധികം ചർച്ച ചെയ്ത അയോധ്യ കേസിലെ വിധി പുറത്തു വന്നിരിക്കുകയാണ്. കക്ഷികളുടെ ജയ പരാജയങ്ങൾക്കപ്പുറത്ത് മതേതര ഭാരതത്തിന് വിധി നൽകുന്ന സന്ദേശമെന്താണ്? നീതിയും സമാധാനവും ഉറപ്പു വരുത്തുന്നതിൽ സുപ്രീം കോടതി വിധി എത്രത്തോളം വിജയിച്ചിട്ടുണ്ട്? നിഷ്പക്ഷമായ അവലോകനം.**

ഇന്ത്യാ മഹാരാജ്യം പതിറ്റാണ്ടുകളോളം കാത്തിരുന്ന സുപ്രധാന വിധി പുറത്തുവന്നിരിക്കുന്നു. ബാബരി മസ്ജിദ് സ്ഥിതി ചെയ്തിരുന്ന സ്ഥലത്തിന്റെ അവകാശവുമായി ബന്ധപ്പെട്ട തർക്കത്തിൽ കോടതി തീർപ്പു കൽപിച്ചിരിക്കുകയാണ്. തകർക്കപ്പെട്ട ബാബരി മസ്ജിദിന് അത് നിലനിന്നിരുന്ന ഭൂമിയിൽ ഇനി സ്ഥാനമില്ലെന്നും മറ്റൊരു അഞ്ച് ഏക്കർ സ്ഥലം പള്ളിക്ക് വേണ്ടി സർക്കാർ നൽകണമെന്നും മസ്ജിദ് നിലനിന്നിരുന്ന സ്ഥലം പൂർണമായും ഒരു സർക്കാർ ട്രസ്റ്റിന് കൈമാറുകയും അവിടെ ഹൈന്ദവ ക്ഷേത്രം പണിയാൻ അനുവദിക്കുകയും ചെയ്യണമെന്നതാണ് വിധിയുടെ രത്നച്ചുരുക്കം. വിധിയെ വിശകലനം ചെയ്ത നിയമ വിശാരദന്മാരിൽ നിന്ന് തന്നെ വ്യത്യസ്ത നിരീക്ഷണങ്ങളും അഭിപ്രായങ്ങളും വന്നുകൊണ്ടിരിക്കുകയാണ്. വിധി വസ്തുതകളെ പ്രതിനിധാനം ചെയ്തു

കൊണ്ടല്ലെന്നും മറിച്ച് വിധിയെ തുടന്നുണ്ടായേക്കാവുന്ന സംഘർഷങ്ങളെ ഒഴിവാക്കുന്ന തരത്തിലുള്ള 'വിവേക'പൂർണമായ ഒരു ഒത്തുതീർപ്പ് മാത്രമാണെന്നുമാണ് അവരിൽ പലരുടെയും നിഗമനം. തകർക്കപ്പെട്ട ബാബരി മസ്ജിദ് അതേസ്ഥലത്ത് തന്നെ പുനഃസ്ഥാപിക്കുന്നതിന് വേണ്ടിയുള്ള വിധിന്യായം പ്രതീക്ഷിച്ച സംഘടനകൾ നിരാശരാണെങ്കിലും അവർ വളരെ സൂക്ഷിച്ചു മാത്രമാണ് അഭിപ്രായങ്ങൾ രേഖപ്പെടുത്തിക്കൊണ്ടിരിക്കുന്നത്. വിധിയെ തുടർന്ന് രാജ്യത്ത് ഒരിടത്തും സംഘർഷങ്ങൾ ഇതുവരെയും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല എന്നത് ആശ്വാസം നൽകുന്നു. രാജ്യത്തിന്റെ പരമോന്നത നീതിപീഠത്തോടുള്ള ആദരവും ബഹുമാനവും പൂർണമായും രേഖപ്പെടുത്തുകയും വിധിയോടുള്ള യോജിപ്പും വിയോജിപ്പും വിവേകത്തോടെ അവതരിപ്പിക്കുകയുമാണ് മുഖ്യധാരാ മുസ്‌ലിം സംഘടനകൾ ചെയ്തിട്ടുള്ളത്.

മസ്ജിദ് സ്ഥിതി ചെയ്തിരുന്ന സ്ഥലത്ത് ക്ഷേത്രം പണിയാൻ അനുവദിച്ചുകൊണ്ടുള്ള വിധിയാണ് അഞ്ചംഗ ഭരണഘടനാ ബെഞ്ച് പുറപ്പെടുവിച്ചതെങ്കിലും മുസ്‌ലിം വിഭാഗത്തിന്റെ അവകാശത്തെ തള്ളിക്കളയാൻ കോടതി തയ്യാറായില്ല എന്നത് വൈരുധ്യമായി നിയമജ്ഞർ ചൂണ്ടിക്കാണിക്കുന്നുണ്ട്. കേസിൽ പ്രധാനമായും നാല് കക്ഷികളാണുണ്ടായിരുന്നത്. അതിൽ മുസ്‌ലിം വിഭാഗത്തിൽ നിന്ന് ശിയാ വഖഫ് ബോർഡിന്റെയും ഹിന്ദു വിഭാഗത്തിൽ നിന്ന് നിർമോഹി അഖാഡയുടെയും സ്വകാര്യ അന്യായങ്ങൾ കോടതി തള്ളി. അതേസമയം സുന്നി വഖഫ് ബോർഡിന്റെയും രാം ലല്ലയുടെയും സ്വകാര്യ അന്യായങ്ങൾ കോടതി അംഗീകരിക്കുകയും ചെയ്തു. സുന്നി വഖഫ് ബോർഡിനും രാം ലല്ലയ്ക്കും തുല്യാവകാശമാണുള്ളത് എന്ന് ധ്വനിപ്പിക്കുന്ന വിധമാണ് വിധി വന്നിട്ടുള്ളത്. തർക്കഭൂമിയിൽ അവകാശം സ്ഥാപിക്കാൻ സുന്നി വഖഫ് ബോർഡിന് സാധിച്ചില്ലെന്ന് പറയുന്ന കോടതി അഞ്ചേക്കർ സ്ഥലം അവർക്ക് പുറത്ത് നൽകണമെന്ന് നിർദേശിച്ചത് വഴി തർക്കഭൂമിയിൽ അവർക്കുള്ള അവകാശത്തെ അംഗീകരിക്കുകയാണ് ചെയ്യുന്നത്. മുസ്‌ലിംകൾക്ക് നമസ്കാരം നിർവഹിക്കാൻ പ്രത്യേകമായ ഒരു സ്ഥലം തന്നെ വേണ്ടതില്ലെന്നും എന്നാൽ ശ്രീരാമന്റെ ജന്മസ്ഥാനം മാറ്റാൻ സാധ്യമല്ലാത്തത് കൊണ്ട് ക്ഷേത്രം അവിടെത്തന്നെ നിർമിക്കേണ്ടതുണ്ടെന്നുമുള്ള നിരീക്ഷണമാണ് കോടതി മുഖവിലക്കെടുത്തത് എന്നാണ് ചില നിയമവിദഗ്ധർ ചൂണ്ടിക്കാണിക്കുന്നത്.

കോടതിവിധിയെ പുറമെ നിന്ന് നിരീക്ഷിക്കുമ്പോൾ മതസൗഹാർദത്തിനും സാമുദായിക ഐക്യത്തിനും ഊന്നൽ നൽകുവാനാണ് കോടതി ശ്രമിച്ചതെന്ന് കാണാൻ സാധിക്കും. തർക്കഭൂമി തുല്യമായി വീതിച്ചു നൽകാനുള്ള അലഹബാദ് കോടതിയുടെ ഫോർമുല തള്ളിയ സുപ്രീംകോടതി പല ഘട്ടങ്ങളിലും പുറത്തുനിന്നുള്ള ഒത്തുതീർപ്പിനായി പരിശ്രമിച്ചിരുന്നു. പ്രശ്നം കോടതിക്ക് പുറത്ത് മധ്യസ്ഥതയിലൂടെ പരിഹരിക്കണമെന്ന നിർദേശം സുപ്രീം കോടതി ജസ്റ്റിസ് ജെ.എസ് കേഹാർ 2017ൽ മുന്നോട്ടു വെച്ചിരുന്നു. എന്നാൽ കക്ഷികളും വിവിധ സംഘടനകളും ആ നിർദേശം തള്ളിക്കളയുകയായിരുന്നു. വാദം പൂർത്തിയായ ശേഷം അന്തിമവിധി വരുന്നതിന് മുമ്പ് വീണ്ടും ഒരു മധ്യസ്ഥ ശ്രമം നടന്നതായി മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നു. വിധി പ്രസ്താവിച്ചാലുള്ള പ്രത്യാഘാതങ്ങൾ മുൻകൂട്ടി വിലയിരുത്തിയതുകൊണ്ടാവും വസ്തുതകളെയും ന്യായാന്യായങ്ങളെയും പരിഗണിക്കുന്നതിനപ്പുറം ഒരു ഒത്തുതീർപ്പ് ഫോർമുലയിലേക്ക് പോകുവാൻ കോടതിയെ പ്രേരിപ്പിച്ചത്. മുസ്‌ലിം സമുദായത്തെ പൂർണമായും കോടതി വിശ്വാസത്തിലെടുത്തുവെന്നു വേണം കരുതാൻ. രാജ്യത്ത് പതിറ്റാണ്ടുകളായി വർഗീയവും സാമുദാ



യികവുമായ സംഘർഷങ്ങൾക്കും കലാപങ്ങൾക്കും ഹേതുവായിരുന്ന ഒരു പ്രശ്നത്തിന് ഇതോടെ തിരശ്ശീല വീഴുമെന്നാണ് ചീഫ് ജസ്റ്റീസ് രഞ്ജൻ ഗൊഗോയിയുടെ നേതൃത്വത്തിലുള്ള ന്യായാധിപന്മാരുടെ പ്രതീക്ഷ.

കോടതി വിധി ഹിന്ദുക്കളെ ക്ഷേത്രം പണിയാൻ അനുവദിച്ചുവെന്നും വിധി പൂർണമായും ഹിന്ദുക്കൾക്ക് അനുകൂലമാണെന്നും വ്യാഖ്യാനിക്കുമ്പോഴും വിധി സംഘ്പരിവാർ ശക്തികൾക്കേറ്റ കനത്ത പ്രഹരം കൂടിയാണെന്ന് മനസ്സിലാക്കപ്പെടേണ്ടതുണ്ട്. 1992 ഡിസംബർ ആറിന് ബാബരി മസ്ജിദ് തകർത്ത സംഘപരിവാർ ശക്തികൾക്കെതിരെ ശക്തമായ ഭാഷയിലാണ് കോടതി പ്രതികരിച്ചത്. 1857 മുതൽ മുസ്‌ലിംകൾ അവിടെ ആരാധന നടത്തിയിരുന്നതായി കൃത്യമായ തെളിവുണ്ടെന്നും അതുകൊണ്ട് മുസ്‌ലിംകൾ ആരാധന നടത്തിയിരുന്നില്ലെന്ന വാദം അംഗീകരിക്കാൻ കഴിയില്ലെന്നും കോടതി പറഞ്ഞത് സംഘ്പരിവാറിനേറ്റ ശക്തമായ തിരിച്ചടിയാണ്. 1858ന് ശേഷം അകത്തെ മുറ്റം കൈവശംവച്ചതിനെ ചൊല്ലി പ്രശ്നങ്ങളുണ്ടായിട്ടും മുസ്‌ലിംകൾ പള്ളി ഉപേക്ഷിക്കുകയോ നമസ്കാരം നിർത്തിവയ്ക്കുകയോ ചെയ്തുവെന്ന സംഘപരിവാർ വാദവും കോടതി തള്ളിക്കളഞ്ഞു. എല്ലാ കാലങ്ങളിലും മുസ്‌ലിംകൾക്ക് അവിടെ ആരാധനാ സ്വാതന്ത്ര്യമുണ്ടായിരുന്നതായും കോടതി കണ്ടെത്തി. സ്വാതന്ത്ര്യത്തിനു ശേഷവും 1949 ഡിസംബർ 22/23 വരെ മുസ്‌ലിംകൾ അവിടെ ആരാധന നടത്തിയിട്ടുണ്ടെന്നും കോടതി നിരീക്ഷിച്ചു. പ്രസ്തുത ദിവസങ്ങളിൽ പുറത്തെ മുറ്റത്ത് താമസിക്കുകയും ആരാധനകൾ നിർവഹിക്കുകയും ചെയ്തിരുന്ന സന്യാസിമാർ അകത്തെ മുറ്റത്തേക്ക് നമസ്കരിക്കാൻ വരുന്ന മുസ്‌ലിംകളെ തടസ്സപ്പെടുത്തിയുരുന്നതായി 1949ലെ വഖഫ് ഇൻസ്പെക്ടർ രേഖപ്പെടുത്തിയ കാര്യം കോടതി പ്രത്യേകം പരാമർശിച്ചിട്ടുണ്ട്. മാത്രവുമല്ല, ആ ദിവസങ്ങളിൽ പള്ളിയുടെ നടുവിലെ താഴികക്കുടത്തിന് താഴെ 50-60 ആളുകൾ വിഗ്രഹങ്ങൾ സ്ഥാപിച്ചതും സ്ഥിരീകരിക്കപ്പെട്ടിട്ടുണ്ട്. നിയമാനുസൃതമല്ലാതെ നടന്ന ഇത്തരം പ്രവൃത്തികളാണ് പള്ളി നശിപ്പിക്കുന്നതിലേക്കും മുസ്‌ലിംകൾ പുറത്താക്കപ്പെടുന്നതിലേക്കും നയിച്ചതെന്നും സുപ്രീം കോടതിയുടെ വിധിന്യായത്തിൽ പറയുന്നു. ഡിസംബർ ആറിന് മസ്ജിദ് തകർത്തത് നിലവിലുണ്ടായിരുന്ന സ്റ്റാറ്റസ്കോയെയും കോടതിക്ക് നൽകിയ ഉറപ്പിനെയും അതിലംഘിച്ചുകൊണ്ടായിരുന്നു. മസ്ജിദ് തകർത്തതും ഇസ്‌ലാമിക സമുച്ചയം നശിപ്പിച്ചതും നിയമവാഴ്ചയുടെ കടുത്ത ലംഘനം തന്നെയാണെന്നും കോടതി വ്യക്തമാക്കിയത് ഇക്കാലമത്രയും വലിയ പുണ്യപ്രവൃത്തിയായി സംഘ്പരിവാറുകാർ കൊട്ടിഘോഷിച്ചിരുന്ന പ്രവർത്തനങ്ങൾക്കുള്ള തിരിച്ചടിയാണ്.

**പള്ളി തകർത്തതിനെ സുപ്രീം കോടതി വിധിയിലൂടെ ശക്തമായി അപലപിച്ചതോടെ പ്രസ്തുത കേസിന്റെ ബലം വർധിച്ചിരിക്കുകയാണ്. സി.ബി.ഐ അന്വേഷിക്കുന്ന ഈ കേസ് സുപ്രീംകോടതിയുടെ പരിഗണനയിലാണ്. മസ്ജിദ് തകർക്കലിന്റെ ബുദ്ധികേന്ദ്രങ്ങളായി പ്രവർത്തിച്ച എൽ.കെ. അദ്വാനി, മുരളി മനോഹർ ജോഷി, കല്യാൺ സിംഗ്, ഉമാഭാരതി എന്നിവർക്കെതിരെയുള്ള ഗൂഢാലോചന കേസ് 1993 ലാണ് സി.ബി.ഐ ഏറ്റെടുത്തത്. എന്നാൽ ചില സാങ്കേതിക കാരണങ്ങൾ പറഞ്ഞു നീട്ടിക്കൊണ്ടുപോവുകയും ഒടുവിൽ കേസ് അലഹബാദ് കോടതി റദ്ദാക്കുകയും ചെയ്തിരുന്നു. എന്നാൽ 2017 ഏപ്രിലിൽ സുപ്രീംകോടതി അലഹബാദ് കോടതിയുടെ നടപടി നിലനിൽക്കില്ലെന്ന് വ്യക്തമാക്കി. ഈ കേസിന്റെ വിചാരണ വളരെ പെട്ടെന്ന് തന്നെ പൂർത്തിയാക്കാനാണ് സുപ്രീംകോടതിയുടെ തീരുമാനം.**



പള്ളി തകർത്തതിനെ സുപ്രീം കോടതി ഈ വിധിയിലൂടെ ശക്തമായി അപലപിച്ചതോടെ പ്രസ്തുത കേസിന്റെ ബലം വർധിച്ചിരിക്കുകയാണ്. സി.ബി.ഐ അന്വേഷിക്കുന്ന ഈ കേസ് സുപ്രീംകോടതിയുടെ പരിഗണനയിലാണ്. മസ്ജിദ് തകർക്കലിന്റെ ബുദ്ധികേന്ദ്രങ്ങളായി പ്രവർത്തിച്ച എൽ.കെ. അദ്വാനി, മുരളി മനോഹർ ജോഷി, കല്യാൺ സിംഗ്, ഉമാഭാരതി എന്നിവർക്കെതിരെയുള്ള ഗൂഢാലോചന കേസ് 1993ലാണ് സി.ബി.ഐ ഏറ്റെടുത്തത്. എന്നാൽ ചില സാങ്കേതിക കാരണങ്ങൾ പറഞ്ഞു നീട്ടിക്കൊണ്ടു

**ബാബരി മസ്ജിദ് സ്ഥിതി ചെയ്തിരുന്ന സ്ഥലത്ത് ക്ഷേത്രാവശിഷ്ടങ്ങൾ ഉണ്ടായിരുന്നുവെന്നും അതുകൊണ്ടുതന്നെ പ്രസ്തുത സ്ഥലം ഹൈന്ദവക്ഷേത്രം നിർമിക്കാൻ നൽകണമെന്നുമുള്ള നിർദേശത്തിൽ പ്രത്യക്ഷത്തിൽ പൊരുത്തക്കേടുകളും അവ്യക്തതകളും വൈരുധ്യങ്ങളുമുണ്ട് എന്ന കാര്യം മുൻ ന്യായാധിപന്മാർ അടങ്ങുന്ന നിയമപണ്ഡിതരും സാമൂഹിക നിരീക്ഷകരും ചൂണ്ടിക്കാണിക്കുന്നു. ആർക്കിയോളജിക്കൽ റിപ്പോർട്ടിന്റെ വിശ്വാസ്യതയും ശാസ്ത്രീയതയും ഇന്ത്യയിലെ പ്രമുഖരായ ചരിത്രകാരന്മാരും പുരാവസ്തു വിദഗ്ധരും നേരത്തെ തള്ളിക്കളഞ്ഞിരുന്നുവെന്നതും ഇതിനോടൊപ്പം വായിക്കേണ്ടതാണ്. ചരിത്രകാരന്മാരായ കെ.എം ശ്രീമാലി, ഇർഫാൻ ഹബീബ്, ആർ.എസ് ശർമ, ഡി. മണ്ഡൽ, റോമില ഥാപ്പർ, കെ.എൻ പണിക്കർ, ആർ.സി തകരൻ, പുരാവസ്തു ഗവേഷകനായ പ്രൊഫ. സൂരജ് ബാൻ തുടങ്ങിയ പ്രമുഖരെല്ലാം റിപ്പോർട്ടിനെ നേരത്തെ തള്ളിയതാണ്. സുപ്രീം കോടതിയുടെ വിധിന്യായത്തിലും ഈ റിപ്പോർട്ടിനെ ആധാരമാക്കുന്നതിന്റെ നിയമപരമായ സാംഗത്യവും അംഗീകരിക്കുന്നില്ല.**




പോവുകയും ഒടുവിൽ കേസ് അലഹബാദ് കോടതി റദ്ദാക്കുകയും ചെയ്തിരുന്നു. എന്നാൽ 2017 ഏപ്രിലിൽ സുപ്രീംകോടതി അലഹബാദ് കോടതിയുടെ നടപടി നിലനിൽക്കില്ലെന്ന് വ്യക്തമാക്കി. ഈ കേസിന്റെ വിചാരണ വളരെ പെട്ടെന്ന് തന്നെ പൂർത്തിയാക്കാനാണ് സുപ്രീംകോടതിയുടെ തീരുമാനം.

2003ലെ ആർക്കിയോളജിക്കൽ സർവേ ഓഫ് ഇന്ത്യ(എ.എസ്.ഐ)യുടെ ഉൽഖനന റിപ്പോർട്ടിനെ ആധാരമാക്കിയാണ് നേരത്തെ അവിടെ ഹൈന്ദവ ക്ഷേത്രത്തിന്റെ അടയാളങ്ങൾ ഉണ്ടായിരുന്നുവെന്ന് അനുമാനിക്കാൻ കോടതി ശ്രമിച്ചിട്ടുള്ളത്. എന്നാൽ ഹൈന്ദവക്ഷേത്രം തകർത്താണ് ബാബരി മസ്ജിദ് പണിതതെന്ന് റിപ്പോർട്ടിൽ എവിടെയും പരാമർശമില്ല. ഇക്കാര്യം വിധിന്യായത്തിലും എഴുതിച്ചേർത്തിട്ടുണ്ട്. ആർക്കിയോളജിക്കൽ രേഖകൾ നിയമത്തിന്റെ മുമ്പിൽ തെളിവുകളല്ലെന്ന് വിധിന്യായത്തിൽ പറയുന്നുമുണ്ട്. (Finding of title cannot be based in law on the archaeological findings which have been arrived at by ASI). പന്ത്രണ്ടാം നൂറ്റാണ്ടിലെ അടയാളങ്ങളാണ് ആർക്കിയോളജിക്കൽ സർവെ കണ്ടെത്തിയതെന്നും അതിനും പള്ളി നിർമിച്ചതിനുമിടയിൽ നാല് നൂറ്റാണ്ടിന്റെ കാലദൈർഘ്യമുണ്ടെന്നും വിധിന്യായത്തിൽ പറയുന്നുണ്ട്. കണ്ടെത്തിയ അവശിഷ്ടങ്ങൾ ക്ഷേത്രത്തിന്റേത് തന്നെയാണെന്ന് സ്ഥിരീകരിക്കാനും ആർക്കിയോളജിക്കൽ വിഭാഗത്തിന് സാധിച്ചിട്ടില്ല. ഒരു ക്ഷേത്രം തകർത്തുകൊണ്ടല്ല പള്ളി നിർമിച്ചതെന്ന് സൂചിപ്പിക്കാനാണ് ഈ വിവരങ്ങൾ റിപ്പോർട്ടിൽ നൽകിയിട്ടുള്ളത്. ഇങ്ങനെയൊക്കെയായിരുന്നിട്ടും ബാബരി മസ്ജിദ് സ്ഥിതി ചെയ്തിരുന്ന സ്ഥലത്ത് ക്ഷേത്രാവശിഷ്ടങ്ങൾ ഉണ്ടായിരുന്നുവെന്നും അതുകൊണ്ടുതന്നെ പ്രസ്തുത സ്ഥലം ഹൈന്ദവക്ഷേത്രം നിർമിക്കാൻ നൽകണമെന്നുമുള്ള നിർദേശത്തിൽ പ്രത്യക്ഷത്തിൽ പൊരുത്തക്കേടുകളും അവ്യക്തതകളും വൈരുധ്യങ്ങളുമുണ്ട് എന്ന കാര്യം മുൻ ന്യായാധിപന്മാർ അടങ്ങുന്ന നിയമപണ്ഡിതരും സാമൂഹിക നിരീക്ഷകരും ചൂണ്ടിക്കാണിക്കുന്നു. ആർക്കിയോളജിക്കൽ റിപ്പോർട്ടിന്റെ വിശ്വാസ്യതയും ശാസ്ത്രീയതയും ഇന്ത്യയിലെ പ്രമുഖരായ ചരിത്രകാരന്മാരും പുരാവസ്തു വിദഗ്ധരും നേരത്തെ തള്ളിക്കളഞ്ഞിരുന്നുവെന്നതും ഇതിനോടൊപ്പം വായിക്കേണ്ടതാണ്. ചരിത്രകാരന്മാരായ കെ.എം ശ്രീമാലി, ഇർഫാൻ ഹബീബ്, ആർ.എസ് ശർമ, ഡി. മണ്ഡൽ, റോമില ഥാപ്പർ, കെ.എൻ പണിക്കർ, ആർ.സി തകരൻ, പുരാവസ്തു ഗവേഷകനായ പ്രൊഫ. സൂരജ് ബാൻ തുടങ്ങിയ പ്രമുഖരെല്ലാം റിപ്പോർട്ടിനെ നേരത്തെ തള്ളിയതാണ്. സുപ്രീം കോടതിയുടെ വിധിന്യായത്തിലും ഈ റിപ്പോർട്ടിനെ ആധാരമാക്കുന്നതിന്റെ നിയമപരമായ സാംഗത്യവും അംഗീകരിക്കുന്നില്ല. പിന്നെയെങ്ങനെ ഈ റിപ്പോർട്ടിനെ തന്നെ അടിസ്ഥാനമാക്കി

ഭൂമി ഒരു വിഭാഗത്തിന് വിട്ടുകൊടുക്കുന്നുവെന്ന ചോദ്യമാണ് അവരെല്ലാം ചോദിക്കുന്നത്.

2G സ്പെക്ട്രം അഴിമതിക്കേസിൽ വിധി പ്രസ്താവിച്ച സുപ്രീം കോടതി മുൻ ജഡ്ജി ജസ്റ്റിസ് അശോക് കുമാർ ഗാംഗുലി സുപ്രീം കോടതിയുടെ അയോധ്യ വിധിന്യായത്തെ പരസ്യമായി വിമർശിച്ച് രംഗത്തെത്തിയത് കൗതുകമുണർത്തുന്നു. വളരെക്കാലം ന്യൂനപക്ഷങ്ങൾ ആരാധിച്ചുവന്നിരുന്ന ഒരു മസ്ജിദ് തകർത്ത് അതിനു മീതെ ക്ഷേത്രം പണിയണമെന്ന് പറയുന്ന സുപ്രീം കോടതി വിധി എന്തുകൊണ്ടോ മനസ്സിൽ ഒരു വല്ലാത്ത അസ്വസ്ഥതയുണ്ടാക്കുന്നുവെന്ന് അദ്ദേഹം പറഞ്ഞു. "1949ൽ അവിടെ 'നമാസ്' നടന്നിട്ടുണ്ടെന്ന് കോടതി തന്നെ പറയുന്നു. നമ്മുടെ ഭരണഘടന സ്ഥാപിക്കപ്പെടുമ്പോൾ അതൊരു മുസ്‌ലിം ആരാധനാലയമായിരുന്നുവെന്നാണ് അത് സൂചിപ്പിക്കുന്നത്. നമസ്കാരം നടക്കുന്ന സ്ഥലങ്ങളെ പൊതുവെ മസ്ജിദുകളായാണ് പരിഗണിക്കപ്പെടുന്നത്. അതുകൊണ്ടുതന്നെ ന്യൂനപക്ഷ വിഭാഗങ്ങൾക്ക് ഭരണഘടന നൽകുന്ന അവകാശങ്ങളിൽ നിന്നുകൊണ്ട് തന്നെ ഇത് നേടിയെടുക്കപ്പെടേണ്ടതാണ്. ഭരണഘടനാ തത്ത്വങ്ങളുടെ അടിസ്ഥാനത്തിൽ വിധി നടത്താതിരുന്നാൽ ഒരു പാട് പള്ളികളും അമ്പലങ്ങളും ബുദ്ധവിഹാരങ്ങളും ക്രിസ്ത്യൻ പള്ളികളും ഇനിയും ഭാവിയിൽ തകർക്കപ്പെടും. പള്ളി അവിടെ ഉണ്ടായിരുന്നുവെന്ന് തെളിവുകൾ കൊണ്ട് സ്ഥിരീകരിക്കപ്പെട്ടാൽ താനായിരുന്നുവെങ്കിൽ അവിടെ പള്ളി പുനർനിർമിക്കാൻ പറയുമായിരുന്നു. അത് സ്ഥിരീകരിക്കപ്പെട്ടില്ലെങ്കിൽ അവിടെ പള്ളിയോ ക്ഷേത്രമോ അനുവദിക്കുമായിരുന്നില്ല. അവിടെ കോളേജോ സ്കൂളോ ആശുപത്രിയോ പണിയുമായിരുന്നു"- ജസ്റ്റിസ് ഗാംഗുലി പറഞ്ഞു.

കോടതി വിധി അംഗീകരിച്ച് പ്രശ്നങ്ങൾ അവസാനിപ്പിച്ച് സമാധാനപരമായ അന്തരീക്ഷം പുനഃസ്ഥാപിക്കുകയാണ് വേണ്ടതെന്ന ഉപദേശമാണ് കേരള ഹൈക്കോടതി മുൻ ജഡ്ജി ജസ്റ്റിസ് പി.കെ ശംസുദ്ദീൻ എല്ലാ വിഭാഗങ്ങൾക്കും നൽകിയത്. മുസ്‌ലിംകൾ അവകാശവാദങ്ങൾ ഉപേക്ഷിക്കുകയും ഹിന്ദുക്കൾക്ക് ക്ഷേത്രം നിർമിക്കാനുള്ള അവസരം നൽകുകയും പകരം മുസ്‌ലിംകൾക്ക് ഇന്ത്യൻ ഗവൺമെന്റ് മറ്റൊരു സ്ഥലത്ത് പള്ളി നിർമിക്കാനുള്ള ഭൂമി നൽകുകയും ഹൈന്ദവ സമൂഹം മുസ്‌ലിംകളുടെ മറ്റു പള്ളികൾക്കും ചരിത്ര സ്മാരകങ്ങൾക്കും മേലുള്ള അവകാശവാദം ഉപേക്ഷിക്കുകയും വേണമെന്ന് അദ്ദേഹം എട്ടു മാസങ്ങൾക്ക് മുമ്പ് എഴുതിയ ലേഖനത്തിൽ സൂചിപ്പിച്ചിരുന്നു.

ഇപ്പോഴത്തെ കോടതി വിധിയിലൂടെ ആർ.എസ്.എസ്സും സംഘ്പരിവാറും നോട്ടമിട്ടിരിക്കുന്ന മഥുര, കാശി തുടങ്ങിയ അനവധി പള്ളികൾ കൂടി മുസ്‌ലിംകൾ വിട്ടുകൊടുക്കേണ്ടി വരുമെന്ന ആശങ്ക സമൂഹത്തിൽ പടർന്നിട്ടുണ്ട്. എന്നാൽ സുപ്രീം കോടതിയുടെ വിധിന്യായത്തിൽ അത്തരം അവകാശവാദങ്ങൾക്ക് 1991ലെ ആരാധനാ സ്ഥലങ്ങളുടെ സംരക്ഷണ ബില്ലിന്റെ(Places of Worship Act) അടിസ്ഥാനത്തിൽ നിയമത്തിന്റെ പരിരക്ഷ ഇല്ലെന്നു സൂചിപ്പിച്ചത് ശ്രദ്ധേയമായ കാര്യമാണ്. 1947 ഓഗസ്റ്റ് 15നോ അതിനു ശേഷമോ ആരുടെ കൈവശമാണോ ഓരോ ആരാധനാലയങ്ങളുമുള്ളത് അത് അവർക്ക് മാത്രം അവകാശപ്പെട്ടതായിരിക്കുമെന്നും യാതൊരു കാരണവശാലും അത് മാറ്റം ചെയ്യപ്പെടാൻ പാടില്ലെന്നും ബിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. അതുകൊണ്ടു തന്നെ പുതിയ വിധി മറ്റുള്ള കേസുകളിൽ ഒരു കീഴ്



**ഇപ്പോഴത്തെ കോടതി വിധിയിലൂടെ ആർ.എസ്.എസ്സും സംഘ്പരിവാറും നോട്ടമിട്ടിരിക്കുന്ന മഥുര, കാശി തുടങ്ങിയ അനവധി പള്ളികൾ കൂടി മുസ്‌ലിംകൾ വിട്ടുകൊടുക്കേണ്ടി വരുമെന്ന ആശങ്ക സമൂഹത്തിൽ പടർന്നിട്ടുണ്ട്. എന്നാൽ സുപ്രീം കോടതിയുടെ വിധിന്യായത്തിൽ അത്തരം അവകാശവാദങ്ങൾക്ക് 1991ലെ ആരാധനാ സ്ഥലങ്ങളുടെ സംരക്ഷണ ബില്ലിന്റെ അടിസ്ഥാനത്തിൽ നിയമത്തിന്റെ പരിരക്ഷ ഇല്ലെന്നു സൂചിപ്പിച്ചത് ശ്രദ്ധേയമായ കാര്യമാണ്. പുതിയ വിധി മറ്റുള്ള കേസുകളിൽ ഒരു കീഴ്വഴക്കമായി അംഗീകരിക്കപ്പെടില്ലെന്ന സൂചന സുപ്രീംകോടതി തന്നെ നൽകിക്കഴിഞ്ഞു. 1991ൽ പാർലമെന്റ് പാസാക്കിയ ആരാധനാലയ സംരക്ഷണ ബില്ലിന്റെ ബുദ്ധികേന്ദ്രം മുസ്‌ലിം ലീഗ് നേതാവും പ്രമുഖ പാർലമെന്റേറിയനുമായിരുന്ന ഗുലാം മഹ്മൂദ് ബനാത്ത്‌വാലയായിരുന്നു.**

**രാജ്യത്തെ മുഴുവൻ ഭ്രാന്താലയമാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്ന ഹിന്ദുത്വ ഫാസിസ്റ്റ് സംഘങ്ങൾ രാജ്യം ചുട്ടു ചാമ്പലാക്കാൻ ശ്രമിക്കുമെന്നതിനാൽ വിധി പുറപ്പെടുവിക്കുന്നതിൽ സൂക്ഷ്മതയും അവധാനതയും വേണ്ടതുണ്ടെന്ന ധാരണ ജുഡീഷ്യറിയിൽ പ്രകടമായിരുന്നു. അതുകൊണ്ടുതന്നെയായിരുന്നു കോടതിയ്ക്ക് പുറത്ത് പ്രശ്നം ഒത്തുതീർക്കാനുള്ള ശ്രമങ്ങൾ നടന്നത്. ശാന്തിയും സമാധാനവും പോലെ തന്നെ സത്യവും നീതിയും പുലരേണ്ടതുണ്ടെന്ന കാര്യം വിസ്മരിക്കാൻ പാടുള്ളതല്ല. 'സത്യമേവ ജയതേ' എന്ന ആപ്തവാക്യം സുപ്രീം കോടതിയിൽ വലിയ അക്ഷരങ്ങളിൽ എഴുതിവെച്ചിരുന്നു. സത്യവും നീതിയുമാണ് ജയിക്കേണ്ടത്. അങ്ങനെ വിധിക്കാനാണ് ന്യായാധിപന്മാർ ശ്രമിക്കേണ്ടത് എന്ന കാര്യം അവിതർക്കിതമാണ്. സത്യത്തിന്റെയും ന്യായത്തിന്റെയും പേരിൽ പ്രഖ്യാപിക്കപ്പെട്ട കോടതി വിധികൾ നടപ്പാക്കാനുള്ള ചുമതല സർക്കാരുകൾക്കുണ്ട്. ആവശ്യമായ കരുത്തും കരുതലും അവർ ആർജിക്കുകയാണ് വേണ്ടത്. ഇല്ലെങ്കിൽ രാജ്യം വലിയ അപകടാവസ്ഥയിലേക്കായിരിക്കും കൂപ്പുകുത്തുക.**

വഴക്കമായി അംഗീകരിക്കപ്പെടില്ലെന്ന സൂചന സുപ്രീംകോടതി തന്നെ നൽകിക്കഴിഞ്ഞു. 1991ൽ പാർലമെന്റ് പാസാക്കിയ ആരാധനാലയ സംരക്ഷണ ബില്ലിന്റെ ബുദ്ധികേന്ദ്രം മുസ്‌ലിം ലീഗ് നേതാവും പ്രമുഖ പാർലമെന്റേറിയനുമായിരുന്ന ഗുലാം മഹ്മൂദ് ബനാത്ത്‌വാലയായിരുന്നു.

ഒരു വലിയ പ്രതിസന്ധി രാഷ്ട്രം തരണം ചെയ്തുവെന്ന ആശ്വാസം രാജ്യത്താകമാനം നിലനിൽക്കുന്നുണ്ടെങ്കിലും നീതി ലഭിച്ചില്ലെന്ന നിരാശയും ആശങ്കയും ന്യൂനപക്ഷങ്ങൾക്കിടയിൽ പടർന്നുകൊണ്ടിരിക്കുന്നുണ്ട്. സുന്നി വഖഫ് ബോർഡും മുസ്‌ലിം ലീഗും ജംഇയ്യത്ത് ഉലമാ ഇ ഹിന്ദും കോടതി വിധിയെ അംഗീകരിക്കുന്നതോടൊപ്പം വിധിയിൽ നിരാശ പ്രകടിപ്പിച്ചിട്ടുണ്ട്.

വിധി ന്യൂനപക്ഷങ്ങൾക്ക് അനുകൂലമായിരുന്നുവെങ്കിൽ സംഘർഷങ്ങളും കലാപങ്ങളും രാജ്യത്ത് വ്യാപകമാകുമായിരുന്നുവെന്ന നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ ന്യൂനപക്ഷങ്ങൾ തൽക്കാലം പിൻവാങ്ങുകയാണ് നല്ലതെന്ന പ്രചാരണം കോടതിക്ക് പുറത്ത് ശക്തമായിരുന്നു. രാജ്യത്തെ മുഴുവൻ ഭ്രാന്താലയമാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്ന ഹിന്ദുത്വ ഫാസിസ്റ്റ് സംഘങ്ങൾ രാജ്യം ചുട്ടു ചാമ്പലാക്കാൻ ശ്രമിക്കുമെന്നതിനാൽ വിധി പുറപ്പെടുവിക്കുന്നതിൽ സൂക്ഷ്മതയും അവധാനതയും വേണ്ടതുണ്ടെന്ന ധാരണ ജുഡീഷ്യറിയിലും പ്രകടമായിരുന്നു. അതുകൊണ്ടുതന്നെയായിരുന്നു കോടതിയ്ക്ക് പുറത്ത് പ്രശ്നം ഒത്തുതീർക്കാനുള്ള ശ്രമങ്ങൾ നടന്നത്. ശാന്തിയും സമാധാനവും പോലെ തന്നെ സത്യവും നീതിയും പുലരേണ്ടതുണ്ടെന്ന കാര്യം വിസ്മരിക്കാൻ പാടുള്ളതല്ല. 'സത്യമേവ ജയതേ' (സത്യം മാത്രം ജയിക്കട്ടെ) എന്ന ആപ്തവാക്യം സുപ്രീം കോടതിയിൽ വലിയ അക്ഷരങ്ങളിൽ എഴുതിവെച്ചിരുന്നു. സത്യവും നീതിയുമാണ് ജയിക്കേണ്ടത്. അങ്ങനെ വിധിക്കാനാണ് ന്യായാധിപന്മാർ ശ്രമിക്കേണ്ടത് എന്ന കാര്യം അവിതർക്കിതമാണ്. സത്യത്തിന്റെയും ന്യായത്തിന്റെയും പേരിൽ പ്രഖ്യാപിക്കപ്പെട്ട കോടതി വിധികൾ നടപ്പാക്കാനുള്ള ചുമതല സർക്കാരുകൾക്കുണ്ട്. ആവശ്യമായ കരുത്തും കരുതലും അവർ ആർജിക്കുകയാണ് വേണ്ടത്. ഇല്ലെങ്കിൽ രാജ്യം വലിയ അപകടാവസ്ഥയിലേക്കായിരിക്കും കൂപ്പുകുത്തുക.

കോടതിവിധികൾ അന്തിമമാണ്. അവയെ ആദരിക്കേണ്ടതുണ്ട്. വിധിക്കെതിരെ അപ്പീലുകൾ പോകുവാനുള്ള അവകാശം കക്ഷികൾക്കുണ്ട്. അവ നിയമപരമായി ഉപയോഗിക്കാനാണ് വിയോജിപ്പുള്ളവർ ശ്രമിക്കേണ്ടത്. വിയോജിപ്പുകളുടെ പേരിൽ രാജ്യത്ത് സംഘർഷവും കലാപവും ഉണ്ടാക്കാൻ ശ്രമിക്കുന്ന പ്രവണതക്കെതിരെ രാജ്യം ഒറ്റക്കെട്ടായി നിൽക്കണം. വ്യക്തികളും കൊച്ചുകൊച്ചു സംഘങ്ങളും അനാവശ്യ പ്രതികരണങ്ങളുണ്ടാക്കി പ്രകോപനങ്ങൾ സൃഷ്ടിക്കാൻ പാടില്ല. പ്രശ്നങ്ങൾ നേതൃത്വത്തിലേക്ക് മടക്കുക. രാജ്യത്തിനും സമുദായത്തിനും നേതൃത്വം നൽകുന്നവരുടെ വാക്കുകളെ വിശ്വാസത്തിലെടുത്ത് സമാധാനത്തോടെ ആത്മസംയമനം പാലിച്ചുകൊണ്ട് ക്ഷമയോടെ പ്രാർഥനയോടെ മുമ്പോട്ട് നീങ്ങുക.

ക്വുർആൻ പറയുന്നു: "സമാധാനവുമായോ ഭീതിയുമായോ ബന്ധപ്പെട്ട വല്ല വാർത്തയും അവർക്ക് വന്നുകിട്ടിയാൽ അവരത് പ്രചരിപ്പിക്കുകയായി. അവരത് ദൈവദൂതന്റെയും അവരിലെ കാര്യവിവരമുള്ളവരുടെയും തീരുമാനത്തിന് വിട്ടിരുന്നുവെങ്കിൽ അവരുടെ കൂട്ടത്തിൽ നിന്ന് നിരീക്ഷിച്ച് മനസ്സിലാക്കാൻ കഴിവുള്ളവർ അതിന്റെ യാഥാർഥ്യം മനസ്സിലാക്കിക്കൊള്ളുമായിരുന്നു"(4:83). ●

അബ്ദുറഹ്മാൻ നാസിർ അസ്സഅദി
വിവ: ഹാരിസ് ബിൻ സലീം

അധ്യായം: 69, ഭാഗം: 1

# ഹാഖ്ഖ (യഥാർഥ സംഭവം)

(മക്കയിൽ അവതരിച്ചത്)

1. ആ യഥാർഥ സംഭവം!
2. എന്താണ് ആ യഥാർഥ സംഭവം?
3. ആ യഥാർഥ സംഭവം എന്താണെന്ന് നിനക്കെന്തറിയാം?
4. ഥമൂദ് സമുദായവും ആദ് സമുദായവും ആ ഭയങ്കര സംഭവത്തെ നിഷേധിച്ചു കളഞ്ഞു.
5. എന്നാൽ ഥമൂദ് സമുദായം അത്യന്തം ഭീകരമായ ഒരു ശിക്ഷ കൊണ്ട് നശിപ്പിക്കപ്പെട്ടു.
6. എന്നാൽ ആദ് സമുദായം, ആഞ്ഞു വീശുന്ന അത്യുഗ്രമായ കാറ്റ് കൊണ്ട് നശിപ്പിക്കപ്പെട്ടു.
7. തുടർച്ചയായ ഏഴു രാത്രിയും എട്ടു പകലും അത് (കാറ്റ്) അവരുടെ നേർക്ക് അവൻ തിരിച്ചുവിട്ടു. അപ്പോൾ കടപുഴകി വീണ ഈന്തപ്പനത്തടികൾ പോലെ ആ കാറ്റിൽ ജനങ്ങൾ വീണുകിടക്കുന്നതായി നിനക്ക് കാണാം.
8. ഇനി അവരുടെതായി അവശേഷിക്കുന്ന വല്ലതും നീ കാണുന്നുണ്ടോ?
9. ഫിർഔനും, അവന്റെ മുമ്പുള്ളവരും കീഴ്മേൽ മറിഞ്ഞ രാജ്യങ്ങളും (തെറ്റായ പ്രവർത്തനം കൊണ്ടു വന്നു.)
10. അവർ അവരുടെ രക്ഷിതാവിന്റെ ദൂതനെ ധിക്കരിക്കുകയും, അപ്പോൾ അവൻ അവരെ ശക്തിയേറിയ ഒരു പിടുത്തം പിടിക്കുകയും ചെയ്തു.
11. തീർച്ചയായും നാം, വെള്ളം അതിരുകവിഞ്ഞ സമയത്ത് നിങ്ങളെ കപ്പലിൽ കയറ്റി രക്ഷിക്കുകയുണ്ടായി.
12. നിങ്ങൾക്ക് നാം അതൊരു സ്മരണയാക്കാനും ശ്രദ്ധിച്ചു മനസ്സിലാക്കുന്ന കാതുകൾ അത് ശ്രദ്ധിച്ചു മനസ്സിലാക്കുവാനും വേണ്ടി.

ٱلۡحَآقَّةُ ﴿١﴾

مَا ٱلۡحَآقَّةُ ﴿٢﴾

وَمَآ أَدۡرَىٰكَ مَا ٱلۡحَآقَّةُ ﴿٣﴾

كَذَّبَتۡ ثَمُودُ وَعَادُۢ بِٱلۡقَارِعَةِ ﴿٤﴾

فَأَمَّا ثَمُودُ فَأُهۡلِكُواْ بِٱلطَّاغِيَةِ ﴿٥﴾

وَأَمَّا عَادٞ فَأُهۡلِكُواْ بِرِيحٖ صَرۡصَرٍ عَاتِيَةٖ ﴿٦﴾

سَخَّرَهَا عَلَيۡهِمۡ سَبۡعَ لَيَالٖ وَثَمَٰنِيَةَ أَيَّامٍ حُسُومٗا فَتَرَى
ٱلۡقَوۡمَ فِيهَا صَرۡعَىٰ كَأَنَّهُمۡ أَعۡجَازُ نَخۡلٍ خَاوِيَةٖ ﴿٧﴾

فَهَلۡ تَرَىٰ لَهُم مِّنۢ بَاقِيَةٖ ﴿٨﴾

وَجَآءَ فِرۡعَوۡنُ وَمَن قَبۡلَهُۥ وَٱلۡمُؤۡتَفِكَٰتُ بِٱلۡخَاطِئَةِ ﴿٩﴾

فَعَصَوۡاْ رَسُولَ رَبِّهِمۡ فَأَخَذَهُمۡ أَخۡذَةٗ رَّابِيَةً ﴿١٠﴾

إِنَّا لَمَّا طَغَا ٱلۡمَآءُ حَمَلۡنَٰكُمۡ فِي ٱلۡجَارِيَةِ ﴿١١﴾

لِنَجۡعَلَهَا لَكُمۡ تَذۡكِرَةٗ وَتَعِيَهَآ أُذُنٞ وَٰعِيَةٞ ﴿١٢﴾

(1-3) (ആ യഥാർഥ സംഭവം!) ഉയിർത്തെഴുന്നേൽപ് നാളിന്റെ പേരുകളിൽ ഒന്നാണിത്. കാരണം അത് യാഥാർഥ്യമാകുന്നതാണ്. സൃഷ്ടികളിൽ അതിറങ്ങും. കാര്യങ്ങളുടെ യാഥാർഥ്യങ്ങളും മനസ്സിൽ ഒളിച്ചുവെക്കപ്പെട്ടതും അന്ന് വ്യക്തമാകും. ആവർത്തിച്ച് പറയുന്നതിലൂടെ അല്ലാഹു അതിന്റെ കാര്യത്തെ ഗൗരവതരവും മഹത്വമുള്ളതുമാക്കുന്നു. (ആ യഥാർഥ സംഭവം എന്താണെന്ന് നിനക്കെന്തറിയാം). തീർച്ചയായും അതിന്റെ കാര്യം വമ്പിച്ചതുമാണ്. അതിഭീകരവുമാണ്).

4). (ഇത്തരത്തിൽ ഇഹലോകത്ത് സാക്ഷ്യം വഹിക്കപ്പെട്ട മുമ്പു സംഭവിച്ച അവസ്ഥകളുടെ ചില മാതൃകകളാണ് പിന്നീട് പറയുന്നത്. ധിക്കാരികളായ ജനങ്ങൾക്കിറങ്ങിയ തീവ്രമായ ചില ശിക്ഷാനടപടികളാണത്. (ഥമൂദ് സമുദായം നിഷേധിച്ചുകളഞ്ഞു). സ്വാലിഹ് നബിﷺയെ അല്ലാഹു നിയോഗിച്ചു. ഹിജ്റിലെ താമസക്കാരായ പ്രസിദ്ധ ഗോത്രമാണ് ഥമൂദ്. അവർ ചെയ്തുകൊണ്ടിരിക്കുന്ന ശിർക്കിനെ അദ്ദേഹം അവരോട് വിരോധിക്കുകയും തൗഹീദ് കൽപിക്കുകയും ചെയ്തു. ആ പ്രബോധനത്തെ അവർ നിരാകരിച്ചു. അവർ കളവാക്കി. ഉയിർത്തെഴുന്നേൽപ് നാളിനെക്കുറിച്ച് അദ്ദേഹം പറഞ്ഞുകൊടുത്തത്അവർ തള്ളിക്കളഞ്ഞു. സൃഷ്ടികളെ ബാധിക്കുന്നതായ ഭയാനകമായ മഹാവിപത്താണിത്. ഹൂദ്ﷺ അല്ലാഹു നിയോഗിച്ച ഹളർ മൗതിലെ താമസക്കാരാണ് ആദ് സമുദായം. അദ്ദേഹം അവരെ ഏകദൈവാരാധനയിലേക്ക് ക്ഷണിച്ചു. അപ്പോൾ അദ്ദേഹത്തെ അവർ നിഷേധിച്ചു. ഉയിർത്തെഴുന്നേൽപിനെ കുറിച്ച് അദ്ദേഹംഅറിയിച്ചു കൊടുത്തകാര്യങ്ങൾ അവരും നിഷേധിച്ചു. പെട്ടെന്നുള്ള നാശത്താൽ രണ്ട് വിഭാഗത്തെയും അല്ലാഹു നശിപ്പിച്ചു.

5) (എന്നാൽ ഥമൂദ് സമുദായം അത്യന്തംഭീകരമായ ഒരു ശിക്ഷ കൊണ്ട് നശിപ്പിക്കപ്പെട്ടു). പേടിപ്പെടുത്തുന്ന ഭയാനകമായ ഒരു ഘോരശബ്ദം. ഹൃദയത്തെ ഭേദിക്കുന്ന, ആത്മാവുകളെ ഇല്ലാതാക്കുന്ന ശബ്ദം. അവരുടെ താമസസ്ഥലങ്ങളും ശവശരീരങ്ങളുമല്ലാതെ മറ്റൊന്നും കാണപ്പെടാത്ത വിധം അവർ മരിച്ചുതീർന്നു.

6). (എന്നാൽ ആദ് സമുദായം ആഞ്ഞുവീശുന്ന അത്യുഗ്രമായ ഒരു കാറ്റുകൊണ്ട് നശിപ്പിക്കപ്പെട്ടു). തകർത്തു കളയുന്ന ഇടിയുടെശബ്ദത്തെക്കാളും ശക്തമായ ശബ്ദത്തിൽ അടിച്ചുവീശുന്ന കഠിനവും ശക്തവുമായ കാറ്റ് (عاتية) 'പരിധിവിട്ടത്' അധിക വ്യാഖ്യാതാക്കളും പറഞ്ഞത് അവരുടെ ഖജനാവുകൾക്കു മേൽ അത് കടന്നുചെന്നു. അല്ലെങ്കിൽ ആദ് സമുദായത്തിനു മേൽ എല്ലാ പരിധികളും ലംഘിച്ചുവെന്നർഥം.

7). (തുടർച്ചയായ ഏഴു രാത്രിയും എട്ടു പകലും അത് (കാറ്റ്) അവരുടെ നേർക്ക് അവൻ തിരിച്ചുവിട്ടു). ദുരന്തമായി, അവർക്ക് അപമാനകരമായ നാശമായി അവരെതകർക്കുകയും നശിപ്പിക്കുകയും ചെയ്തു. (ജനങ്ങൾ കാറ്റിൽ വീണു കിടക്കുന്നതായി നിനക്കു കാണാം. നശിച്ചവരായി മരണപ്പെട്ടവരായി. (അപ്പോൾ കടപുഴകി വീണ ഈത്തപ്പനത്തടികൾ പോലെ). ഒന്ന് ഒന്നിനു മേൽ വീണ് തലപോയ ഈത്തപ്പനത്തടികൾ പോലെ.

8). ഇനി അവരുടേതായി അവശേഷിക്കുന്നവല്ലതും (നീ കാണുന്നുണ്ടോ?) ഒന്നും കാണുന്നില്ലെന്ന് ഉറപ്പിച്ച് പറയുന്ന നിഷേധത്തെ സ്ഥാപിക്കുന്ന ചോദ്യമാണിത്.

9-10). ആദ്, ഥമൂദ് എന്ന ധിക്കാരികളായ ഈരണ്ട് സമുദായങ്ങൾക്ക് പുറമെ പരിധിവിട്ട ധിക്കാരികൾ വേറെയും ഉണ്ടായിട്ടുണ്ട്. തന്റെ അടിമയും ദൂതനുമായ ഇംറാനിന്റെ മകൻ മൂസാനബിﷺയെ അല്ലാഹു നിയോഗിച്ചു. ഈജിപ്തിലെ ഫിർഔനിനെ പോലെയുള്ളവർ. സത്യം ബോധ്യപ്പെടാവുന്ന വ്യക്തമായ തെളിവുകൾ അവർക്കദ്ദേഹം കാണിച്ചുകൊടുത്തു. എന്നാൽ ഔന്നിത്യത്താലും അക്രമത്താലും അവർ നിഷേധിക്കുകയും തള്ളിക്കളയുകയും ചെയ്തു. അവർ മുമ്പും നിഷേധികളുണ്ടായിട്ടുണ്ട്.

(കീഴ്മേൽ മറിഞ്ഞ രാജ്യങ്ങൾ) ലൂത്ﷺന്റെ ജനതയുടെ ഗ്രാമങ്ങൾ അവരെല്ലാവരും (തെറ്റായപ്രവർത്തനം) കൊണ്ടുവന്നു. അതിരുവിട്ട പ്രവർത്തനം. അത് നിഷേധവും കളവാക്കലും അക്രമവും ധിക്കാരവും അതിനോട് ബന്ധപ്പെട്ട അനുസരണക്കേടിന്റെയും അധർമത്തിന്റെയും മറ്റിനങ്ങളും. (അവർ അവരുടെ രക്ഷിതാവിന്റെ ദൂതനെ ധിക്കരിക്കുകയും) ഇതൊരു വർഗനാമമാണ്. അതായത്, അവരിലേക്കയച്ച ദൂതനെ കളവാക്കിയെന്നർഥം. (അപ്പോൾ അല്ലാഹു പിടികൂടി). മുഴുവൻ ആളുകളെയും (ശക്തിയേറിയ ഒരു പിടുത്തം). അവർ നശിക്കാനാവശ്യമായ കണക്കിനു പരിധികൾക്കും അപ്പുറത്തേക്കുള്ള പിടുത്തം).

11-12). ഈ കൂട്ടത്തിൽ പെട്ടവർ തന്നെയാണ് നൂഹിന്റെ ജനതയും. അവരെ അല്ലാഹു വെള്ളത്തിൽ മുക്കി. (വെള്ളം അതിരു കവിഞ്ഞ സമയത്ത്) ഭൂമുഖത്ത് ഉയർന്ന സ്ഥലങ്ങളിലേക്കു കൂടി അതുയർന്നു. അവർക്ക് ശേഷമുള്ളവരോട് അല്ലാഹു കരുണ കാണിച്ചു അവരെ വഹിപ്പിക്കുന്നതിലൂടെ (കപ്പലിൽ). നിങ്ങളെയെന്നത് അല്ലാഹു രക്ഷപ്പെടുത്തിയ പിതാക്കളുടെയും മാതാക്കളുടെയും മുതുകിൽ ഉള്ളവർ. അക്രമികൾ നശിപ്പിക്കപ്പെട്ടപ്പോൾ നിങ്ങളെ അവൻ രക്ഷപ്പെടുത്തി. നിങ്ങൾ നന്ദി ചെയ്യുക. അവനെ സ്തുതിക്കുകയും ചെയ്യു. അവന്റെ ഏകത്വത്തെ അറിയിക്കുന്ന ദൃഷ്ടാന്തങ്ങളിൽ നിന്ന് പാഠമുൾക്കൊള്ളുകയും ചെയ്യുക. അതാണ് തുടർന്ന് പറയുന്നത്. (അതിനെ നാം ആക്കുന്നതിനു വേണ്ടി) അതായത് ആ കപ്പലിനെ ഉദ്ദേശം മുഴുവൻ കപ്പലുകളുമാണ് (സ്മരണ) ആദ്യമായി ഉണ്ടാക്കപ്പെട്ട കപ്പലിന്റെ ചരിത്രം നിങ്ങളെ ഓർമിപ്പിച്ചുകൊണ്ടിരിക്കും. എങ്ങനെയാണ് അല്ലാഹു അവനിൽ വിശ്വസിക്കുകയും അവന്റെ ദൂതനെ പിൻപറ്റുകയും ചെയ്തവരെ രക്ഷപ്പെടുത്തിയതെന്നും ഭൂമിയിലുള്ളവരെ മുഴുവൻ നശിപ്പിച്ചതെന്നും. ഒരു വർഗം അതിന്റെ അടിസ്ഥാനത്തെ ഓർമപ്പെടുത്തുന്നു.

(ശ്രദ്ധിച്ചു മനസ്സിലാക്കുന്ന കാതുകൾ അത് ശ്രദ്ധിച്ചു മനസ്സിലാക്കാനും) ബുദ്ധിയുള്ളവർ ആലോചിക്കുകയും അതിലുള്ള ഉദ്ദേശ്യവും ദൃഷ്ടാന്തവും എന്താണെന്ന് ചിന്തിക്കുകയും ചെയ്യും. ബുദ്ധിസാമർഥ്യം ഇല്ലാത്തവരും വിഡ്ഢികളും അശ്രദ്ധരും തിരിഞ്ഞുകളയുന്നവരും ഇവരിൽ നിന്നും വ്യത്യസ്തരുമാണ്. അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങൾ കൊണ്ട് പ്രയോജനമില്ലാത്തവരാണിവർ. ●

കവിത

ഷറീന തയ്യിൽ, എടത്തനാട്ടുകര
mail@nerpatham.com

# വെളിച്ചത്തിലേക്ക്...



ഇരുട്ട് യുദ്ധം ചെയ്യുന്ന
കറുത്ത കാലത്താണ്
മരുഭൂമിയിലേക്ക്
പ്രവാചകത്വത്തിന്റെ
വെള്ളി വെളിച്ചം
കടന്നു വന്നത്.
വാളുകൾ കഥപറയുന്ന
കാലത്തിന്റെ
ഇടുങ്ങിയ വഴികളിൽ
സമാധാനം പുലർന്നത്.
അതിർത്തി ഭേദിച്ച
ഒട്ടകത്തിന്റെ പേരിലുള്ള
യുദ്ധങ്ങളവസാനിച്ചത്.
അപമാനഭയത്താൽ
പെൺമക്കളെ ജീവനോടെ
കുഴിച്ചുമൂടുന്ന കരാതത്വം
ഇല്ലാതായത്.
ഇംറുൽഖൈസിന്റെ,
കവിതകളെ
കഅ്ബയുടെ ചുമരിൽനിന്നും
അടർത്തിമാറ്റിയത്.
ഇനി വരാനില്ല
ഒരൊറ്റ പ്രവാചകനും.
ആ പ്രവാചകൻ തെളിച്ച
വെളിച്ചം സ്വീകരിക്കാത്തവരുടെ
മനസ്സിന്റെ ഇരുണ്ടവഴികളെല്ലാം
ഇരുണ്ടു തന്നെ കിടക്കും,
വെളിച്ചം കടക്കാത്ത
തുരങ്കങ്ങളായി.
അതിനു മുമ്പേ...
ആ വിശുദ്ധ ഗ്രന്ഥത്തെ
എനിക്കൊന്നാഞ്ഞു പുൽകണം,
നാളെയിലേക്കുള്ള
വെളിച്ചത്തെ
ജീവിതത്തിൽ ആവാഹിക്കണം.

ജംഷീന കൽപ്പറ്റ
mail@nerpatham.com





# മതത്തെ ജീവിതത്തിൽ പ്രതിഫലിപ്പിക്കുക

പ്രിയ സഹോദരിമാരേ, ഈ കുറിപ്പ് മനസ്സിരുത്തി വായിക്കണം എന്നാണ് ആദ്യമായി പറയാനുള്ളത്. വായനക്ക് ശേഷം സ്വന്തം അവസ്ഥയെക്കുറിച്ച് നന്നായി ചിന്തിക്കുക. മതം നമ്മുടെ ജീവിതത്തിന്റെ ഭാഗമായി മാറിയിട്ടുണ്ട്, ജീവിതത്തിലുടനീളം മതത്തിന്റെ നിയമനിർദേശങ്ങൾ പാലിക്കുന്നുണ്ട് എന്ന് പൂർണമായി ബോധ്യം വരുന്നുണ്ടെങ്കിൽ സമാധാനിക്കാം. ഇല്ലെങ്കിൽ നിരാശപ്പെടേണ്ട. മാറ്റം ഈ നിമിഷം മുതൽ തന്നെയാകട്ടെ.

അലക്കലും വെക്കലും വിളമ്പലും വീട്ടിലെ മറ്റു കാര്യങ്ങൾ നോക്കലും പുറമെ വാസ്ടാപ്പും ഫെയ്സ്ബുക്കുമൊക്കെയായി ദിനരാത്രങ്ങൾ കൊഴിയുമ്പോൾ, പരലോകവിജയത്തിനായി ഒന്നും ചെയ്യാൻ സമയം ലഭിക്കാതെ വരുന്നില്ലേ? ഈ അവസ്ഥക്ക് മാറ്റം വരേണ്ടതുണ്ട്. നമ്മുടെ പാരത്രിക വിജയത്തിന് നമ്മൾതന്നെ പണിയെടുക്കേണ്ടതുണ്ട്.

ഇഹലോകത്ത് സമാധാനപൂർണമായ ജീവിതവും പരലോകത്ത് ശാശ്വതമായ സ്വർഗവും കൊതിക്കുന്നവരുടെ മുമ്പിൽ പ്രതീക്ഷയുടെ തിരിനാളമാണ് വിശുദ്ധ ക്വുർആൻ. അത് മനസ്സുകളിലെ ഇരുളുകളകറ്റുകയും അതിനെ വിമലീകരിക്കുകയും ചെയ്യുന്നു. മാത്രമല്ല "തീർച്ചയായും ഈ ക്വുർആൻ ഏറ്റവും ശരിയായതിലേ

ക്ക് വഴികാണിക്കുന്നു" എന്ന് ഖുർആൻ (17:9) തന്നെ പ്രഖ്യാപിക്കുകയും ചെയ്യുന്നു.

എന്നിട്ടും സമൂഹം ഘനാന്ധകാരത്തിൽനിന്നും കരകയറാത്തതിന് കാരണമെന്താണ്? ക്വുർആനിനോടും ഹദീഥിനോടും പുറംതിരിഞ്ഞു നിൽക്കുന്നതു തന്നെ കാരണം. അവ രണ്ടും പഠിക്കാൻ മാത്രം സമയമില്ല. ബിസിയോടു ബിസിയാണ് എല്ലാവരും!

ചിലർക്ക് റമദാനിൽ മാത്രം ഓതാനുള്ളതാണ് ക്വുർആൻ! അർഥവും ആശയവും മനസ്സിലാക്കേണ്ട ആവശ്യമേ ഇല്ലാത്തതു പോലെ! ഒരു ചടങ്ങെന്ന നിലയ്ക്ക് ആണ്ടുതോറും ഒരു വട്ടം ഓതിത്തീർക്കുന്നു. അതിന്റെ വെളിച്ചം സ്വീകരിക്കാൻ തയ്യാറാകുന്നുമില്ല. ചിന്തിക്കാനുള്ള ക്വുർആനിന്റെ ആഹ്വാനം അവർക്ക് ബാധകമല്ലാത്തതു പോലെ.

"അപ്പോൾ അവർ ക്വുർആൻ ചിന്തിച്ചുമനസ്സിലാക്കുന്നില്ലേ? അതല്ല, ഹൃദയങ്ങളിൻമേൽ പൂട്ടുകളിട്ടിരിക്കയാണോ?"(47:24).

ഇന്റർനെറ്റ്, ഫെയ്സ്ബുക്ക്, വാട്സാപ്പ്, സംഗീതം...! ഇവ ദിനേന എത്രയോ മണിക്കൂറുകൾ അനാവശ്യമായി കാർന്നുതിന്നുന്നു! അതിൽ ആർക്കും വിഷമമില്ല. അതിന് സമയക്കുറവില്ല; ബിസിയും!

മണിക്കൂറുകളും രാപ്പകലുകളും മാറിമറിയുമ്പോൾ ഇഹലോകത്ത് അനുവദിക്കപ്പെട്ട സമയത്തിൽ വരുന്ന കുറവിനെക്കുറിച്ച് ചിന്തിക്കാൻ മിക്ക ആളുകളും തയ്യാറാകുന്നില്ല.

ഗതകാല ജീവിതത്തിലേക്ക് ഒന്ന് തിരിഞ്ഞുനോക്കുക. അല്ലാഹു നൽകിയ എണ്ണമറ്റ അനുഗ്രഹങ്ങൾ ആസ്വദിച്ചുകൊണ്ടാണ് നാം ജീവിച്ചത്; ഇപ്പോൾ ജീവിക്കുന്നതും. പരലോക വിജയത്തിനായി നാം എന്തൊക്കെ മുന്നൊരുക്കം നടത്തിയിട്ടുണ്ട്? നമ്മുടെ ജീവിത സമ്പാദ്യം കൊണ്ട് നന്മയുടെ തുലാസോ തിന്മയുടെ തുലാസോ കനം തൂങ്ങുക? പറയത്തക്ക നന്മയൊന്നും സമ്പാദ്യമായി ഇല്ല എങ്കിൽ, തിന്മയാണ് മുന്നിട്ടു നിൽക്കുന്നതെങ്കിൽ ഇനിയും സമയം വൈകിയിട്ടില്ലന്നറിയുക. തെറ്റുകൾ മനുഷ്യസഹജമാണ്. സ്രഷ്ടാവിലേക്ക് ഖേദിച്ച് മടങ്ങുക. തെറ്റുകൾ ആവർത്തിക്കാതിരിക്കുക.

നമ്മുടെ വസ്ത്രധാരണ രീതിയും ജീവിത ശൈലിയും തീരുമാനിക്കുന്നത് പരസ്യക്കമ്പനികളോ സിനിമ, സ്പോർസ് താരങ്ങളോ കൂട്ടുകാരോ ആയിക്കൂടാ; ഇസ്‌ലാമിക പ്രമാണങ്ങളായിരിക്കണം. അതിൽ അഭിമാനിക്കാൻ നമുക്കാവണം. വസ്ത്രത്തിന്റെ ധർമം ശരിയാംവണ്ണം നിർവഹിക്കാത്ത, മാന്യതയ്ക്കും മനുഷ്യത്വത്തിനും നിരക്കാത്ത വസ്ത്രധാരണ രീതികൊണ്ട് നമുക്കെന്ത് നേട്ടം? കോട്ടങ്ങൾ എമ്പാടുമുണ്ട് താനും.

നേരെ നടന്നാൽ സമൂഹം പഴഞ്ചനെന്നും ആധുനിക ലോകത്ത് ജീവിക്കാൻ അർഹതയില്ലാത്തവൻ എന്നുമൊക്കെ മുദ്ര കുത്തിയേക്കാം. വെറുതെ ജീവിത സുഖങ്ങൾ പാഴാക്കിക്കളയുന്നവൻ എന്ന് പരിഹസച്ചേക്കാം. എന്നാൽ ഓർക്കുക; ഐഹിക ജീവിതം വളരെ ഹ്രസ്വമാണ്. അതിൽ നഷ്ടപ്പെട്ട ഒരു സെക്കന്റ് പോലും തിരിച്ചു പിടിക്കാൻ കഴിയില്ല; ഒരാൾക്കും.

നബിﷺ പറഞ്ഞു: "ആരെങ്കിലും ഇഹലോകത്തെ സ്നേഹിച്ചാൽ പരലോകത്ത് അത് നഷ്ടമുണ്ടാക്കും. ആരെങ്കിലും പരലോകത്തെ സ്നേഹിച്ചാൽ ഇഹലോകത്ത് അത് നഷ്ടമുണ്ടാക്കും. അതുകൊണ്ട് നശിക്കുന്നതിനെക്കാൾ ശേഷിക്കുന്നതിന് നിങ്ങൾ പ്രാധാന്യം നൽകുക" (അഹ്മദ്, ബൈഹഖി).

ഇബ്നുമസ്ഊദ്ؓ നിവേദനം. നബിﷺ പറഞ്ഞു: "നിങ്ങളിൽ ആർക്കാണ് സ്വന്തം സ്വത്തിനെക്കാൾ തന്റെ അനന്തരാവകാശികളുടെ സ്വത്തിനോട് പ്രിയമുണ്ടാവുക?" അവർ പറഞ്ഞു: "അല്ലാഹുവിൻെറ ദൂതരേ, ഞങ്ങളിലെല്ലാവർക്കും കൂടുതൽ പ്രിയം അവനവന്റെ സ്വത്തിനോടു തന്നെയാണ്. അങ്ങനെയല്ലാത്ത ഒരാളും ഞങ്ങളിലില്ല." നബിﷺ പറഞ്ഞു: "എന്നാൽ ഒരാളുടെ സ്വന്തം സ്വത്ത് അയാൾ മുൻകൂട്ടി ചെലവുചെയ്തതത്രെ. പിന്നേക്ക് എടുത്തുവെച്ചത് അയാളുടെ അനന്തരാവകാശികളുടെ സ്വത്താണ്"(ബുഖാരി).

സ്വത്തിനോടുള്ള അമിതാർത്തി ഇല്ലാതാക്കുകയും മരണചിന്തയുണർത്തുകയും ചെയ്യുന്ന നബിവചനമാണ് മുകളിൽ കൊടുത്തത്. വർത്തമാന കാലത്ത് ഒരാൾ എന്തിന്റെയൊക്കെ ഉടമസ്ഥനും അധിപനുമാണെങ്കിലും അയാൾക്കതെല്ലാം ഏതു നിമിഷവും നഷ്ടപ്പെട്ടേക്കാം. സർവവിധ ആസ്വാദനങ്ങളെയും തകർത്തുകളയുന്ന മരണം ഒരു മനുഷ്യനെ അവൻ ഉടുത്തുകൊണ്ടിരിക്കുന്ന വസ്ത്രത്തിന്റെ പോലും ഉടമയല്ലാതാക്കി മാറ്റുന്നു! അയാളുടെ സ്വത്തിന്റെയും ഉടുതുണിയുടെ പോലും അവകാശി അവനല്ല; അവന്റെ അനന്തരാവകാശിയാണെന്നർഥം. അതിനാൽ മതത്തെ ജീവിതത്തിന്റെ ഭാഗമാക്കുക. അത് വിശ്വാസിയുടെ ജീവവായുവാണ്. ഓരോ സെക്കന്റിലും ഒരു മുസ്‌ലിം മുസ്‌ലിമായിരിക്കണം, മുഅ്മിനായിരിക്കണം. ●

അബ്ദുൽ ജബ്ബാർ അബ്ദുല്ല
mail@nerpatham.com

ലേഖനം



# ക്വുർആനിനെക്കുറിച്ച് ക്വുർആനിൽ പറയുന്നത്

**മു**ഹമ്മദ് നബിﷺക്ക് അവതീർണമായതും സൂറത്തുൽ ഫാതിഹകൊണ്ട് തുടങ്ങി സൂറത്തുന്നാസിൽ അവസാനിക്കുന്നതുമായ അല്ലാഹുവിന്റെ കലാമാണ്(വചനം) വിശുദ്ധ ക്വുർആൻ. അന്ത്യനാൾ വരെയുള്ള മാനവസമൂഹത്തിന്റെ മാർഗദർശക ഗ്രന്ഥമാണത്. അതിലൂടെയല്ലാതെ പരലോകരക്ഷ സാധ്യമല്ല.

ക്വുർആനിന്റെ സവിശേഷതകളും മഹത്ത്വങ്ങളും വിവരിക്കാൻ എമ്പാടുമുണ്ട്. ക്വുർആനിലൂടെ അല്ലാഹു പരിചയപ്പെടുത്തുന്ന ക്വുർആനിന്റെ ചില സവിശേഷതകളാണ് താഴെ കൊടുക്കുന്നത്.

ക്വുർആൻ സദുപദേശമാണ്: അല്ലാഹു പറഞ്ഞു:"മനുഷ്യരേ, നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ള സദുപദേശം നിങ്ങൾക്ക് വന്നു കിട്ടിയിരിക്കുന്നു" (യൂനുസ്: 57).

ക്വുർആൻ ഉത്ബോധനമാണ്: "തീർച്ചയായും അത് നിനക്കും നിന്റെ ജനതയ്ക്കും ഒരു ഉൽ ബോധനം തന്നെയാകുന്നു" (സുഖ്റുഫ്: 44). "സ്വാദ്. ഉൽബോധനം ഉൾകൊള്ളുന്ന ക്വുർആൻ തന്നെ സത്യം" (അസ്സ്വാദ്: 1).

ഖുർആൻ സന്മാർഗമാണ്: "ജ്ഞാനത്തിന്റെ അടിസ്ഥാനത്തിൽ നാം കാര്യങ്ങൾ വിശദമാക്കിയിട്ടുള്ള ഒരു ഗ്രന്ഥം അവർക്കു നാം കൊണ്ടുവന്നു കൊടുത്തു. വിശ്വസിക്കുന്ന ജനങ്ങൾക്കു മാർഗദർശനവും കാരുണ്യവുമത്രെ അത്" (അൽഅഅ്റാഫ്: 52). "ജനങ്ങൾക്ക് മാർഗദർശനമായിക്കൊണ്ടും, നേർവഴി കാട്ടുന്നതും സത്യവും അസത്യവും വേർതിരിച്ചു കാണിക്കുന്നതുമായ സുവ്യക്ത തെളിവുകളായിക്കൊണ്ടും ഖുർആൻ അവതരിപ്പിക്കപ്പെട്ട മാസമാകുന്നു റമദാൻ" (അൽബക്വറ: 185).

ഖുർആൻ സത്യമാണ്: "നിനക്ക് നാം ബോധനം നൽകിയ ഗ്രന്ഥം തന്നെയാകുന്നു സത്യം. അതിന്റെ മുമ്പുള്ളതിനെ (വേദങ്ങളെ) സത്യപ്പെടുത്തുന്നതായിട്ട്...." (അൽഫാത്വിർ: 31).

"സത്യത്തോടുകൂടിയാണ് നാം അത് (ക്വുർആൻ) അവതരിപ്പിച്ചത്. സത്യത്തോട് കൂടിത്തന്നെ അത് അവതരിക്കുകയും ചെയ്തിരിക്കുന്നു. സന്തോഷവാർത്ത അറിയിക്കുന്നവനും താക്കീത് നൽകുന്നവനുമായിക്കൊണ്ടല്ലാതെ നിന്നെ നാം അയച്ചിട്ടില്ല" (അൽഇസ്റാഅ്: 105).


ഖുർആൻ അനുഗൃഹീതവും കാരുണ്യവുമാണ്: "നിനക്ക് നാം അവതരിപ്പിച്ചുതന്ന അനുഗൃഹീത ഗ്രന്ഥമത്രെ ഇത്. ഇതിലെ ദൃഷ്ടാന്തങ്ങളെപ്പറ്റി അവർ ചിന്തിച്ചുനോക്കുന്നതിനും ബുദ്ധിമാന്മാർ ഉൽബുദ്ധരാകേണ്ടതിനും വേണ്ടി" (അസ്സ്വാദ്: 29). "എല്ലാ കാര്യത്തിനും വിശദീകരണമായിക്കൊണ്ടും. മാർഗദർശനവും കാരുണ്യവും കീഴ്പെട്ടു ജീവിക്കുന്നവർക്ക് സന്തോഷവാർത്തയുമായിക്കൊണ്ടാണ് നിനക്ക് നാം വേദഗ്രന്ഥം അവതരിപ്പിച്ചിരിക്കുന്നത്" (അന്നഹ്ൽ: 89).

ഖുർആൻ ശിഫയാണ്: "സത്യവിശ്വാസികൾക്ക് ശമനവും കാരുണ്യവുമായിട്ടുള്ളത് ക്വുർആനിലൂടെ നാം അവതരിപ്പിച്ചുകൊണ്ടിക്കുന്നു...." (അൽഇസ്റാഅ്: 82). "മനുഷ്യരേ, നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ള സദുപദേശവും മനസ്സുകളിലുള്ള (രോഗത്തിന്) ശമനവും നിങ്ങൾക്ക് വന്നുകിട്ടിയിരിക്കുന്നു. സത്യവിശ്വാസികൾക്ക് മാർഗദർശനവും കാരുണ്യവും (വന്നുകിട്ടിയിരിക്കുന്നു)" (യൂനുസ്: 57).

ഖുർആൻ പ്രകാശമാണ്: "മനുഷ്യരേ, നിങ്ങൾക്കിതാ നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ള ന്യായപ്രമാണം വന്നുകിട്ടിയിരിക്കുന്നു. വ്യക്തമായ ഒരു പ്രകാശം നാമിതാ നിങ്ങൾക്ക് ഇറക്കിത്തന്നിരിക്കുന്നു" (അന്നിസാഅ്: 174)."അദ്ദേഹത്തോടൊപ്പം അവതരിപ്പിക്കപ്പെട്ടിട്ടുള്ള ആ പ്രകാശത്തെ(ക്വുർആനിനെ) പിൻപറ്റുകയും ചെയ്തവരാരോ, അവർ തന്നെയാണ് വിജയികൾ" (അൽഅഅ്റാഫ്: 157). "പക്ഷേ, നാം അതിനെ ഒരു പ്രകാശമാക്കിയിരിക്കുന്നു. അതുമുഖേന നമ്മുടെ ദാസൻമാരിൽ നിന്ന് നാം ഉദ്ദേശിക്കുന്ന വർക്ക് നാം വഴി കാണിക്കുന്നു" (അശ്ശൂറാ: 52).

ഖുർആൻ മഹാത്ഭുതമാണ്: "(നബിയേ,) പറയുക: ജിന്നുകളിൽ നിന്നുള്ള ഒരു സംഘം ക്വുർആൻ ശ്രദ്ധിച്ചുകേൾക്കുകയുണ്ടായി എന്ന് എനിക്ക് ദിവ്യബോധനം നൽകപ്പെട്ടിരിക്കുന്നു. എന്നിട്ടവർ (സ്വന്തം സമൂഹത്തോട്) പറഞ്ഞു: തീർച്ചയായും അത്ഭുതകരമായ ഒരു ക്വുർആൻ ഞങ്ങൾ കേട്ടിരിക്കുന്നു" (അൽജിന്ന്:1).

ഖുർആൻ സത്യാസത്യ വിവേചനവും പ്രമാണവുമാണ്: "തന്റെ ദാസന്റെമേൽ സത്യാസത്യവിവേചനത്തിനുള്ള പ്രമാണം(ക്വുർആൻ) അവതരിപ്പിച്ചവൻ അനുഗ്രഹപൂർണനാകുന്നു. അദ്ദേഹം (റസൂൽ) ലോകർക്ക് ഒരു താക്കീതുകാരൻ ആയിരിക്കുന്നതിനുവേണ്ടിയത്രെ അത്" (അൽഫുർക്വാൻ:1). "മനുഷ്യരേ, നിങ്ങൾക്കിതാ നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ള ന്യായപ്രമാണംവന്നുകിട്ടിയിരിക്കുന്നു" (അന്നിസാഅ്: 174).



ക്വുർആൻ സന്തോഷവാർത്തയും താക്കീതുമാണ്: "വചനങ്ങൾ വിശദീകരിക്കപ്പെട്ട ഒരു വേദഗ്രന്ഥം. മനസ്സിലാക്കുന്ന ആളുകൾക്ക് വേണ്ടി അറബി ഭാഷയിൽ പാരായണം ചെയ്യപ്പെടുന്ന (ഒരു ഗ്രന്ഥം.) സന്തോഷവാർത്ത അറിയിക്കുന്നതും താക്കീത് നൽകുന്നതുമായിട്ടുള്ള (ഗ്രന്ഥം). എന്നാൽ അവരിൽ അധികപേരും തിരിഞ്ഞുകളഞ്ഞു. അവർ കേട്ട് മനസ്സിലാക്കുന്നില്ല"(അൽ ഫുസ്സിലത്ത്: 3,4).

"തീർച്ചയായും ഈ ക്വുർആൻ ഏറ്റവും ശരിയായതിലേക്ക് വഴികാണിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുന്ന സത്യവിശ്വാസികൾക്ക് വലിയ പ്രതിഫലമുണ്ട് എന്ന സന്തോഷവാർത്ത അറിയിക്കുകയും ചെയ്യുന്നു. പരലോകത്തിൽ വിശ്വസിക്കാത്തവരാരോ അവർക്ക് നാം വേദനയേറിയ ശിക്ഷ ഒരുക്കിവെച്ചിട്ടുണ്ട് എന്നും (സന്തോഷവാർത്ത അറിയിക്കുന്നു)" (അൽ ഇസ്റാഅ്: 9,10).

ക്വുർആൻ ഉന്നതവും ആദരണീയവും പ്രതാപമുള്ളതുമാണ്: "തീർച്ചയായും അത് മൂലഗ്രന്ഥത്തിൽ നമ്മുടെ അടുക്കൽ (സൂക്ഷിക്കപ്പെട്ടതത്രെ.) അത് ഉന്നതവും വിജ്ഞാനസമ്പന്നവും തന്നെയാകുന്നു" (സുഖ്റുഫ്: 4).

"തീർച്ചയായും ഇത് ആദരണീയമായ ഒരു ക്വുർആൻ തന്നെയാകുന്നു. ഭദ്രമായി സൂക്ഷിക്കപ്പെട്ട ഒരു രേഖയിലാകുന്നു അത്" (അൽവാകിഅഃ: 77,78). "...തീർച്ചയായും അത് പ്രതാപമുള്ള ഒരു ഗ്രന്ഥം തന്നെയാകുന്നു" (ഫുസ്സിലത്ത്: 41).

ക്വുർആൻ തത്ത്വസമ്പൂർണമാണ്: "യാസീൻ. തത്ത്വസമ്പൂർണമായ ക്വുർആൻ തന്നെയാണ സത്യം" (യാസീൻ: 1,2).

ക്വുർആൻ അതിമഹത്തായതാണ്: "ആവർത്തിച്ചു പാരായണം ചെയ്യപ്പെടുന്ന ഏഴ് വചനങ്ങളും മഹത്തായ ക്വുർആനും തീർച്ചയായും നിനക്ക് നാം നൽകിയിട്ടുണ്ട്" (അൽഹിജ്ർ: 87).

"ക്വാഫ്. മഹത്ത്വമേറിയ ക്വുർആൻ തന്നെയാണ്, സത്യം" (ക്വാഫ്:1). "അല്ല, അത് മഹത്ത്വമേറിയ ഒരു ക്വുർആനാകുന്നു. സംരക്ഷിതമായ ഒരു ഫലകത്തിലാണ് അതുള്ളത്" (അൽബുറൂജ്: 21,22).

ക്വുർആൻ വിളംബരമാണ്: "ഇത് മനുഷ്യർക്കായുള്ള ഒരു വിളംബരവും ധർമനിഷ്ഠ പാലിക്കുന്നവർക്ക് മാർഗദർശനവും സാരോപദേശവുമാകുന്നു" (ആലുഇംറാൻ: 138).

ക്വുർആൻ നിത്യചൈതന്യ സന്ദേശമാണ്: "അപ്രകാരം തന്നെ നിനക്ക് നാം നമ്മുടെ കൽപനയാൽ ഒരു ചൈതന്യവത്തായ സന്ദേശം ബോധനം ചെയ്തിരിക്കുന്നു. വേദഗ്രന്ഥമോ സത്യവിശ്വാസമോ എന്തെന്ന് നിനക്കറിയുമായിരുന്നില്ല. പക്ഷേ, നാം അതിനെ ഒരു പ്രകാശമാ ക്കിയിരിക്കുന്നു. അതുമുഖേന നമ്മുടെ ദാസൻമാരിൽ നിന്ന് നാം ഉദ്ദേശിക്കുന്നവർക്ക് നാം വഴികാണിക്കുന്നു" (അശ്ശൂറാ: 52).

അല്ലാഹുവിൽനിന്ന് നൽകപ്പെട്ട ഗ്രന്ഥം: "തീർച്ചയായും യുക്തിമാനും സർവജ്ഞനുമായിട്ടുള്ളവന്റെ പക്കൽ നിന്നാകുന്നു നിനക്ക് ക്വുർആൻ നൽകപ്പെടുന്നത്" (അന്നംല്: 6).

അല്ലാഹുവിന്റെ കലാമായ ഗ്രന്ഥം: "ബഹുദൈവവിശ്വാസികളിൽ വല്ലവനും നിന്റെ അടുക്കൽ അഭയം തേടി വന്നാൽ അല്ലാഹുവിന്റെ വചനം (കലാം) അവൻ കേട്ടു ഗ്രഹിക്കുവാൻ വേണ്ടി അവന്ന് അഭയം നൽകുക. എന്നിട്ട് അവന്ന് സുരക്ഷിതത്വമുള്ള സ്ഥലത്ത് അവനെ എത്തിച്ചുകൊടുക്കുകയും ചെയ്യുക. അവർ അറിവില്ലാത്ത ഒരു ജനവിഭാഗമാണ് എന്നതു കൊണ്ടാണത്" (അത്തൗബഃ: 6).

വെളിച്ചത്തിലേക്ക് നയിക്കുന്ന ഗ്രന്ഥം: അല്ലാഹു പറഞ്ഞു:"അലിഫ് ലാം റാ. മനുഷ്യരെ അവന്റെ രക്ഷിതാവിന്റെ അനുമതി പ്രകാരം ഇരുട്ടുകളിൽ നിന്ന് വെളിച്ചത്തിലേക്ക് കൊണ്ടുവരുവാൻ വേണ്ടി നിനക്ക് അവതരിപ്പിച്ചുതന്നിട്ടുള്ള ഗ്രന്ഥമാണിത്. അതായത്, പ്രതാപിയും സ്തുത്യർഹനും ആയിട്ടുള്ളവന്റെ മാർഗത്തിലേക്ക്" (ഇബ്റാഹീം: 1).

വക്രതയില്ലാത്ത ഗ്രന്ഥം: "അതെ, ഒട്ടും വക്രതയുള്ളതല്ലാത്ത, അറബി ഭാഷയിലുള്ള ഒരു ക്വുർആൻ. അവർ സൂക്ഷ്മത പാലിക്കുവാൻ വേണ്ടി"(അസ്സുമർ: 28). "തന്റെ ദാസന്റെ മേൽ വേ



ദഗ്രന്ഥമവതരിപ്പിക്കുകയും, അതിന് ഒരു വക്രതയും വരുത്താതിരിക്കുകയും ചെയ്ത അല്ലാഹുവിന് സ്തുതി. ചൊവ്വായ നിലയിൽ" (അൽകഹ്ഫ്:1,2).

ജീവിച്ചിരിക്കുന്നവർക്ക് താക്കീത്: "അദ്ദേഹത്തിന് (നബിക്ക്) നാം കവിത പഠിപ്പിച്ചിട്ടില്ല. അത് അദ്ദേഹത്തിന് അനുയോജ്യമാകുകയുമില്ല. ഇത് ഒരു ഉൽബോധനവും കാര്യങ്ങൾ സ്പഷ്ടമാക്കുന്ന ക്വുർആനും മാത്രമാകുന്നു. ജീവനുള്ളവർക്ക് താക്കീത് നൽകുന്നതിന് വേണ്ടിയത്രെ ഇത്. സത്യനിഷേധികളുടെ കാര്യത്തിൽ (ശിക്ഷയുടെ) വചനം സത്യമായിപുലരുവാൻ വേണ്ടിയും" (യാസീൻ: 69,70).

നേർവഴി കാണിക്കുന്നതും നേർവഴിയിലേക്ക് നയിക്കുന്നതുമായ ഗ്രന്ഥം: "അലിഫ് ലാം മീം. ഇതാകുന്നു ഗ്രന്ഥം. അതിൽ സംശയമേയില്ല. സൂക്ഷ്മത പാലിക്കുന്നവർക്ക് നേർവഴി കാണിക്കുന്നതത്രെ അത്" (അൽബക്വറഃ: 1,2). "അവർ(ജിന്നുകൾ) പറഞ്ഞു: ഞങ്ങളുടെ സമുദായമേ, തീർച്ചയായും മൂസായ്ക്ക് ശേഷം അവതരിപ്പിക്കപ്പെട്ടതും അതിന് മുമ്പുള്ളതിനെ സത്യപ്പെടുത്തുന്നതുമായ ഒരു വേദഗ്രന്ഥം ഞങ്ങൾ കേട്ടിരിക്കുന്നു. സത്യത്തിലേക്കും നേരായ പാതയിലേക്കും അത് നയിക്കുന്നു" (അൽഅഹ്ക്വാഫ്: 30).

ഏറ്റവും നല്ലതിലേക്കും ശരിയിലേക്കും നയിക്കുന്ന ഗ്രന്ഥം: "തീർച്ചയായും ഈ ക്വുർആൻ ഏറ്റവും ശരിയായതിലേക്ക് വഴി കാണിക്കുന്നു..." (അൽഇസ്റാഅ്:11). "...തീർച്ചയായും അത്ഭുതകരമായ ഒരു ക്വുർആൻ ഞങ്ങൾ കേട്ടിരിക്കുന്നു. അത് സൻമാർഗത്തിലേക്ക് വഴികാണിക്കുന്നു. അതുകൊണ്ട് ഞങ്ങൾ അതിൽ വിശ്വസിച്ചു..." (ജിന്ന്:11). "നിങ്ങൾക്കിതാ അല്ലാഹുവിങ്കൽനിന്ന് ഒരു പ്രകാശവും വ്യക്തമായ ഒരു ഗ്രന്ഥവും വന്നിരിക്കുന്നു. അല്ലാഹു തന്റെ പൊരുത്തം തേടിയവരെ അത് മുഖേന സമാധാനത്തിന്റെ വഴികളിലേക്ക് നയിക്കുന്നു. തന്റെ ഉത്തരവ് മുഖേന അവരെ അന്ധകാരങ്ങളിൽനിന്ന് അവൻ പ്രകാശത്തിലേക്ക് കൊണ്ടുവരുകയും, നേരായ പാതയിലേക്ക് അവരെ നയിക്കുകയും ചെയ്യുന്നു" (അൽമാഇദ:15,16).

**വെല്ലുവിളി ഉയർത്തുന്ന ഗ്രന്ഥം:**

"(നബിയേ,) പറയുക: ഈ ക്വുർആൻ പോലൊന്ന് കൊണ്ടുവരുന്നതിന്നായി മനുഷ്യരും ജിന്നുകളും ഒന്നിച്ചുചേർന്നാലും തീർച്ചയായും അതുപോലൊന്ന് അവർ കൊണ്ടുവരികയില്ല. അവരിൽ ചിലർ ചിലർക്ക് പിന്തുണ നൽകുന്നതായാൽ പോലും" (അൽ ഇസ്റാഅ്: 88).

"നമ്മുടെ ദാസന് നാം അവതരിപ്പിച്ചുകൊടുത്തതിനെ (വിശുദ്ധ ക്വുർആനിനെ) പറ്റി നിങ്ങൾ സംശയാലുക്കളാണെങ്കിൽ അതിന്റേതുപോലുള്ള ഒരു അധ്യായമെങ്കിലും നിങ്ങൾ കൊണ്ടുവരിക. അല്ലാഹുവിന് പുറമെ നിങ്ങൾക്കുള്ള സഹായികളെയും വിളിച്ചുകൊള്ളുക. നിങ്ങൾ സത്യവാന്മാരാണെങ്കിൽ (അതാണല്ലോ വേണ്ടത്). നിങ്ങൾക്കത് ചെയ്യാൻ കഴിഞ്ഞില്ലെങ്കിൽ നിങ്ങൾക്കത് ഒരിക്കലും ചെയ്യാൻ കഴിയുകയുമില്ല. മനുഷ്യരും കല്ലുകളും ഇന്ധനമായി കത്തിക്കപ്പെടുന്ന നരകാഗ്നിയെ നിങ്ങൾ കാത്തുസൂക്ഷിച്ചുകൊള്ളുക. സത്യനിഷേധികൾക്കുവേണ്ടി ഒരുക്കിവെക്കപ്പെട്ടതാകുന്നു അത്"(അൽ ബക്വറ:23,24).

അസത്യം കടന്നുവരാത്ത ഗ്രന്ഥം: "തീർച്ചയായും ഈ ഉൽബോധനം തങ്ങൾക്കു വന്നുകിട്ടിയപ്പോൾ അതിൽ അവിശ്വസിച്ചവർ (നഷ്ടം പറ്റിയവർ തന്നെ). തീർച്ചയായും അത് പ്രതാപമുള്ള ഒരു ഗ്രന്ഥം തന്നെയാകുന്നു. അതിന്റെ മുന്നിലൂടെയോ പിന്നിലൂടെയോ അതിൽ അസത്യം വന്നെത്തുകയില്ല. യുക്തിമാനും സ്തുത്യർഹനുമായിട്ടുള്ളവന്റെ പക്കൽ നിന്ന് അവതരിപ്പിക്കപ്പെട്ടതത്രെ അത്" (അൽബക്വറ: 23,24).

മാറ്റിത്തിരുത്തിൽനിന്ന് സംരക്ഷിക്കപ്പെടുന്ന ഗ്രന്ഥം: "തീർച്ചയായും നാമാണ് ആ ഉൽബോധനം അവതരിപ്പിച്ചത്. തീർച്ചയായും നാം അതിനെ കാത്തുസൂക്ഷിക്കുന്നതുമാണ്" (അൽഹിജ്ർ: 9).

മനസ്സിലാക്കുവാൻ എളുപ്പമുള്ള ഗ്രന്ഥം: "തീർച്ചയായും ആലോചിച്ചു മനസ്സിലാക്കാൻ ക്വുർആൻ നാം എളുപ്പമുള്ളതാക്കിയിരിക്കുന്നു. എന്നാൽ ആലോചിച്ചു മനസ്സിലാക്കുന്നവരായി ആരെങ്കിലുമുണ്ടോ?" (അൽക്വമർ: 9).

ഹൃദയങ്ങളിൽ സൂക്ഷിക്കപ്പെടുന്ന ഗ്രന്ഥം: "എന്നാൽ ജ്ഞാനം നൽകപ്പെട്ടവരുടെ ഹൃദയങ്ങളിൽ അത് സുവ്യക്തമായ ദൃഷ്ടാന്തങ്ങളാകുന്നു. അക്രമികളല്ലാതെ നമ്മുടെ ദൃഷ്ടാന്തങ്ങളെ നിഷേധിക്കുകയില്ല" (അങ്കബൂത്ത്: 49).

ഹൃദയങ്ങളെ ഉറപ്പിച്ച് നിർത്തുന്ന ഗ്രന്ഥം: "സത്യനിഷേധികൾ പറഞ്ഞു; ഇദ്ദേഹത്തിന് ക്വുർആൻ ഒറ്റ തവണയായി ഇറക്കപ്പെടാത്തതെന്താണെന്ന്. അത് അപ്രകാരം (ഘട്ടങ്ങളിലായി അവതരിപ്പിക്കുക) തന്നെയാണ് വേണ്ടത്. അത് കൊണ്ട് നിന്റെ ഹൃദയത്തെ ഉറ

പ്പിച്ച് നിർത്തുവാൻ വേണ്ടിയാകുന്നു. ശരിയായ സാവകാശത്തോടെ നാമത് പാരായണം ചെയ്ത് കേൾപിക്കുകയും ചെയ്തിരിക്കുന്നു" (അൽഫുർകാൻ: 32).

നിർജീവ വസ്തുക്കളെ പോലും സ്വാധീനിക്കുന്ന ഗ്രന്ഥം: "ഈ ക്വുർആനിനെ നാം ഒരു പർവതത്തിന്മേൽ അവതരിപ്പിച്ചിരുന്നുവെങ്കിൽ അത്(പർവതം) വിനീതമാകുന്നതും അല്ലാഹുവെപ്പറ്റിയുള്ള ഭയത്താൽ പൊട്ടിപ്പിളരുന്നതും നിനക്ക് കാണാമായിരുന്നു" (അൽഹശ്ർ: 21).

ചരിത്രവിവരണ ഗ്രന്ഥം: "നിനക്ക് ഈ ക്വുർആൻ ബോധനം നൽകിയത് വഴി ഏറ്റവും നല്ല ചരിത്രവിവരണമാണ് നാം നിനക്ക് നൽകിക്കൊണ്ടിരിക്കുന്നത്" (യൂസുഫ്:3). "അല്ലാഹുവാണ് ഏറ്റവും ഉത്തമമായ വർത്തമാനം അവതരിപ്പിച്ചിരിക്കുന്നത്. അഥവാ വചനങ്ങൾക്ക് പരസ്പരം സാമ്യമുള്ളതും ആവർത്തിക്കപ്പെടുന്ന വചനങ്ങളുള്ളതുമായ ഒരു ഗ്രന്ഥം. തങ്ങളുടെ രക്ഷിതാവിനെ ഭയപ്പെടുന്നവരുടെ ചർമങ്ങൾ അതുനിമിത്തം രോമാഞ്ചമണിയുന്നു. പിന്നീട് അവരുടെ ചർമങ്ങളും ഹൃദയങ്ങളും അല്ലാഹുവെ സ്മരിക്കുന്നതിനായി വിനീതമാവുകയും ചെയ്യുന്നു..." (അസ്സുമർ: 23).

മുൻവേദങ്ങളെ സത്യപ്പെടുത്തുന്ന ഗ്രന്ഥം: "നിനക്ക് നാം ബോധനം നൽകിയ ഗ്രന്ഥം തന്നെയാകുന്നു സത്യം. അതിന്റെ മുമ്പുള്ളതിനെ (വേദങ്ങളെ) സത്യപ്പെടുത്തുന്നതായിട്ട്. തീർച്ചയായും അല്ലാഹു തന്റെ ദാസന്മാരെപ്പറ്റി സൂക്ഷ്മമമായി അറിയുന്നവനും കാണുന്നവനുമാകുന്നു" (ഫാത്വിർ:31).

മുൻവേദങ്ങളെ കാത്തുരക്ഷിക്കുന്ന ഗ്രന്ഥം: "(നബിയേ,) നിനക്കിതാ സത്യപ്രകാരം വേദഗ്രന്ഥം അവതരിപ്പിച്ച് തന്നിരിക്കുന്നു. അതിന്റെ മുമ്പിലുള്ള വേദഗ്രന്ഥങ്ങളെ ശരിവെക്കുന്നതും അവയെ കാത്തുരക്ഷിക്കുന്നതുമത്രെ അത്..." (അൽമാഇദ: 48).

പ്രവചനങ്ങൾ ഏറെയുള്ള ഗ്രന്ഥം: "ഇസ്‌റാഈൽ സന്തതികൾ അഭിപ്രായഭിന്നത പുലർത്തിക്കൊണ്ടിരിക്കുന്ന വിഷയങ്ങളിൽ മിക്കതും ഈ ക്വുർആൻ അവർക്ക് വിവരിച്ചുകൊടുക്കുന്നു. തീർച്ചയായും ഇത് സത്യവിശ്വാസികൾക്ക് മാർഗദർശനവും കാരുണ്യവുമാകുന്നു" (അന്നംല്: 76,77).

"റോമക്കാർ തോൽപിക്കപ്പെട്ടിരിക്കുന്നു. അടുത്ത നാട്ടിൽ വെച്ച്. തങ്ങളുടെ പരാജയത്തിനുശേഷം അവർ വിജയംനേടുന്നതാണ്. ഏതാനും വർഷങ്ങൾക്കുള്ളിൽതന്നെ" (അർറൂം: 2-4).

വിശദീകരണമായ ഗ്രന്ഥം: "...എല്ലാകാര്യത്തിനും വിശദീകരണമായിക്കൊണ്ടും മാർഗദർശനവും കാരുണ്യവും കീഴ്‌പെട്ടു ജീവിക്കുന്നവർക്ക് സന്തോഷവാർത്തയുമായിക്കൊണ്ടുമാണ് നിനക്ക് നാം വേദഗ്രന്ഥം അവതരിപ്പിച്ചിരിക്കുന്നത്" (അന്നഹ്ൽ: 89).

കണ്ണുതുറപ്പിക്കുന്ന തെളിവുകളുള്ള ഗ്രന്ഥം: "നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്ന് നിങ്ങൾക്കിതാ കണ്ണുതുറപ്പിക്കുന്ന തെളിവുകൾ വന്നെത്തിയിരിക്കുന്നു. വല്ലവനും അത് കണ്ടറിഞ്ഞാൽ അതിന്റെ ഗുണം അവന്ന് തന്നെയാണ്. വല്ലവനും അന്ധത കൈക്കൊണ്ടാൽ അതിന്റെ ദോഷവും അവന്നുതന്നെ" (അൽആം: 104). "നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ള കണ്ണുതുറപ്പിക്കുന്ന തെളിവുകളും വിശ്വസിക്കുന്ന ജനങ്ങൾക്ക് മാർഗദർശനവും കാരുണ്യവുമാണ് ഇത് (ക്വുർആൻ). ക്വുർആൻ പാരായണം ചെയ്യപ്പെട്ടാൽ നിങ്ങളത് ശ്രദ്ധിച്ച് കേൾക്കുകയും നിശ്ശബ്ദത പാലിക്കുകയും ചെയ്യുക. നിങ്ങൾക്ക് കാരുണ്യം ലഭിച്ചേക്കാം" (അൽഅഅ്‌റാഫ്: 104).

**സുന്നത്തിൽ വിവരണമുള്ള ഗ്രന്ഥം**

"നിനക്ക് നാം ഉൽബോധനം അവതരിപ്പിച്ച് തന്നിരിക്കുന്നു. ജനങ്ങൾക്കായി അവതരിപ്പിക്കപ്പെട്ടത് നീ അവർക്ക് വിവരിച്ചു കൊടുക്കുവാൻ വേണ്ടിയും അവർ ചിന്തിക്കുവാൻ വേണ്ടിയും" (അന്നഹ്ൽ: 44). "അവർ ഏതൊരു കാര്യത്തിൽ ഭിന്നിച്ച് പോയിരിക്കുന്നുവോ, അതവർക്ക് വ്യക്തമാക്കി കൊടുക്കുവാൻ വേണ്ടിയും വിശ്വസിക്കുന്ന ജനങ്ങൾക്ക് മാർഗദർശനവും കാരുണ്യവും ആയിക്കൊണ്ടും മാത്രമാണ് നിനക്ക് നാം വേദഗ്രന്ഥം അവതരിപ്പിച്ച് തന്നത്" (അന്നഹ്ൽ: 64). ●

## റൗദത്തുൽ ഉലൂം അറബിക്കോളേജ് മെഗാ അലുംനി മീറ്റ്

ഫാറൂഖ് റൗദത്തുൽ ഉലൂം അറബി കോളേജ് പൂർവ വിദ്യാർഥി സംഘടനയായ 'റോസ്' 2019 ഡിസംബർ എട്ടിന് മെഗാ അലുംനി മീറ്റ് സംഘടിപ്പിക്കുന്നു. 1942ൽ സ്ഥാപിതമായി 75 വർഷങ്ങൾ പൂർത്തീകരിച്ച കോളേജ്, മുഴുവൻ വിദ്യാർഥികളെയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള മെഗാ അലുംനി മീറ്റ് ആണ് ഇത്തവണ സംഘടിപ്പിക്കുന്നത്. ഹ്രസ്വകാല കോഴ്‌സുകൾ ചെയ്തവർ അടക്കമുള്ള മുഴുവൻ പൂർവ വിദ്യാർഥികളും ഡിസംബർ 8 ഞായറാഴ്ച 9.30ന് കോളേജ് ക്യാമ്പസിൽ എത്തിച്ചേരണമെന്ന് 'റോസ്' പ്രസിഡണ്ട് പ്രൊഫസർ പി. മുഹമ്മദ് കുട്ടശ്ശേരി, കൺവീനർ ഡോ. പി.മുസ്തഫ ഫാറൂഖി എന്നിവർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് കോഡിനേറ്റർ ഡോ. വി. എം. അബ്ദുൽ അസീസ് (9249298724), സി.കെ.ഉസ്മാൻ ഫാറൂഖി (9446648703) ബന്ധപ്പെടാവുന്നതാണ്.

അബൂതൻവീൽ
mail@nerpatham.com



# ആരാണ് മഹത്ത്വമുള്ളവർ?

**ഇബ്നു ഇസ്ഹാക്വ് പറയുന്നു: "നബിﷺ ഇങ്ങനെ പറഞ്ഞതായി ചില പണ്ഡിതന്മാർ എന്നെ അറിയിച്ചിരിക്കുന്നു: 'ക്വുറൈശി സമൂഹമേ, അനിസ്ലാമിക കാലത്തെ അഖില അഹന്തകളും കുലമഹിമകളും അല്ലാഹു നിങ്ങളിൽ ഇന്ന് അവസാനിപ്പിച്ചിരിക്കുന്നു. മനുഷ്യരൊക്കെയും ആദമിൽ നിന്ന് ആദമോ മണ്ണിൽ നിന്നും.' പിന്നീട് അവിടുന്ന് പരിശുദ്ധ ക്വുർആനിലെ ഈ സൂക്തം പാരായണം ചെയ്തു: 'ഹേ; മനുഷ്യരേ, തീർച്ചയായും നിങ്ങളെ നാം ഒരു ആണിൽ നിന്നും ഒരു പെണ്ണിൽ നിന്നുമായി സൃഷ്ടിച്ചിരിക്കുന്നു. നിങ്ങൾ അന്യോന്യം അറിയേണ്ടതിന് നിങ്ങളെ നാം വിവിധ സമുദായങ്ങളും ഗോത്രങ്ങളും ആക്കുകയും ചെയ്തിരിക്കുന്നു. തീർച്ചയായും അല്ലാഹുവിന്റെ അടുത്ത് നിങ്ങളിൽ ഏറ്റവും ആദരണീയൻ നിങ്ങളിൽ ഏറ്റവും ധർമനിഷ്ഠ പാലിക്കുന്നവനാകുന്നു. തീർച്ചയായും അല്ലാഹു സർവജ്ഞനും സൂക്ഷ്മജ്ഞാനിയുമാകുന്നു (ക്വുർആൻ 49: 13)"**

ജനങ്ങൾക്കിടയിൽ ആഭിജാത്യത്തിന്റെയോ തറവാടിന്റെയോ തൊലിവർണത്തിന്റെയോ ദേശ, ഭാഷ, വേഷങ്ങളുടെയോ മറ്റോ പേരിൽ ഉച്ചനീചത്വം കൽപിക്കാവതല്ല. എല്ലാവരും അല്ലാഹുവിന്റെ സൃഷ്ടികളും ഒരു മാതാവിന്റെയും പിതാവിന്റെയും സന്താനങ്ങളുമാണ്. എന്നാൽ മനുഷ്യരിൽ വ്യത്യസ്ത ഗോത്രങ്ങളും വർഗങ്ങളുമുണ്ട്. അതിന്റെ അടിസ്ഥാനം ഉൽകൃഷ്ടതയോ നികൃഷ്ടതയോ അല്ല. മനുഷ്യർ പരസ്പരംതിരിച്ചറിയാനുള്ള സ്രഷ്ടാവിന്റെ സംവിധാനമാണത്. അതേസമയം മനുഷ്യർക്കിടയിൽ അല്ലാഹുവിന്റെയടുക്കൽ ഉയർന്നവരും താഴ്ന്നവരുമുണ്ട്. അതിന്റെ മാനദണ്ഡം തക്വയാണ്. അല്ലാഹുവിന്റെ ശിക്ഷയെ ഭയന്ന് തെറ്റുകൾ വെടിഞ്ഞ് സൂക്ഷ്മത കാണിച്ച് ജീവിക്കലാണ് തക്വ. അല്ലാഹുവിന്റെ വിധിവിലക്കുകൾ പാലിച്ച് സൂക്ഷ്മതയോടെ ജീവിക്കുന്നവർ അല്ലാഹുവിന്റെയടുക്കൽ ഉന്നതരാണ്; അധർമകാരികൾ അധമരും.

ലിംഗം, വർണം, വർഗം, ഭാഷ, ദേശം, കുലം, കോലം തുടങ്ങിയവയൊന്നും ഒരാളും സ്വയം തിരഞ്ഞെടുക്കുന്നതല്ല. ആർക്കും അതിന് സാധ്യവുമല്ല. അതെല്ലാം സ്രഷ്ടാവ് തീരുമാനിക്കുന്നതാണ്. അതുകൊണ്ട് അവയുടെ പേരിലൊന്നും മഹത്ത്വവും മഹത്ത്വമില്ലായ്മയും തീരുമാനിച്ചുകൂടാ. എന്നാൽ വ്യക്തികൾക്ക് സ്വതന്ത്രമായി തിരഞ്ഞെടുക്കുവാൻ സാധിക്കുന്ന ചില കാര്യങ്ങളുണ്ട്. വിശ്വാസം, ജീവിതവീക്ഷണം, സ്വഭാവം, പെരുമാറ്റം, പ്രവർത്തനങ്ങൾ പോലുള്ളവ. അവയെ അടിസ്ഥാനപ്പെടുത്തിയായിരിക്കണം ഉൽകൃഷ്ടത തീരുമാനിക്കേണ്ടത്.

പ്രവാചകന്റെ വിഖ്യാതമായ ഹജ്ജത്തുൽ വിദാഇലെ പ്രസംഗത്തിൽ അദ്ദേഹം പറഞ്ഞു: "നിങ്ങളുടെയൊക്കെ ദൈവം ഒന്ന്. പിതാവ് ഒന്ന്. എല്ലാവരും ആദമിൽ നിന്ന്. ആദമോ മണ്ണിൽ നിന്നും. അറബിക്ക് അനറബിയെക്കാൾ ഒട്ടും ശ്രേഷ്ഠതയില്ല; വെളുത്തവന് കറുത്തവനെക്കാളും; ജീവിതത്തിൽ പാലിക്കപ്പെടുന്ന സൂക്ഷ്മതയിലൂടെയല്ലാതെ."

തനിക്കു ലഭിച്ച അധികാരത്തിന്റെയും സമ്പത്തിന്റെയും പേരിൽ ഗർവ് നടിച്ച നംറൂദിന്റെയും ഫിർഔനിന്റെയുമൊക്കെ പതനത്തിന് പിന്നിൽ അതിരുകടന്ന അഹന്തയും അഹങ്കാരവുമായിരുന്നുവെന്നത് ചരിത്രപാഠങ്ങളാണ്. 'ജനങ്ങളെ ജീവിപ്പിക്കുന്നതും മരിപ്പിക്കുന്നതും ഞാനാണെന്ന' വാദത്തിലേക്ക് നംറൂദിന്റെ അഹങ്കാരം വളർന്നുവെങ്കിൽ തന്റെ കൊട്ടാരത്തിൽ വളർന്നു വലുതായ ഒരാൾ പ്രവാചകനായി നിയുക്തനായത് അംഗീകരിക്കാനാവാതെ അഹന്ത നടിക്കുകയായിരുന്നു ഫിർഔൻ. "അവനും അവന്റെ സൈന്യങ്ങളും ഭൂമിയിൽ അന്യായമായി അഹങ്കരിക്കുകയും നമ്മുടെ അടുക്കലേക്ക് അവർ മടക്കപ്പെടുകയില്ലെന്ന് അവർ വിചാരിക്കുകയും ചെയ്തു" (ക്വുർആൻ 28:39).

ക്വാറൂനിനും ഞാനെന്ന ഭാവം തന്നെയാണ് വിനയായത്. "ക്വാറൂൻ പറഞ്ഞു: എന്റെ കൈവശമുള്ള വിദ്യകൊണ്ട് മാത്രമാണ് എനിക്കിതു ലഭിച്ചത്..." (ക്വുർആൻ 28:78).

പലതിന്റെ പേരിലും ഉച്ചനീചത്വം ഇന്നും ലോകത്ത് നിലനിൽക്കുന്നുണ്ട്. ഇസ്ലാം അത്തരം ചിന്തയുടെ തന്നെ വേരറുത്ത മതമാണ്.

ടി.കെ.അശ്റഫ്
tkashraf100@gmail.com

കൂട്ടായ്മ



# സംഘാടകന്റെ സാമ്പത്തിക സുതാര്യത

പ്രബോധന പ്രവർത്തനങ്ങൾക്ക് സാമ്പത്തികം കണ്ടെത്തൽ അത്യാവശ്യമാണ്. പരിപാടി തീരുമാനിച്ച ഉടനെ അതിനാവശ്യമായ ബഡ്ജറ്റ് യാഥാർഥ്യബോധത്തോടെ ഉണ്ടാക്കണം.അത് കണ്ടെത്താനുള്ള സ്രോതസ്സുകളും പ്രായോഗിക സമീപനങ്ങളും മുൻകൂട്ടി കണ്ടെത്തണം.

സംഘടനയുടെ മെമ്പർമാർക്ക് സാധിക്കുന്ന വിഹിതം അവരെടുക്കണം. അതിന് ശേഷമാണ് മറ്റുള്ളവരെ സമീപിക്കേണ്ടത്. സാമ്പത്തിക സമാഹരണത്തിനിറങ്ങുമ്പോൾ തികഞ്ഞില്ലെങ്കിൽ എന്റെ വിഹിതമെടുക്കാമെന്ന ധാരണയല്ല നമുക്ക് വേണ്ടത്. ഈ സംരംഭത്തിനുള്ള ആദ്യസംഖ്യ എന്റെ വകയാകട്ടെ എന്നാണ് പിരിവിന് നേതൃത്വം നൽകുന്നവർ ചിന്തിക്കേണ്ടത്. നമ്മുടെ വിഹിതം ആദ്യം നൽകുമ്പോഴാണ് മറ്റുള്ളവരോട് ചോദിക്കാനുള്ള അർഹത നാം നേടുന്നത്.

**ചാരിറ്റി പ്രവർത്തനങ്ങൾക്ക് വേണ്ടി സാമ്പത്തിക സമാഹരണത്തിന് ഇറങ്ങുന്നതിന് മുമ്പ് തന്നെ എക്കൗണ്ട് സംബന്ധിച്ച എല്ലാ കാര്യത്തിലും വ്യക്തത വരുത്തണം. പലപ്പോഴും ഉപഭോക്താവിന്റെ ദൈന്യതയും സമ്പത്ത് കണ്ടെത്താനുള്ള സമയക്കുറവും കാരണം കൃത്യമായ വ്യവസ്ഥകളില്ലാതെ പിരിവ് ആരംഭിക്കുകയും പലരുടെയും കയ്യിൽ പണം വന്ന് ചേരുകയും പിന്നീട് അതിന്റെ പേരിൽ പല പ്രശ്നങ്ങൾക്ക് കാരണമാവുകയും ചെയ്യാനുള്ള സാധ്യതയേറെയാണ്. സദുദ്ദേശ്യം വിചാരിച്ച് നേതൃത്വം നൽകിയവർ സാമ്പത്തിക ആരോപണം നേരിടേണ്ട സാഹചര്യവും ഇതുമൂലം വന്ന് ചേരും.**



വരവുകൾ റസീപ്റ്റിലൂടെയും ചെലവുകൾ വൗച്ചറിലൂടെയുമായിരിക്കണം കൈകാര്യം ചെയ്യേണ്ടത്. ഡെ ബുക്ക്, ലഡ്ജർ, ബില്ലുകൾ എല്ലാം സൂക്ഷിക്കണം.

ബഡ്ജറ്റിൽ ഒതുങ്ങിനിന്നുകൊണ്ട് ചെലവുകൾ ക്രമീകരിക്കാൻ സാധിക്കണം. യാതൊരു ദീർഘ വീക്ഷണവുമില്ലാതെ പരിപാടികൾ പ്രഖ്യാപിക്കുകയും സാമ്പത്തിക മാർഗത്തിന് മുന്നൊരുക്കമില്ലാതെ വരികയും ചെയ്യുന്നത് ദോഷം ചെയ്യും. പരിപാടി കഴിയുമ്പോൾ ചില ഭാരവാഹികളുടെ തലയിൽ സാമ്പത്തികഭാരം വന്നുചേരുകയും അത് തിരിച്ചുനൽകാൻ സാധിക്കാതെ വരികയും ചെയ്യുന്നത് പ്രവർത്തകർ നഷ്ടപ്പെടാൻ വരെ കാരണമാകും. പരിപാടി കഴിഞ്ഞ ശേഷം അതിലേക്ക് കുടിശ്ശിക പിരിക്കുന്നത് സംഘാടകരുടെ ആസൂത്രണമില്ലായ്മയുടെ പ്രകടമായ ഉദാഹരണമാണ്. ഒരു പരിപാടി കഴിഞ്ഞാൽ തിരമാല പോലെ അടുത്തത് പിന്നാലെ വരും. അപ്പോൾ പഴയതിന്റെ ചെലവ് ബാധ്യതയായി തുടരും.

അത്യാവശ്യത്തിന് മാത്രം പണം പിരിക്കുക. രാജ്യത്തെ സാമ്പത്തിക പ്രതിസന്ധി പരിഗണിക്കണം. പരിപാടികളിൽ ചെലവുകൾ പരമാവധി ചുരുക്കണം.

പൊതു ഫണ്ടുകൾ അധികം ബാലൻസ് ഉണ്ടാവുന്നത് ഗുണത്തെക്കാളേറെ ദോഷം ചെയ്യും. പൊതു ഫണ്ട് സ്വകാര്യ ആവശ്യങ്ങൾക്ക് ഉപയോഗിക്കരുത്. വകുപ്പ് മാറി ചെലവഴിക്കുന്നതും തെറ്റാണ്. പൊതു ഫണ്ട് കൈകാര്യം ചെയ്യുന്നവർ അതിന്റെ സുതാര്യത ഉറപ്പ് വരുത്തണം.

അല്ലാഹുവിനെ ഭയന്നുകൊണ്ടും സത്യസന്ധമായും ഫണ്ട് കൈകാര്യം ചെയ്യുമ്പോഴും അതിന്റെ സുതാര്യത സമൂഹത്തെ അറിയിക്കൽ അയാൾക്ക് ബാധ്യതയാണ്. സംഘടനയിൽ പ്രത്യേക ഇടവേളകളിൽ ചേരുന്ന മീറ്റിംഗുകളിൽ കണക്ക് അവതരിപ്പിക്കുകയും അംഗീകരിക്കുകയും വേണം. കണക്കുകൾ എക്കൗണ്ട് ചെയ്യുമ്പോഴുള്ള നിയമങ്ങൾ പാലിച്ചുകൊണ്ടാകണം എഴുതി തയ്യാറാക്കേണ്ടതും അവതരിപ്പിക്കേണ്ടതും. സ്വയം വിശദീകരിക്കുന്നതായിരിക്കണം (Self explanatory) കണക്കിന്റെ സ്വഭാവം. അനിവാര്യ കാരണങ്ങളാൽ കണക്ക് തയ്യാറാക്കിയ വ്യക്തിക്ക് യോഗത്തിൽ പങ്കെടുക്കാനായില്ലങ്കിലും മറ്റൊരാൾക്ക് വായിക്കാനും അവതരിപ്പിക്കാന്നും സാധിക്കണം.

പിരിവ് നടക്കാതെയാണ് പരിപാടി നടന്നതെങ്കിലും അതിന്റെയും കണക്കുകൾ യഥാവിധി എഴുതി അവതരിപ്പിക്കണം. കണക്കെഴുതി വെക്കാതിരിക്കാൻ വരവിലേക്ക് ഒന്നും ലഭിച്ചില്ല എന്നത് ന്യായമല്ല. ആരിൽ നിന്നെങ്കിലും കടമെടുത്തിട്ടാണെങ്കിൽ അത് രേഖപ്പെടുത്തി വെക്കണം. അയാൾ അത് ഒഴിവാക്കിത്തരികയാണങ്കിൽ അയാളുടെ പേരിൽ റസീപ്റ്റ് എഴുതി വരവിൽ ചേർക്കണം.

അനുയായികൾ സംഘടന ഭാരവാഹികൾക്ക് വിശ്വാസ്യത കൽപിച്ച് നൽകുന്നത് സാമ്പത്തിക രംഗത്ത് ക്രമക്കേടുകൾ സംഭവിക്കാൻ കാരണമാകരുത്. സ്വന്തം ആവശ്യത്തിന് വേണ്ടി സഹപ്രവർത്തകരിൽ നിന്ന് പണം കടം വാങ്ങേണ്ടി വന്നാൽ യഥാസമയം അത് തിരിച്ചു നൽകാൻ ജാഗ്രതയുണ്ടാകണം.

നമ്മെ നയിക്കുന്നവർ എത്രമേൽ വിശ്വസ്തരാണെങ്കിലും, യോഗത്തിൽ കണക്കുകൾ സംബന്ധിച്ച് സംശയങ്ങൾ ഉന്നയിച്ച് സുതാര്യത ഉറപ്പ് വരുത്തൽ അംഗങ്ങളുടെ മതപരമായ ബാധ്യതയാണ്. കണക്ക് സംബന്ധിച്ച അന്വേഷണങ്ങളോട് വളരെ പക്വമായി പ്രതികരിക്കാനും തൃപ്തികരമായ വിശദീകരണം നൽകാനും ബന്ധപ്പെട്ട ഭാരവാഹികൾക്ക് സാധിക്കേണ്ടതുണ്ട്. കണക്കുകൾ സംബന്ധിച്ച സംശയങ്ങൾക്ക് അത് വ്യക്തമാകുന്ന രീതിയിലുള്ള സംശയ നിവാരണമാണ് നൽകേണ്ടത്. അതിന് പകരം, ചോദിച്ച വ്യക്തിയോട് നീരസം പ്രകടിപ്പിക്കുകയോ, ദേഷ്യപ്പെടുകയോ, താൻ സംഘടനാ രംഗത്ത് നിർവഹിച്ച ത്യാഗങ്ങൾ എടുത്ത് പറയുകയൊ, മറ്റു ആരോപണമുന്നയിക്കുകയോ ചെയ്യുന്നത് മതപ്രബോധകർക്ക് യോജിച്ചതല്ല. ഒരാളുടെ വ്യക്തിത്വം ശരിയായി വിലയിരുത്തപ്പെടുന്നത് അയാളുമായി സാമ്പത്തിക ഇടപാടുകൾ നടത്തുമ്പോഴാണ്.

സാമ്പത്തിക വിഷയത്തിൽ സംശയങ്ങൾ ഉണ്ടാകുമ്പോൾ ബന്ധപ്പെട്ട ഭാരവാഹിയോടോ യോഗങ്ങളിലോ ആയിരിക്കണം അക്കാര്യം അന്വേഷിക്കേണ്ടത്. സ്വകാര്യ സംഭാഷണങ്ങളിൽ ഇത്തരം കാര്യങ്ങൾ പങ്ക് വെക്കുന്നവർ ഗുണമല്ല ഉദ്ദേശിക്കുന്നത്.

സാമ്പത്തിക സമാഹരണത്തിന് വേണ്ടിയുള്ള റസീപ്റ്റ് ബുക്കുകൾ യോഗത്തിൽ ചർച്ച ചെയ്ത് തീരുമാനിച്ച ശേഷമായിരിക്കണം പ്രിന്റ് ചെയ്യേണ്ടത്. ഇതിന് പ്രത്യേക രജിസ്റ്റർ സൂക്ഷിക്കണം. റസീപ്റ്റുകൾ പിരിവിന് വേണ്ടി വിതരണം നടത്തുമ്പോൾ ഏറ്റുവാങ്ങിയ വ്യക്തിയെക്കൊണ്ട് രജിസ്റ്ററിൽ ഒപ്പ് വെപ്പിക്കണം. അവർക്ക് നൽകിയ ബുക്കുകളുടെ എണ്ണവും നമ്പറും അതിൽ ചേർക്കുകയും വേണം. ഒരു ലീഫു പോലും നഷ്ടപ്പെടുകയോ, അശ്രദ്ധമായി കൈകാര്യം ചെയ്യുകയോ പാടില്ല. പ്രഖ്യാപിച്ച പദ്ധതി അവസാനിപ്പിക്കുമ്പോൾ പ്രിന്റ് ചെയ്ത റസീപ്റ്റ് ബുക്കുകളിൽ ഉപയോഗിച്ചതും ബാക്കിയുള്ളതും പ്രത്യേകം കണക്കെടുക്കണം. കണക്കവതരിപ്പിക്കുമ്പോൾ ഇക്കാര്യം പ്രത്യേകം അറിയിക്കുകയും വേണം. മേൽഘടകങ്ങളിൽ ഏൽപിക്കാനുള്ള പണം നമ്മുടെ കയ്യിൽ ലഭിച്ചാൽ താമസം കൂടാതെ ബന്ധപ്പെട്ടവർക്ക് കൈമാറണം. പൊതു ഫണ്ടുകൾ കൈവശം വെക്കുമ്പോൾ ജാഗ്രത പാലിക്കണം.



കണക്കുകൾ വർഷത്തിലൊരിക്കൽ ഓഡിറ്റിംഗിന് വിധേയമാക്കണം. മേൽഘടകങ്ങളുടെ അംഗീകാരപത്രത്തോടെ സമാഹരിച്ച ഫണ്ടിന്റെ വിശദാംശങ്ങൾ യഥാസമയം സംസ്ഥാന സമിതിയെയും അറിയിക്കേണ്ടതാണ്. പൊതുജനങ്ങളിൽ നിന്ന് ബക്കറ്റുകളിൽ പിരിച്ചെടുക്കുന്ന പണം എണ്ണിത്തിട്ടപ്പെടുത്തി, പിരിവെടുത്ത അതേ സദസ്സിൽ അറിയിക്കുകയും റസീപ്റ്റിൽ വരവ് ചേർക്കുകയും വേണം.

ചാരിറ്റി പ്രവർത്തനങ്ങൾക്ക് വേണ്ടി സാമ്പത്തിക സമാഹരണത്തിന് ഇറങ്ങുന്നതിന് മുമ്പ് തന്നെ എക്കൗണ്ട് സംബന്ധിച്ച എല്ലാ കാര്യത്തിലും വ്യക്തത വരുത്തണം. പലപ്പോഴും ഉപഭോക്താവിന്റെ ദൈന്യതയും സമ്പത്ത് കണ്ടെത്താനുള്ള സമയക്കുറവും കാരണം കൃത്യമായ വ്യവസ്ഥകളില്ലാതെ പിരിവ് ആരംഭിക്കുകയും പലരുടെയും കയ്യിൽ പണം വന്ന് ചേരുകയും പിന്നീട് അതിന്റെ പേരിൽ പല പ്രശ്നങ്ങൾക്ക് കാരണമാവുകയും ചെയ്യാനുള്ള സാധ്യതയേറെയാണ്. സദുദ്ദേശ്യം വിചാരിച്ച് നേതൃത്വം നൽകിയവർ സാമ്പത്തിക ആരോപണം നേരിടേണ്ട സാഹചര്യവും ഇതുമൂലം വന്ന് ചേരും. ●

**നബീൽ പയ്യോളി**
nabeelpayyoly@gmail.com

ലേഖനം



# ഫുട്ബോൾ മീറ്റിംഗും കുട്ടികൾ സമൂഹത്തിന് നൽകുന്ന സന്ദേശവും

**കാ**ൽപന്തുകളിയെ നെഞ്ചോട് ചേർത്ത മലപ്പുറം ജില്ലയിലെ നിലമ്പൂരിൽ ഫുട്ബോൾ വാങ്ങാൻ മീറ്റിംഗ് നടത്തിയ കുട്ടികളുടെ വീഡിയോ സമൂഹമാധ്യമങ്ങളിൽ വൈറലായത് നാം കണ്ടു. വലിയ പ്രതികരണങ്ങളാണ് ഈ വീഡിയോക്ക് സമൂഹത്തിന്റെ വിവിധ തലങ്ങളിൽ നിന്ന് ലഭ്യമായത്. അവർക്ക് ഫുട്ബോളും ജേഴ്സിയും വാങ്ങാനുള്ള സഹായഹവാഗ്ദാനങ്ങളുമായി പലരും മുന്നോട്ട് വന്നു. സമൂഹത്തിലെ നല്ല മനസ്സുകൾ എപ്പോഴും ഇത്തരം നന്മകളെ പ്രോത്സാഹിപ്പിക്കാനും അവർക്ക് തണൽ നൽകാനും കൂടെയുണ്ടാവാറുണ്ട്. അതിനപ്പുറം ഏവരെയും ചിന്തിപ്പിക്കുന്ന ഒരുപാട് സന്ദേശങ്ങൾ ആ വീഡിയോയിലൂടെ കൊച്ചു കൂട്ടുകാർ ലോകത്തിന് സമ്മാനിക്കുന്നുണ്ട്. പണവും തറവാടിത്തവും കുലമഹിമയും സ്മാർട്ട്ഫോണുകളും തീർത്ത അപകർഷതയുടെ തടവറയിൽ നിന്നും നിഷ്കളങ്ക ഗ്രാമീണ ബാല്യത്തിന്റെ നേർക്കാഴ്ചയാണ് ആ കുരുന്നുകൾ. മണ്ണിന്റെ മണമറിഞ്ഞ് കൂട്ടുകാരുടെ ഒത്തുചേരൽ. കാൽപന്തുകളിയെന്ന കായിക വിനോദത്തിനപ്പുറം സ്നേഹത്തിന്റെയും സൗഹാർദത്തിന്റെയും മാതൃക സമ്മാനിക്കുകയാണവർ.

പിള്ള മനസ്സിൽ കളങ്കമില്ലെന്ന ആപ്തവാക്യത്തിന്റെ നേർക്കാഴ്ചയാണ് അവർ സമ്മാനിച്ചത്. മതവും ജാതിയും വർഗ, വർണ വെറികളും തീർത്ത മതിൽക്കെട്ടുകൾ നാടിന്റെ സമാധാനത്തിന് വെല്ലുവിളിയാകുന്ന ഇന്നിന്റെ ലോകത്ത് നാട്ടുകാർ, അയൽവാസികൾ എന്ന മാനുഷിക വികാരത്തെ അവർ വരച്ചു കാണിക്കുന്നു. അയൽവാസികളും മനുഷ്യരാണ്. അവരോട് ആ നിലയ്ക്കുള്ള അടുപ്പം കാണിച്ച് ജീവിക്കേണ്ടവരാണ് നാം എല്ലാവരും. നമ്മെ വരിഞ്ഞു മുറുകിയ അപകർഷതയുടെ വേലിക്കെട്ടുകൾ തകർത്തെറിഞ്ഞു ഗ്രാമീണ സ്നേഹത്തിന്റെ രുചി ആസ്വദിക്കാൻ അവർ നമ്മോട് പറയുന്നു. വർഗീയ ശക്തികൾ ഇടം തിരയുന്ന വർത്തമാന സാഹചര്യത്തിൽ നമ്മുടെ നാട് ഇത് ആവശ്യപ്പെടുന്നു. പരസ്പരം അറിഞ്ഞും കൊണ്ടും കൊടുത്തും മാനുഷിക മൂല്യങ്ങൾ കത്തുസൂക്ഷിക്കുന്ന ആത്മാർഥ ബന്ധങ്ങൾക്കിടയിൽ വിള്ളൽ വീഴ്ത്താൻ ഒരു കുടില തന്ത്രജ്ഞനും സാധ്യമല്ല.

ഏകാധിപത്യത്തിന്റെ കരാളഹസ്തങ്ങൾ നമ്മുടെ നാടിനെ വരിഞ്ഞു മുറുക്കുമോ എന്ന ഭീതിയിൽ കഴിയുമ്പോൾ ആ സെക്രട്ടറിയും പ്രസിഡന്റും ആവർത്തിച്ചു ചോദിക്കുന്നു; 'ആർക്കെങ്കിലും എതിർപ്പുണ്ടോ, അഭിപ്രായങ്ങൾ ഉണ്ടോ' എന്ന്! എത്ര മനോഹരമാണ് ആ കാഴ്ച! രാഷ്ട്രത്തിന്റെയും സാമൂഹ്യ സംഘടനകളുടെയും സംവിധാനങ്ങളുടെയും നേതൃത്വം വഹിക്കുന്നവർ ഇങ്ങനെയായെങ്കിൽ എന്ന് നാം കൊതിച്ചു പോകുന്നു. ചുറ്റുമുള്ളവരുടെ അഭിപ്രായങ്ങൾ ആരായാനും അവരെ കൂടെ നിർത്തതാനും ആ കുരുന്നുകൾ നമ്മോട് പറയുന്നു. സാധ്യമാണെന്ന് അവർ കാണിച്ചു തരുന്നു. ഐക്യകണ്ഠമായ കയ്യടി നൽകുന്ന കുളിർമ വിവരണാതീതമാണ്.

കാൽപന്തു കളിയിൽ പന്തുമായി എതിർ ടീമിന് നേരെ കുതിക്കുന്ന കളിക്കാരനെ പോലെ പ്രധാനമാണ് ഗോളിയും. എതിർ ടീമിൽ നിന്ന് പറന്നു വരുന്ന പന്തിനെ തടുത്ത് നിർത്തി തങ്ങളുടെ ഗോൾവല കുലുങ്ങാതിരിക്കാൻ നിതാന്ത ജാഗ്രത പുലർത്തുന്ന ഗോളിയെ ആദരിച്ചതും മനോഹരമായി. സമൂഹത്തിലെ ഓരോ അംഗങ്ങൾക്കും അവരുടെതായ ഭാഗധേയം നിർവഹിക്കാനുണ്ടെന്നും അവർ പരിഗണിക്കപ്പെടേണ്ടവരും ആദരിക്കപ്പെടേണ്ടവരും ആണെന്നുമല്ലേ അത് നൽകുന്ന സന്ദേശം? ടീമിന്റെ ഒന്നിച്ചുള്ള പ്രയത്നമാണ് അവരുടെ വിജയത്തിന് നിദാനം. ഈ സന്ദേശം കുടുംബത്തിലും സമൂഹത്തിലും സംഘടനകളിലും ജോലിസ്ഥലങ്ങളിലും പൊതു ഇടങ്ങളിലും അടക്കം നാം ഇടപഴകുന്ന മുഴുവൻ മേഖലയിലും നടപ്പിലാക്കിയാൽ എത്ര നന്നായിരുന്നു!

ഇനി ആർക്കെങ്കിലും അഭിപ്രായങ്ങൾ പറയാനുണ്ടോ എന്ന ചോദ്യത്തിന് മറുപടിയായി എണീറ്റ് വന്ന കൊച്ചു കൂട്ടുകാരൻ സംസാരിക്കുവാൻ പ്രയാസപ്പെടുന്നു; മറ്റുള്ളവർ ചിരിക്കുന്നു. അതാ, ഉടൻ സെക്രട്ടറിയുടെ ഇടപെടൽ! 'അവന് സംസാരിക്കാൻ അൽപം പ്രയാസമുണ്ട്. അഭിപ്രായങ്ങൾ ചോദിച്ചപ്പോൾ അവനല്ലേ ആദ്യം വന്നത്.' ആ സന്നദ്ധതയെ പ്രോത്സാഹിപ്പിക്കണം. നോക്കൂ കൂടെയുള്ളവന്റെ പ്രയാസങ്ങൾ മനസ്സിലാക്കാനും അവനെ പ്രോത്സാഹിപ്പിക്കാനും ആ നിഷ്കളങ്ക മനസ്സിന് കഴിഞ്ഞിരിക്കുന്നു. പ്രയാസമനുഭവിക്കുന്നവരെ പ്രോത്സാഹിപ്പിക്കാനും മുഖ്യധാരയിലേക്ക് കൈപിടിച്ചുയർത്താനും അവർക്ക് താങ്ങും തണലുമാകാനും നമ്മിൽ എത്രപേർക്ക് സാധിക്കാറുണ്ട്? അത്തരക്കാർ അവഗണിക്കപ്പെടുകയോ അപമാനിക്കപ്പെടുകയോ ചെയ്യുമ്പോൾ ചേർത്ത് നിർത്താൻ നമുക്ക് സാധ്യമാവാറുണ്ടോ? ആ കുരുന്നുകൾക്ക് മുന്നിൽ നാം ചെറുതായിപ്പോകുന്നില്ലേ? നമ്മുടെ അഹന്ത അതിനല്ലേ നമ്മെ പ്രാപ്തമാക്കിയിട്ടുള്ളത്?

ജങ്ക് ഫുഡ്സും സ്വീറ്റ്സും പണവും ആരോഗ്യവും കവരുമ്പോൾ നമുക്ക് ക്രിയാത്മകമായ മേഖലയിലേക്ക് ആ പണം മാറ്റിവയ്ക്കാൻ സാധിക്കണം എന്നതും അവർ നൽകുന്ന സന്ദേശമാണ്. പണം ചെലവഴിക്കേണ്ടവർ മാത്രമല്ല ന്യൂജെൻ, മറിച്ച് സമ്പാദ്യ ശീലം വളർത്തിയെടുക്കുകയും അത് ക്രിയാത്മകമായ മേഖലയിൽ ഉപയോഗപ്പെടുത്താനും അവർക്ക് സാധിക്കേണ്ടതുണ്ടെന്ന് കുട്ടികൾ പറയാതെ പറയുന്നു. എത്ര മനോഹരവും ചിന്തോദ്ദീപകവുമായ നിർദേശം! കുടുംബത്തിന്റെ സാമ്പത്തിക നിലവാരം അനുസരിച്ചല്ല കൂടെയുള്ളവർ പരിഗണിക്കപ്പെടേണ്ടതെന്നും മറിച്ച് എല്ലാവരുടെയും ഭാഗധേയം നിർവഹിക്കാനുള്ള അവസരം നൽകേണ്ടതുണ്ടെന്നും അവർ നമ്മോട് പറയുന്നു. കുട്ടികൾക്ക് അമിതമായി പണം നൽകി അവരെ തിന്മകളിലേക്ക് തള്ളിവിടുന്ന മാതാപിതാക്കൾക്കും ഇത് വെളിച്ചമാവേണ്ടതുണ്ട്.

എല്ലാറ്റിനും ഉപരി ഒരു മനുഷ്യന്റെ വളർച്ചയും വികാസവും സാമൂഹിക, ബൗദ്ധിക, വൈകാരിക തലങ്ങളിൽ ഉള്ളതാണ്. ഇത് മൂന്നും ഒരേപോലെ പരിഗണിക്കപ്പെടുകയും പ്രോത്സാഹിപ്പിക്കപ്പെടുകയും വേണ്ടതണ്. ഏതെങ്കിലും ഒരു ഘടകത്തോട് നാം പുലർത്തുന്ന അമിത പരിഗണന അയാളു

**നാട്ടിൻ പുറങ്ങളിലെ നന്മയും സഹവർത്തിത്വവും നിഷ്കളങ്ക സ്നേഹവും കുഞ്ഞുങ്ങൾ വരച്ചു കാണിക്കുന്നു. മൊബൈൽ ഫോണുകളും സാമ്പത്തിക ഭദ്രതയും പുതുതലമുറയെ നശിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ടിക്ടോക്കും മൊബൈൽ ഗെയിമുകളും ലഹരിവസ്തുക്കളുമൊക്കെ അവരുടെ സമയവും സമ്പത്തും ആരോഗ്യവും കവർന്നെടുക്കുകയാണ്. ക്രിയാത്മകമായ ഇടപെടലുകൾക്ക് മാത്രമെ ഇത്തരം ദുരന്തങ്ങളിൽ നിന്ന് അവരെ മോചിപ്പിക്കാൻ സാധിക്കുകയുള്ളൂ. കളിയും വിനോദവും ആത്മാർഥ സൗഹൃദങ്ങളുടെ ഇടങ്ങളും വീണ്ടെടുക്കേണ്ടതുണ്ട്.**

ടെ വ്യക്തിവൈകല്യത്തിന് കാരണമാകും. പലപ്പോഴും നമ്മുടെ സമൂഹം കുട്ടികളുടെ ബൗദ്ധിക നിലവാരത്തെ കുറിച്ചു മാത്രമാണ് ആശങ്കപ്പെടാറുള്ളത്. അതിന്റെ വളർച്ചക്ക് വേണ്ടി കിണഞ്ഞു പരിശ്രമിക്കും. ഫലമോ അവന്റെ വൈകാരിക സാമൂഹിക തലങ്ങൾ ദുർബലമാവും. അത്കൊണ്ട് തന്നെ അവന്റെ വൈകല്യങ്ങൾ സമൂഹത്തിന് വലിയ നഷ്ടങ്ങൾ വരുത്തിവയ്ക്കും. അയാൾ വിദ്യാസമ്പന്നനല്ലേ, എന്നിട്ടും എങ്ങനെയീ ക്രൂരത ചെയ്തു എന്ന് നാം പലപ്പോഴും ചോദിക്കാറുണ്ട്. ഉത്തരം ലളിതം. അവന്റെ വൈകാരിക, സാമൂഹിക വളർച്ചയിൽ ചുറ്റുമുള്ളവർ ശ്രദ്ധിച്ചില്ല. അല്ലെങ്കിൽ ആ തലങ്ങൾ അവഗണിക്കപ്പെട്ടു. വിദ്യാസമ്പന്നർ ചെയ്യുന്ന അഴിമതിയും ക്രൂരകൃത്യങ്ങളും സമൂഹദ്രോഹ നടപടികളും ഈ അവഗണനയുടെ പരിണിത ഫലമാണ്. നടേ സൂചിപ്പിച്ച മൂന്ന് തലങ്ങളും ഒരേപോലെ പരിഗണിക്കുക മാത്രമാണ് ഇത്തരം ദുരന്തങ്ങൾകുള്ള പരിഹാരം. അതിനുള്ള അവസരങ്ങൾ സൃഷ്ടിക്കാൻ സമൂഹം തയ്യാറാവണം. മാർക്ക് ഷീറ്റുകളിലെ സംഖ്യാവലിപ്പം അഭിമാനമായി കാണുന്നവരാണ് മലയാളികൾ. നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ പോരായ്മയും അത് തന്നെ. ഒരു വിദ്യാർഥിയുടെ കഴിവുകൾ വളർത്തിയെടുക്കാനും അവന്റെ വൈകാരിക, സാമൂഹിക തലങ്ങളിലെ വളർച്ചക്ക് ഉതകുന്ന പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കനും ഭരണകൂടവും സമൂഹവും തയ്യാറാവണം. വ്യത്യസ്ത കഴിവുകളുള്ളവരെ തങ്ങളുടെ താൽപര്യങ്ങൾക്കനുസരിച്ച് കെട്ടിയിട്ടു കളയാം എന്ന ചിന്ത നന്നല്ല. അവരുടെ കഴിവുകൾ കണ്ടെത്താനും അത് വളർത്തിയെടുക്കാനുമാണ് അധ്യാപകരും രക്ഷിതാക്കളും അടക്കമുള്ളവരും സമൂഹവും ചെയ്യേണ്ടത്. ക്ലാസ് മുറികളെക്കാൾ മനോഹരമായ കളിയിടങ്ങളും സാമൂഹ്യ പരിസരവും അറിവിന്റെ കേദാരമാണ്. അത് ഉപയോഗപ്പെടുത്തിന്നിടത്താണ് നാം വിജയിക്കുന്നത്. പുസ്തകത്താളുകൾക്കപ്പുറം അനുഭവങ്ങൾ സമ്മാനിക്കുന്ന പാഠങ്ങളാണ് കുട്ടികളുടെ ബുദ്ധിപരമായ വളർച്ചയെ സ്വാധീനിക്കുക.

പരിഗണിക്കപ്പെടേണ്ടതിനെ അവഗണിച്ചാൽ അതുണ്ടാക്കുന്ന ദുരന്തങ്ങളാണ് ദിനേന പത്ര, ദൃശ്യ മാധ്യമങ്ങളിലൂടെ നേടുവീർപ്പോടെ നാം വായിച്ചും കണ്ടും കേട്ടും തള്ളുന്നത്. അതിന്റെ ഇരകൾ നമ്മളൊക്കെയാണല്ലോ എന്നത് നമ്മെ ആശങ്കപ്പെടുത്താറുമില്ല. പരിഹാരങ്ങളെ കുറിച്ച് ആലോചിക്കാൻ പൊതു സമൂഹം കാണിക്കുന്ന വൈമനസ്യം വലിയ ദുരന്തങ്ങൾക്ക് കാരണമാകും. നാം വീട്ടിൽ തീർത്ത തടവറകളിൽ നിന്നും പുതുതലമുറയെ മോചിപ്പിക്കണം. അവർക്ക് സൗഹൃദം കൂടാനും കളിക്കാനും നാടിനെയും നാട്ടുകാരെയും അയൽപക്കങ്ങളെയും കൂട്ടുകാരെയും അറിയാനും അനുഭവിക്കാനും ആസ്വദിക്കാനും അവസരങ്ങൾ ഉണ്ടാവണം. പുസ്തകപ്പുഴുക്കളായി ജീവിച്ചാൽ അവർ സമൂഹത്തിലേക്ക് ഇറങ്ങുമ്പോൾ യാഥാർഥ്യങ്ങളുടെ മുന്നിൽ വിറങ്ങലിച്ചു പോകും. അന്തർമുഖരായി മാറും. സ്വാർഥ താൽപര്യങ്ങൾക്കായി എന്തും ചെയ്യാൻ തയ്യാറാകും. അതിന്റെ കാരണക്കാരായി നാം മാറരുത്.

നാട്ടിൻ പുറങ്ങളിലെ നന്മയും സഹവർത്തിത്വവും നിഷ്കളങ്ക സ്നേഹവും ഈ കുഞ്ഞുങ്ങൾ നമുക്ക് മുന്നിൽ വരച്ചു കാണിക്കുന്നു. മൊബൈൽ ഫോണുകളും സാമ്പത്തിക ഭദ്രതയും ന്യൂജെൻ എന്ന ഓമനപ്പേരിൽ നാം വിളിക്കുന്ന പുതുതലമുറയെ നശിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ടിക്ടോക്കും മൊബൈൽ ഗൈമുകളും പോണോഗ്രഫിയും ലഹരിവസ്തുക്കളുമൊക്കെ അവരുടെ സമയവും സമ്പത്തും ആരോഗ്യവും കവർന്നെടുക്കുകയാണ്. ക്രിയാത്മകമായ ഇടപെടലുകൾക്ക് മാത്രമെ ഇത്തരം ദുരന്തങ്ങളിൽ നിന്ന് അവരെ മോചിപ്പിക്കാൻ സാധിക്കുകയുള്ളൂ. കളിയും വിനോദവും ആത്മാർഥ സൗഹൃദങ്ങളുടെ ഇടങ്ങളും വീണ്ടെടുക്കേണ്ടതുണ്ട്.

കുട്ടികൾ മണ്ണിലിറങ്ങട്ടെ. ആളുകളുമായി ഇടപഴകട്ടെ. മൊബൈലിൽനിന്നും തലയുയർത്തി മുഖത്തുനോക്കി സംസാരിക്കട്ടെ. ആയിരങ്ങൾ കൊടുത്ത് പങ്കെടുക്കുന്ന മോട്ടിവേഷൻ ക്ലാസുകളെക്കാൾ എത്രയോ ഇരട്ടി ഗുണം അതിലൂടെ ലഭിക്കും. ആ കൊച്ചു കാൽപന്തുകളിക്കാരുടെ മീറ്റിംഗ് ഉയർത്തിവിട്ട ചിന്തകൾ പുതലമുറക്ക് ഗുണകരമായി ഭവിക്കട്ടെ എന്ന് പ്രത്യാശിക്കുന്നു. ●

# ബാബരിവിധി: മാനദണ്ഡമാക്കരുത്
## വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ

ബാബരി മസ്ജിദ് വിഷയത്തിൽ ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ നിന്ന് വന്നിട്ടുള്ള വിധി പ്രശ്ന പരിഹാരത്തിനുള്ള ഒരു ഒത്തുതീർപ്പ് ഫോർമുലയായിട്ടാണ് ബോധ്യപ്പെടുന്നതെന്നും അത് മറ്റു കേസുകളിൽ മാനദണ്ഡമാക്കരുതെന്നും വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ പ്രസിഡന്റ് പി.എൻ അബ്ദുലത്തീഫ് മദനി, ജനറൽ സെക്രട്ടറി ടി.കെ അശ്‌റഫ് എന്നിവർ പ്രസ്താവനയിൽ അറിയിച്ചു.

സുപ്രീം കോടതിയിൽ നിന്നും ആശാവഹമായ വിധിയായിരുന്നു മതേതര സമൂഹം പ്രതീക്ഷിച്ചിരുന്നത്. മിത്തുകൾക്കതീതമായി വസ്തുതകളും തെളിവുകളും പരിഗണിച്ചുകൊണ്ട് വിഷയങ്ങൾ കൈകാര്യം ചെയ്യപ്പെടുന്ന രീതിയാണ് വിവിധ മതവിഭാഗങ്ങൾ ഒന്നിച്ചു ജീവിക്കുന്ന നമ്മുടെ രാജ്യത്ത് പാലിക്കപ്പെടേണ്ടത്. പതിറ്റാണ്ടുകളായി നിലനിൽക്കുന്ന തർക്കം അവസാനിപ്പിക്കുക എന്ന സുപ്രീം കോടതിയുടെ സദുദ്ദേശ്യത്തെ മാനിക്കുന്നു. എന്നാൽ ഈ വിധിയുടെ മറപിടിച്ച് മറ്റു തർക്കങ്ങൾക്കും വ്യവഹാരങ്ങൾക്കും സാധ്യതയില്ലാതിരിക്കാൻ ജാഗ്രതയുണ്ടാകണം. മതേതര ജനാധിപത്യ രാജ്യത്ത് മത ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തണം.

വിധിയെ അനുകൂലിച്ചും പ്രതികൂലിച്ചും സംഘം ചേർന്നുള്ള പ്രതികരണങ്ങൾ ദോഷം മാത്രമെ വരുത്തുകയുള്ളൂ. വിധി പ്രതികൂലമായിട്ടും മുസ്‌ലിം സമുദായത്തിൽ നിന്ന് സമചിത്തതയോടെയുള്ള നിലപാടുകളുണ്ടായത് പ്രത്യേകം പ്രസ്താവ്യമാണന്നും നേതാക്കൾ കൂട്ടിച്ചേർത്തു. വർഷങ്ങളായി വർഗീയ ധ്രുവീകരണത്തിന് വേണ്ടി ബാബരി പ്രശ്നം ഉയർത്തിക്കൊണ്ട് വരുന്ന പ്രവണത ഈ വിധിയോട് കൂടി അവസാനിപ്പിക്കണം. കോടതി കണ്ടെത്തിയ കുറ്റങ്ങൾക്ക് കാരണമായവരെ നിയമത്തിന് മുന്നിൽ കൊണ്ടുവരാനും ബന്ധപ്പെട്ടവർ മുൻകയ്യെടുക്കണം. വിധി വിവേകത്തോടെ സമഗ്രമായി വിലയിരുത്തപ്പെടണം. വിധിയുമായി ബന്ധപ്പെട്ട് മറ്റു മുസ്‌ലിം സംഘടനകളുമായി ആശയവിനിമയം നടത്തുമെന്നും വിസ്ഡം നേതാക്കൾ പ്രസ്താവനയിൽ അറിയിച്ചു.

### ‘ക്വുർആൻ ദൈവികം, കാലികം’
# ഡയലോഗ് 02, ഡിസംബർ 1ന് കണ്ണൂരിൽ

മതങ്ങൾക്കും ദർശനങ്ങൾക്കും മതഗ്രന്ഥങ്ങൾക്കും പഞ്ഞമില്ലാത്ത നാടാണ് നമ്മുടേത്. ഓരോരുത്തരും തങ്ങളുടെ ആദർശത്തെക്കാൾ ഉന്നതമായ മറ്റൊന്നില്ല എന്ന് കരുതുകയും ചെയ്യുന്നു. ഇതര മതസ്ഥരുടെ ആദർശത്തെയോ അവരുടെ ഗ്രന്ഥങ്ങളെയോ കുറിച്ച് പഠനം നടത്തുന്നവർ തുലോം വിരളമാണ്. പഠിക്കാതെ അന്ധമായി വിമർശിക്കുകയും എതിർക്കുകയും ചെയ്യുന്നവരാകട്ടെ ധാരാളവും.

മുഹമ്മദ് നബിﷺയിലൂടെ ലോക സ്രഷ്ടാവ് മാനവ സമൂഹത്തിന് നൽകിയ മാർഗദർശന ഗ്രന്ഥമാണ് വിശുദ്ധ ക്വുർആൻ. പ്രവാചകൻ രചിച്ച ഒരു ഗ്രന്ഥമല്ല ക്വുർആൻ. എഴുത്തും വായനയുമറിയാത്ത ഒരു മനുഷ്യന്റെ നാവിലൂടെ വരുന്ന വാക്കുകളും ആശയങ്ങളുമല്ല ക്വുർആനിലുള്ളത്. ശുദ്ധ ശൂന്യതയിൽ നിന്നും മനുഷ്യനെ സൃഷ്ടിച്ചവൻ മരണാനന്തര ജീവിതത്തിൽ രക്ഷയും ശിക്ഷയും നൽകാൻ കഴിവുള്ളവനാണെന്ന് ക്വുർആൻ സമർഥിക്കുന്നു. സ്രഷ്ടാവ് നമുക്കു നൽകുന്ന എണ്ണമറ്റ അനുഗ്രങ്ങൾക്കുള്ള പ്രധാനപ്പെട്ട നന്ദി സ്രഷ്ടാവ് മാത്രമാണ് ആരാധ്യൻ എന്ന യഥാർഥ വിശ്വാസം അംഗീകരിച്ചു പ്രാവർത്തികമാക്കലാണ്. പലിശ, ലഹരി, വ്യഭിചാരം, സ്വവർഗരതി, കൊലപാതകം, ധാർമിക മൂല്യങ്ങളെ നിരാകരിക്കൽ തുടങ്ങിയവയെ എതിർക്കുക മാത്രമല്ല, അവയെ ഇല്ലാതാക്കുവാനുള്ള വ്യക്തമായ മാർഗങ്ങൾ കൂടി ക്വുർആൻ മുന്നോട്ട് വെക്കുന്നു. സാമൂഹിക ജീവിതത്തിൽ ക്രിയാത്മകമായ ഇടപെടലുകൾ നടത്താനും അഗതികളെയും അനാഥരെയും ആവശ്യക്കാരെയും പരിഗണിച്ച് അവർക്ക് വേണ്ട സഹായങ്ങൾ ചെയ്തു കൊടുക്കുവാനും ക്വുർആൻ അതിന്റെ അനുയായികളോട് ആഹ്വാനം ചെയ്യുന്നു.

‘വിശുദ്ധ ക്വുർആൻ ദൈവികം, കാലികം’ എന്ന വിഷയത്തിൽ വിസ്ഡം ഇസ്‌ലാമിക് യൂത്ത് ഓർഗനൈസേഷൻ ഡയലോഗ് 02 എന്ന പേരിൽ ഡിസംബർ 1ന് കണ്ണൂർ കളക്ട്രേറ്റ് മൈതാനിയിൽ മഹത്തായ ഒരു സമ്മേളനം നടക്കാൻ പോകുകയാണ്.(ഇൻശാ അല്ലാഹ്). ക്വുർആനിനെക്കുറിച്ചുള്ള മുൻവിധികൾ മാറ്റിവെച്ച് പഠിക്കുവാനും മനസ്സിലാക്കുവാനുമുള്ള ഒരു അവസരം. ക്വുർആനുമായി ബന്ധപ്പെട്ട സംശയങ്ങൾ, വിമർശനങ്ങൾ, ആരോപണങ്ങൾ തുടങ്ങിയവക്ക് പ്രമാണബദ്ധമായ വിശദീകരണങ്ങളും മറുപടികളും നൽകുന്ന പരിപാടിക്ക് പ്രഗത്ഭ പണ്ഡിതന്മാർ നേതൃത്വം നൽകും.

ഇബ്നു അലി എടത്തനാട്ടുകര
ibnualiekara@gmail.com



# വിയർപ്പിനെ വെറുക്കുന്നവർ

അരോഗദൃഢഗാത്രയായ ഒരു ചെറുപ്പക്കാരി മുറ്റത്തു വന്ന് ഭിക്ഷയാചിച്ചു. വീടിന് മുന്നിൽ വെറ്റില മുറുക്കി ഇരിക്കുന്ന, എന്റെ അടുത്ത ബന്ധുവായ മുതിർന്ന സ്ത്രീക്ക് അതൊട്ടും പിടിച്ചില്ല. അവർ വീടിന്റെ പുറംതിണ്ണയുടെ മൂലയിലുള്ള ചൂല് ചൂണ്ടിക്കാണിച്ച് മുറ്റം മുഴുവൻ അടിച്ചു വൃത്തിയാക്കിയാൽ കൂലിയായി കാശ് തരാം എന്ന് പറഞ്ഞു. എന്നാൽ അവരെ പുച്ഛഭാവത്തിൽ നോക്കി അമർത്തിച്ചവിട്ടി ചെറുപ്പക്കാരി തിരിഞ്ഞു നടക്കുകയായിരുന്നു.

അധ്വാനിക്കാതെ, വിയർക്കാതെ പണം സംഘടിപ്പിച്ച് ജീവിക്കുക എന്നത് പലരുടെയും ദൗർബല്യമായി മാറിയിരിക്കുന്നു എന്ന് ഇത് പോലുള്ള സംഭവങ്ങൾ വിളിച്ചു പറയുന്നു.

സമ്പന്നരുടെ വീട്ടിൽ ഇടയ്ക്കിടെ പോയി കൊച്ചുവർത്തമാനം പറഞ്ഞ്, ഒപ്പം 'മുതലാളി'ക്ക് ഇഷ്ടമില്ലാത്ത ആളെക്കുറിച്ച് രണ്ട് കുറ്റവും പറഞ്ഞ് രസിപ്പിച്ച് തിരിച്ചു പോകുമ്പോൾ കൈമടക്ക് വാങ്ങിപോക്കറ്റിലിടുന്ന ചില വിരുതന്മാരുണ്ട്.'

വേറെ ചിലരുണ്ട്; വിദേശത്തു നിന്ന് നാട്ടിലെത്തുന്ന പ്രവാസികളുടെ വീട്ടിൽ യഥാസമയത്ത് എത്തി വർത്തമാനം പറഞ്ഞു സന്തോഷിപ്പിക്കും. ഒടുക്കം അഥവാ പണമൊന്നും കിട്ടിയില്ലെങ്കിൽ ഇത്ര രൂപ ഇന്ന ആവശ്യത്തിന് വേണമെന്ന് ചോദിച്ചു വാങ്ങുകയും ചെയ്യും. കൊടുത്തില്ലെങ്കിൽ മറ്റുള്ളവരോട് തന്നെക്കുറിച്ച് മോശമായി പറഞ്ഞു കൊടുക്കും എന്ന പേടി ഉള്ളത് കൊണ്ട് പണം നൽകി തൃപ്തിപ്പെടുത്തി മടക്കിയയക്കുകയാണ് പ്രവാസികളുടെ പതിവ്.

ഭാര്യക്കോ മക്കൾക്കോ ജോലിയുണ്ടെങ്കിൽ അവരുടെ ചെലവിൽ മാത്രം ജീവിക്കാൻ ശ്രമിക്കുന്ന ചിലരുണ്ട്. പ്രായംകൊണ്ടോ ആരോഗ്യംകൊണ്ടോ ഒരു പ്രയാസവും ഇല്ലാത്ത ഇവർ ജോലി ചെയ്യാതിരിക്കാൻ എന്തെങ്കിലും അസുഖം അഭിനയിക്കുകയാണ് പതിവ്.

'മതവേഷം' കെട്ടി ദിക്റുകളെ ഉപജീവന മാർഗമായി ഉപയോഗിച്ച് നടക്കുന്ന ചിലരുണ്ട്. ഏതെങ്കിലും സ്ഥാപനത്തിന്റെ പേരിലും പിരിവ് നടത്താൻ മടിക്കില്ല ഇവർ. മുമ്പ് ജോലി ചെയ്തിരുന്ന പ്രദേശങ്ങളിൽ ഇടവിട്ട് ചെന്ന് പ്രമുഖരെ കണ്ട് കാശൊപ്പിക്കുന്നവരാണ് മറ്റു ചിലർ.

കൂട്ടുകാരിലും ബന്ധുക്കളിലും സാമ്പത്തിക സുസ്ഥിതിയുള്ളവരെ സമർഥമായി ഉപയോഗിക്കുന്ന മറ്റൊരു കൂട്ടരുണ്ട്. ഇടയ്ക്കിടെ കടം വാങ്ങി തിരികെ കൊടുക്കാതിരിക്കുക എന്നതാണ് പതിവ് ശൈലി. ചിലപ്പോൾ പുതിയ ആശയങ്ങൾ അവതരിപ്പിച്ച് സംരംഭം തുടങ്ങാൻ എന്ന് പറഞ്ഞു പണം കൈപ്പറ്റും; വൈകാതെ തിരികെ കൊടുക്കാം എന്ന ഉറപ്പിൽ. പണം കിട്ടാൻ പല സമ്മർദങ്ങളും പ്രയോഗിക്കും ഇവർ. എന്നാൽ ചുരുങ്ങിയ കാലം കൊണ്ട് അവരാ സംരംഭം പൊളിക്കും. ഇത്തരക്കാർ മേലനങ്ങി ജോലി ചെയ്യാനൊന്നും മിനക്കെടില്ല, അവർ ബോസ് ആയിരിക്കും. തന്റെതായി അരക്കാശ് പോലും നഷ്ടപ്പെടാനില്ല എന്നതിനാൽ അവർക്ക് യാതൊരു വിഷമവും ഉണ്ടാവുകയും ഇല്ല. പൊളിഞ്ഞ് പാളീസായ അവസ്ഥയിൽ ആരും പണം തിരികെ ചോദിക്കില്ല, ചോദിച്ചാലും കിട്ടില്ല എന്ന് ഉറപ്പാണല്ലോ. അഥവാ ചോദിച്ചാലും എവിടെ നിന്ന് എടുത്ത് തരും എന്നാവും മറുചോദ്യം.

കൊല്ലങ്ങൾക്ക് മുമ്പ്, അയൽ സംസ്ഥാനത്ത് നിന്ന് ഗ്രാനൈറ്റ് വാങ്ങി വിൽക്കാൻ രജിസ്ട്രേഷന് വേണ്ടി രണ്ട് പേർ വന്നത് ഓർക്കുന്നു. ഒരാൾ വശം പണമുണ്ട്, രണ്ടാമന് നീണ്ട നാവും ആളെ സംസാരിച്ച് വശത്താക്കാനുള്ള സവിശേഷ കഴിവും. ക്രാന്തദർശിയായ എന്റെ അന്നത്തെ ഓഫിസർ പറഞ്ഞു, ആ സാമർഥ്യക്കാരൻ മറ്റവനെ പറ്റിക്കുമെന്ന്. മാസങ്ങൾക്കുള്ളിൽ അപ്പറഞ്ഞത് ശരിയായി ഭവിച്ചു. കാശു മുടക്കിയ പാവത്തിന് കുറെ നഷ്ടവും വരുത്തിവച്ച് മറ്റെയാൾ മുങ്ങി.

വാങ്ങുന്ന കൈകൾ എപ്പോഴും താഴെയാണ്. അത് അത്ര മേൻമയുള്ള കാര്യമൊന്നുമല്ല. അധ്വാനിച്ച് വിയർത്ത് സമ്പാദിച്ചത് കൊണ്ട് ജീവിക്കുന്നതിന്റെ സംതൃപ്തിയും മാന്യതയും മറ്റൊന്നിനും ലഭിക്കില്ല.

നബിﷺ പറഞ്ഞു: "സ്വന്തം കൈകൾകൊണ്ട് അധ്വാനിച്ച് ആഹരിക്കുന്നതിനെക്കാൾ ഉത്തമമായി ആരും ഭക്ഷണം കഴിക്കുന്നില്ല. അല്ലാഹുവിന്റെ പ്രവാചകൻ ദാവൂദ്(അ) സ്വന്തം അധ്വാനത്തിലൂടെയാണ് ആഹരിച്ചിരുന്നത്" (ബുഖാരി)

# വിശുദ്ധ ക്വുർആൻ
# ദൈവികം, കാലികം

WISDOM

# ഡയലോഗ്
2.0

2019
ഡിസംബർ
**1**
ഞായർ 4.15 PM

## കണ്ണൂർ
കളക്ടറേറ്റ് മൈതാനം

കുഞ്ഞി മുഹമ്മദ് മദനി പറപ്പൂർ • ടി.കെ അശ്റഫ്
ഫൈസൽ മൗലവി • സ്വാദിഖ് മദീനി • ഹാരിസ് ബ്ൻ സലീം
സി.പി സലീം • ശമീർ മദീനി • കെ സജ്ജാദ് • അബ്ദുൽ മാലിക് സലഫി
താജുദ്ദീൻ സ്വലാഹി • സി മുഹമ്മദ് അജ്മൽ • അബ്ദുല്ല ബാസിൽ സി.പി

peaceradio
Tune to reality

WISDOM YOUTH

CV Complex, PV Sami Road
Kozhikode - 673002
0495-4019437

RNI NO: KERMAL 2015/64152
Registered NO:
KL/CT/225/2019-21

Nerpatham Weekly
Published on
23 NOVEMBER 2019

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2019-21
Price: ₹12/-

# നാലാം വയസ്സിലേക്ക്...

WISDOM
ISLAMIC ORGANIZATION



ഒറ്റ പ്രതി ₹12

വാർഷിക വരിസംഖ്യ: ₹624

പ്രചാരണ മാസത്തിൽ: ₹550

നേരിന്റെ വരമൊഴി

# നേർപഥം

വാരിക

പ്രമാണങ്ങൾക്കൊപ്പം || ഗുണകാംക്ഷയുടെ ശബ്ദം || നേരിന്റെ ആർജ്ജവം || വേറിട്ട വായനാനുഭവം

## വരി ചേരുക, വായിക്കുക...

## പ്രചാരണ മാസം
## 2019 നവംബർ: 15 - ഡിസംബർ: 15

#Nerpathamweekly

Circulation Manager | Nerpatham Weekly | PB No: 597 | EKP Complex | Kallai Road | Kozhikkode 2
Kerala | India | Ph: 0495 4019437 | +91 92075 25244 | mail@nerpatham.com | www.nerpatham.com